## പതിനാറാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

2026 ഒക്ടോബര്‍ 12, തിങ്കള്‍

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങള്‍

**[ആകെ ചോദ്യങ്ങള്‍--344]**

| മറുപടി നല്‍കുന്ന മന്ത്രിമാര്‍ | ചോദ്യ നമ്പര്‍ |
|---|---|
| മുഖ്യമന്ത്രി | : 1 മുതല്‍ 142 വരെ |
| ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി | : 143 മുതല്‍ 250 വരെ |
| ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി | : 251 മുതല്‍ 284 വരെ |
| തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി | : 285 മുതല്‍ 344 വരെ |

### ക്ലാര്‍ക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാര്‍ക്ക്(വിവിധ വകുപ്പുകള്‍) തസ്തികയിലെ വിജ്ഞാപനം

1 **ശ്രീ. അന്‍വര്‍ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) വിവിധ വകുപ്പുകളില്‍ നിലവിലുള്ള ക്ലാര്‍ക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാര്‍ക്ക് തസ്തികകള്‍ സംബന്ധിച്ച് പ്രവൃത്തി പഠനം നടത്തിയ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആര്‍.) വകുപ്പ് പ്രവൃത്തി പഠനം പൂര്‍ത്തിയാക്കി റിപ്പോര്‍ട്ട് സമര്‍പ്പിച്ചിട്ടുണ്ടോ; എങ്കില്‍ ആയതിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കില്‍ പ്രവൃത്തി പഠനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള പി.എസ്.സി. വിജ്ഞാപനം വര്‍ഷങ്ങളായി തടസ്സപ്പെട്ടിട്ടുള്ളത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ?

### ഇ ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച്

2 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ പരാതികൾ സമർപ്പിക്കുന്ന പൊതുജനങ്ങൾക്ക് ഇ -ഓഫീസ് എന്ന സോഫ്റ്റ് വെയർ വഴി അവരുടെ പരാതികൾ സംബന്ധിച്ച വിവരം ലഭ്യമാക്കിയിരുന്നത് ഇപ്പോൾ ലഭിക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ;

(ബി) ഇ-ഓഫീസ് സംവിധാനം നടപ്പിലായ വകുപ്പുകളിൽ ഇത്തരത്തിൽ പൊതുജനങ്ങൾക്ക് പരാതിയുടെ വിവരം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) സാമാജികർക്ക് ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ഇ-ഓഫീസ് സൈറ്റിൽ നിന്നും ലഭിക്കുവാൻ പ്രത്യേക യൂസർനെയിം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) സെക്രട്ടേറിയറ്റിലെ വിവിധ ഓഫീസ് സെക്ഷനുകളിൽ ലഭിക്കുന്ന തപാലുകൾ ഉടൻ സെക്ഷനുകളിൽ എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ; നിയമസഭാസാമാജികരുടെ കത്തുകൾ ഉൾപ്പെടെയുള്ള തപാലുകൾ രണ്ടും മൂന്നും ദിവസം കഴിഞ്ഞു മാത്രമാണ് തപാൽ നമ്പരിടുന്നത് എന്നുള്ള കാര്യം പരിശോധിക്കുമോ;

(ഇ) നിയമസഭാസാമാജികരുടെ കവറിങ്ങ് ലെറ്റർ ഉൾപ്പെടെ നൽകുന്ന തപാലുകൾ അടിയന്തരമായി തപാൽ നമ്പരിടുവാൻ നടപടി സ്വീകരിക്കുമോ?

## <u>നവകേരള സദസ്സുമായി ബന്ധപ്പെട്ട്</u>

3 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സുമായി ബന്ധപ്പെട്ട് കുന്നംകുളം നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ചതോ പരിഗണനയ്ക്കായി തിരഞ്ഞെടുത്തതോ ആയ വികസന പദ്ധതികൾ/പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) മേൽപറഞ്ഞ ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി വിശദമാക്കുമോ?

## <u>കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (വിവിധ വകുപ്പുകൾ), റിപ്പോർട്ടർ ഗ്രേഡ് 2 (മലയാളം) പോലീസ് വകുപ്പ് എന്നീ തസ്തികകളിലെ നിയമനം</u>

4 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 521/2024 - കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (വിവിധ വകുപ്പുകൾ), കാറ്റഗറി നമ്പർ 271/2025 - റിപ്പോർട്ടർ ഗ്രേഡ് 2 (മലയാളം) പോലീസ് വകുപ്പ് എന്നീ തസ്തികകളിലെ റാങ്ക് ലിസ്റ്റ് റദ്ദായി മാസങ്ങൾ കഴിഞ്ഞിട്ടും പി.എസ്.സി.പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തസ്തികകളിൽ എത്രയും വേഗം പുതിയ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (വിവിധ വകുപ്പുകൾ) തസ്തികയിൽ ഡിക്റ്റേഷൻ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ച് ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റുകളുടെ കാലാവധി അവസാനിച്ച ജില്ലകളിൽ പുതിയ റാങ്ക് ലിസ്റ്റുകൾ എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) റിപ്പോർട്ടർ ഗ്രേഡ് 2 (മലയാളം) പോലീസ് വകുപ്പ് തസ്തികയിൽ എത്രയും വേഗം ഡിക്റ്റേഷൻ പരീക്ഷ നടത്തി ഫലം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത തസ്തികയിലെ റാങ്ക് ലിസ്റ്റ് 06.01.2025ന് കാലാവധി കഴിഞ്ഞിട്ടുള്ളതിനാൽ എത്രയും വേഗം പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിലവിലുള്ള ഒഴിവുകളിൽ നിയമന നടപടികൾ ആരംഭിക്കുമോ; വ്യക്തമാക്കുമോ?

**<u>നൂറുദിന കർമ്മ പദ്ധതി</u>**

5 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറുദിന കർമ്മദിന പദ്ധതിയിൽ ആകെ ലക്ഷ്യമിട്ട പദ്ധതികൾ എത്രയെന്നും അവയിൽ എത്ര എണ്ണം പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കാത്തവയുണ്ടെങ്കിൽ ആയതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കുമോ;

(ബി) ഇനിയും തുടങ്ങാത്ത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് പുരോഗമിച്ചു കൊണ്ടിരുന്ന എത്ര പദ്ധതികളാണ് നൂറുദിന കർമ്മ പദ്ധതിയിൽ പൂർത്തിയാക്കിയതെന്നും

നൂറുദിനത്തിൽ ഉൾപ്പെടുത്തുന്നതിന് മുൻപ് അവയുടെ നിർമ്മാണം/ പൂർത്തീകരണം എത്ര ശതമാനം പൂർത്തിയാക്കിയിരുന്നുവെന്നും വ്യക്തമാക്കുമോ;പ്രസ്തുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

**<u>മന്ത്രിമാരുടെ വിദേശയാത്ര</u>**

6 **ശ്രീ. നാട്ടകം സുരേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21, 2021-26 സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയും മന്ത്രിമാരും നടത്തിയ വിദേശ യാത്രകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഈ കാലയളവിലെ യാത്രയിൽ അവരെ അനുഗമിച്ചവരുടെ വിശദവിവരം ലഭ്യമാക്കുമോ; ഓരോ യാത്രയുടെയും ഉദ്ദേശലക്ഷ്യങ്ങൾ,യാത്രാകാലയളവ് എന്നിവ വ്യക്തമാക്കുമോ;

(സി) പ്രസ്തുത യാത്രകളുടെ ഭാഗമായി യാത്രാ ചെലവ്, താമസ സൗകര്യം, ഭക്ഷണം എന്നീ ഇനങ്ങളിൽ ചെലവായ തുക പ്രത്യേകം ലഭ്യമാക്കുമോ; പ്രസ്തുത യാത്രകൾക്ക് ഏതെങ്കിലും സ്പോൺസർമാർ ഉണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ?

**<u>മുൻ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും നടത്തിയ വിദേശ യാത്രകൾ</u>**

7 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ഔദ്യോഗികമായും അനൗദ്യോഗികമായും എത്ര വിദേശയാത്രകൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത യാത്രകൾക്കായി സർക്കാർ ഖജനാവിൽ നിന്നും ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ഇത്തരം യാത്രകൾ ഏതെങ്കിലും വ്യക്തികളോ സംഘടനകളോ സ്പോൺസർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**<u>ക്ലിഫ് ഹൗസ് ഉൾപ്പെടെയുള്ള മന്ത്രി മന്ദിരങ്ങളിലെ അറ്റകുറ്റപ്പണി</u>**

8 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ലിഫ് ഹൗസ് ഉൾപ്പെടെയുള്ള മന്ത്രി മന്ദിരങ്ങളിൽ അറ്റകുറ്റപ്പണി നടത്തുന്നതിനും മോടി പിടിപ്പിക്കുന്നതിനും ഫർണ്ണിച്ചറുകളും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിനും വന്ന ചെലവ് എത്രയെന്ന് ഇനം തിരിച്ച് അറിയിക്കുമോ;

(ബി) മന്ത്രി ഓഫീസുകളിൽ അറ്റകുറ്റപണി നടത്തുന്നതിനും ഫർണ്ണിച്ചർ വാങ്ങുന്നതിനും മറ്റുമായി അനുവദിച്ച തുക എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

<u>**മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും വിദേശയാത്രകൾ**</u>

9 **ശ്രീ. എം. വിൻസെന്റ്**

**ശ്രീ. ടോണി ചമ്മണി**

**ശ്രീ. വി. എസ്. ജോയി**

**ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നും രണ്ടും പിണറായി സർക്കാരുകളുടെ കാലയളവിൽ മുഖ്യമന്ത്രിയും മന്ത്രിമാരും എത്ര വിദേശയാത്രകൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ രാജ്യങ്ങളാണ് സന്ദർശിച്ചിട്ടുള്ളത്; ഓരോ യാത്രയിലും മുഖ്യമന്ത്രിയെയും മന്ത്രിമാരെയും എത്രപേർ അനുഗമിച്ചിട്ടുണ്ട്; ആരൊക്കെയാണ് അനുഗമിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ യാത്രയിലും മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും യാത്ര സംഘത്തിൽ ഉൾപ്പെട്ട മറ്റുള്ളവരുടെയും യാത്ര ചെലവ്, ഭക്ഷണ ചെലവ്, താമസ ചെലവ് ഉൾപ്പെടെയുള്ള വിവിധ ചെലവുകൾക്കായി എത്ര തുക ചെലവഴിച്ചു എന്നത് ഇനം തിരിച്ചു വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ യാത്രകൾക്ക് സ്പോൺസർമാർ ഉണ്ടായിരുന്നോ; ഉണ്ടെങ്കിൽ ഓരോ യാത്രയുടെയും സ്പോൺസർമാർ ആരായിരുന്നു എന്നും അവരുടെ വിശദാംശങ്ങളും എത്ര തുക സ്പോൺസർമാർ മേൽപ്പറഞ്ഞ ചെലവിനങ്ങളിൽ ചെലവഴിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ?

<u>**ഹെലികോപ്റ്റർ യാത്ര**</u>

10 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീമതി ഉഷ വിജയൻ**

**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21, 2021 -26 സർക്കാരുകളുടെ കാലയളവിൽ മുഖ്യമന്ത്രിയും മന്ത്രിമാരും ഹെലികോപ്റ്ററിൽ യാത്ര നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത യാത്രയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം എത്ര ഔദ്യോഗിക യാത്രകൾ നടത്തിയിട്ടുണ്ട്; എത്ര സ്വകാര്യ യാത്രകൾ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ ഹെലികോപ്റ്റർ യാത്രകൾക്കായി ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഇനം തിരിച്ച് വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഹെലികോപ്റ്റർ യാത്ര ആരെങ്കിലും സ്പോൺസർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്പോൺസറുടെ വിശദാംശം, സ്പോൺസർഷിപ്പ് തുകയുടെ വിശദാംശം എന്നിവ വ്യക്തമാക്കുമോ?

## <u>പേഴ്സണൽ സ്റ്റാഫ് നിയമനങ്ങൾ</u>

11 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെയും ഓരോ മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിൽ നടത്തിയ നിയമനങ്ങളുടെ എണ്ണം മന്ത്രി ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) നിലവിലെ ഉത്തരവ് പ്രകാരം മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നിയമിക്കാൻ കഴിയുന്നവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; 2016-21, 2021-26 സർക്കാരുകളുടെ കാലത്ത് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ഏതെങ്കിലും ഘട്ടത്തിൽ ഒരേ സമയം 25ൽ കൂടുതൽ പേരെ നിയമിച്ചിരുന്നോ; വിശദമാക്കുമോ;

(സി) 2011-16, 2016-21, 2021-26 വർഷങ്ങളിൽ പേഴ്സണൽ സ്റ്റാഫായി നിയമിക്കപ്പെട്ടവരിൽ പെൻഷന് അർഹത നേടിയവരുടെ എണ്ണം ലഭ്യമാക്കുമോ;

(ഡി) പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

**ലീഗൽ കൗൺസിലർമാരുടെ നിയമനം**

12 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്ക് സീനിയർ ലീഗൽ കൗൺസൽമാരെ നിയമിച്ചിട്ടുണ്ടോ; പ്രസ്തുത തസ്തികയ്ക്ക് പ്രതിമാസം നൽകുന്ന പ്രതിഫലം സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ബഹു. ഹൈക്കോടതിയിൽ സർക്കാരിനുവേണ്ടി ഹാജരാകാൻ സീനിയർ ലീഗൽ കൗൺസലിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; അപ്രകാരം ഹാജരായാൽ പ്രതിഫലത്തിന് അർഹതയുണ്ടോ; എങ്കിൽ എത്ര തുകയാണ് പ്രസ്തുത ഇനത്തിൽ അനുവദിക്കുകയെന്ന് അറിയിക്കുമോ?

**നൂറു ദിന കർമ്മ പരിപാടിയുടെ പുരോഗതികൾ**

13 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരഞ്ഞെടുപ്പുകാലത്തു നൽകിയ വാഗ്ദാനങ്ങൾ സമയബന്ധിതമായി നിറവേറ്റുന്നതിന്റെ ആദ്യ പടിയായി ഈ സർക്കാർ പ്രഖ്യാപിച്ച നൂറു ദിന കർമ്മ പരിപാടിയുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത കർമ്മ പരിപാടിയിൽ പ്രഖ്യാപിച്ച പദ്ധതികളിൽ എത്രയെണ്ണം നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടെന്നും, നിർവഹണം പുരോഗമിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള അടിയന്തര നടപടികൾ വിശദമാക്കുമോ; വിവിധ പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**ഡൽഹിയിലെ പ്രത്യേക പ്രതിനിധി.**

14 **ശ്രീ. വി. ടി. സൂരജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഡൽഹിയിൽ പ്രത്യേക പ്രതിനിധിയെ നിയമിച്ചിരുന്നോ; വിശദമാക്കുമോ;

(ബി) നിയമിച്ച കാലയളവ് ,എന്തൊക്കെ ചുമതലകളാണ് ഈ പ്രതിനിധി നിർവഹിച്ചിരുന്നത് എന്നിവ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രതിനിധിക്ക് ശമ്പളം, അലവൻസ്, സ്റ്റാഫ് തുടങ്ങിയ ഇനത്തിൽ ചെലവായ തുക ഇനം തിരിച്ച് ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പ്രതിനിധിയെ നിയമിച്ചത് മൂലം സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## നവകേരള സദസ്സ്

15 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നവകേരള സദസ്സ് മേഖലാ നിർദേശങ്ങളിൽ ഉൾപ്പെടുത്തി ഒരു നിയോജക മണ്ഡലത്തിൽ 7 കോടി രൂപയുടെ വികസന പദ്ധതികൾക്ക് ഭരണാനുമതി നൽകിയതനുസരിച്ച് ലഭ്യമായ പദ്ധതി നിർദ്ദേശങ്ങളിൽ ഇനിയും ഭരണാനുമതി നല്കാൻ അവശേഷിക്കുന്ന ആകെ എത്ര പ്രവൃത്തികൾ ഉണ്ട്; അവയുടെ അടങ്കൽ തുക എത്ര എന്ന് വ്യക്തമാക്കുമോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാം ആണെന്ന് വ്യക്തമാക്കുമോ;

(സി) 'ഗുരു ചെങ്ങന്നൂർ സ്മാരക സമുച്ചയം' നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 1.70 കോടി രൂപ സാംസ്കാരിക വകുപ്പ് നിർവ്വഹണ വകുപ്പുമായി നിശ്ചയിച്ച് സമർപ്പിച്ച എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാത്തതിന്റെ കാരണം വിശദമാക്കുമോ; അനുമതി നൽകുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## നവകേരള സദസ്സ് നടത്തിയതുമായി ബന്ധപ്പെട്ട് ചെലവായ തുക

16 **ശ്രീ. ടി. ജെ. വിനോദ്**

**ശ്രീ. എ. ഡി. തോമസ്**

**ശ്രീമതി രമ്യ ഹരിദാസ്**

**ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ നവകേരള സദസ്സ് സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് ചെലവായ തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും ചെലവായ തുക പ്രത്യേകം ലഭ്യമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം,വ്യക്തികളിൽ നിന്നുള്ള സംഭാവന, മറ്റ് മാർഗ്ഗങ്ങളിലൂടെയുള്ള വരവ് എന്നിങ്ങനെ ആകെ എത്ര തുക ലഭിച്ചിട്ടുണ്ട്; ഇനം തിരിച്ചുള്ള വിവരങ്ങൾ നൽകുമോ;

(സി) നവകേരള സദസ്സുമായി ബന്ധപ്പെട്ട് ആകെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ഓരോ ജില്ലയിലെയും നിയോജക മണ്ഡലത്തിലെയും ചെലവ് ഏതെല്ലാം ഇനങ്ങളിലാണ് എന്ന് പ്രത്യേകം പ്രത്യേകം ലഭ്യമാക്കുമോ?

## മന്ത്രിമാർക്ക് ബാധകമാക്കിയ പെരുമാറ്റച്ചട്ടം

17 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ആഭ്യന്തര മന്ത്രാലയം കേന്ദ്ര സംസ്ഥാന മന്ത്രിമാർക്ക് ബാധകമാക്കിയ പെരുമാറ്റച്ചട്ടം നിലവിലുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പെരുമാറ്റച്ചട്ടത്തിലെ 3.1, 4.1 വകുപ്പുകൾ പ്രകാരം മന്ത്രിമാർ സംഭാവനകൾ, ഉപഹാരങ്ങൾ, സമ്മാനങ്ങൾ എന്നിവ സ്വീകരിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സ്വകാര്യ വ്യക്തികൾ നൽകുന്ന യാത്രാടിക്കറ്റും താമസസൗകര്യവും സമ്മാനമായി സ്വീകരിച്ച് മന്ത്രിമാർ വിദേശയാത്ര നടത്തുന്നത് പ്രസ്തുത പെരുമാറ്റച്ചട്ടപ്രകാരം അനുവദനീയമാണോ;

(ഡി) മന്ത്രിമാർ തങ്ങളുടെ യാത്രാ ആവശ്യങ്ങൾക്ക് സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാഹനം സമ്മാനമായി സ്വീകരിച്ച് ഉപയോഗിക്കുന്നത് പ്രസ്തുത പെരുമാറ്റച്ചട്ടപ്രകാരം അനുവദനീയമാണോ;

(ഇ) മന്ത്രിമാരുടെ വിമാന-ഹെലികോപ്റ്റർ യാത്രാ ചെലവുകൾ സ്വകാര്യ വ്യക്തികൾ വഹിക്കുന്നത് പ്രസ്തുത പെരുമാറ്റച്ചട്ടപ്രകാരം അനുവദനീയമാണോ?

**കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശം**

18 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർലമെന്റ് പാസ്സാക്കിയ ദേശീയ ബഹുമതികൾക്കെതിരായ അപമാനങ്ങൾ തടയൽ ആക്റ്റ് , ഭേദഗതി എന്നിവ പ്രകാരം ദേശീയ ഗീതമായ വന്ദേമാതരം നിർബന്ധമായും ആലപിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ദേശീയ ഗീതം ആലപിക്കാൻ നിർദ്ദേശിച്ചുകൊണ്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയം മാർഗ്ഗനിർദ്ദേശം പുറത്തിറക്കിയിട്ടുണ്ടോ;ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക ചടങ്ങുകളിൽ പ്രസ്തുത മാർഗ്ഗനിർദ്ദേശം നടപ്പിലാക്കണമോ വേണ്ടയോ എന്നതിൽ സംസ്ഥാന സർക്കാരിന് തീരുമാനമെടുക്കാൻ സാധിക്കുമോ;വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക പരിപാടികളിൽ വന്ദേമാതരം ആലപിക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ?

**ദീർഘകാലമായി സേവനമനുഷ്ഠിക്കുന്ന താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ട നടപടി**

19 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. കെ. യു. ജനീഷ് കുമാർ**
**ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എന്റെ ഭൂമി ഡിജിറ്റൽ സർവേ, ഫിഷറീസ് വകുപ്പിലെ അക്വാകൾച്ചർ പ്രൊമോഷൻ, കുടുംബശ്രീ, കില തുടങ്ങിയ വിവിധ പദ്ധതികളിൽ പത്തുവർഷത്തിലേറെയായി ജോലി ചെയ്തു വന്നിരുന്ന ആയിരക്കണക്കിന് താൽക്കാലിക ജീവനക്കാരെ യാതൊരു

മുന്നറിയിപ്പുമില്ലാതെ പിരിച്ചു വിട്ട സംഭവത്തിന്റെ ഗൗരവം വിലയിരുത്തിയിട്ടുണ്ടോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അപേക്ഷ ക്ഷണിച്ച് പരീക്ഷയും അഭിമുഖവും നടത്തി യോഗ്യതയുടെ അടിസ്ഥാനത്തിൽ സുതാര്യമായി നിയമിക്കപ്പെട്ട ഡിജിറ്റൽ സർവ്വേ ജീവനക്കാരെ രാഷ്ട്രീയ നിയമനങ്ങളാണെന്ന് ആരോപിച്ച് പിരിച്ചുവിട്ടത് രാജ്യത്തിന് തന്നെ മാതൃകയായിരുന്ന പദ്ധതിയെ അട്ടിമറിക്കാനാണെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ;

(സി) ഫിഷറീസ് വകുപ്പിന് കീഴിൽ 2008 മുതൽ ജോലി ചെയ്തുവരുന്ന അക്വാകൾച്ചർ പ്രൊമോട്ടർമാരെ നാലു മാസത്തെ ശമ്പള കുടിശ്ശിക നിലനിൽക്കെ 2026 ആഗസ്റ്റ് 31-ന് പിരിച്ചു വിട്ടിട്ടുണ്ടോ ;

(ഡി) കുടുംബശ്രീയിലുൾപ്പെടെയുള്ള ജീവനക്കാരുടെ കരാർ പുതുക്കുന്നത് ചില പ്രത്യേക രാഷ്ട്രീയ നേതൃത്വങ്ങളുടെ ഇടപെടലിനെത്തുടർന്ന് തടഞ്ഞുവച്ചിരിക്കുകയാണെന്ന കാര്യം വസ്തുതാപരമാണോ എന്ന് വ്യക്തമാക്കുമോ;

(ഇ) ദീർഘകാലമായി സ്തുത്യർഹമായ സേവനമനുഷ്ഠിക്കുന്ന താൽക്കാലിക ജീവനക്കാരെ രാഷ്ട്രീയ കാരണങ്ങളാൽ പിരിച്ചുവിടുന്ന നടപടികൾ പുനഃപരിശോധിക്കാനും നിർത്തിവെച്ച ഡിജിറ്റൽ സർവ്വേ ഉൾപ്പെടെയുള്ള പദ്ധതികൾ പുനരുജ്ജീവിപ്പിച്ച് പിരിച്ചുവിടപ്പെട്ട മുഴുവൻ ജീവനക്കാരെയും തിരിച്ചെടുക്കാനും അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ ?

<u>ഐ.എ.എസ് , ഐ .പി.എസ് ഉദ്യോഗസ്ഥരുടെ പുനർനിയമനം</u>

20 **ശ്രീ. വി. എസ്. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21, 2021-26 എന്നീ കാലയളവുകളിലെ സർക്കാരിന്റെ കാലത്ത് വിരമിച്ച എത്ര ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥർക്ക് പുനർനിയമനം നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഇവർക്ക് ഓരോരുത്തർക്കും ശമ്പളം അലവൻസ് തുടങ്ങിയ ഇനത്തിൽ സർക്കാർ ഓരോ മാസവും നൽകിയ തുകയും ആകെ നൽകിയ തുകയും എത്രയാണ് എന്ന് വ്യക്തമാക്കാമോ?

**എം.എൽ.എ ആസ്തി വികസന ഫണ്ടിൽ ടെണ്ടർ സേവിംഗ്സിൽ ബാക്കിയുള്ള തുകയുടെ വിശദാംശം**

21 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 സാമ്പത്തിക വർഷത്തിൽ എം.എൽ.എ ആസ്തി വികസന ഫണ്ടിൽ ടെണ്ടർ സേവിംഗ്സിൽ ബാക്കിയുള്ള തുകയുടെ വിശദമായ വിവരം നൽകാമോ?

**അസിസ്റ്റന്റ് പ്രൊഫസർ നിയമനം**

22 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-ൽ നിലവിൽ വന്ന അസിസ്റ്റന്റ് പ്രൊഫസർ (ഉറുദു), അസിസ്റ്റന്റ് പ്രൊഫസർ (ഫിലോസഫി), അസിസ്റ്റന്റ് പ്രൊഫസർ (സോഷ്യോളജി), അസിസ്റ്റന്റ് പ്രൊഫസർ (ഇസ്ലാമിക് ഹിസ്റ്ററി) എന്നീ പി .എസ് .സി റാങ്ക് ലിസ്റ്റുകളിൽ നിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികകളുടെ വിജ്ഞാപനസമയത്തും തുടർന്നും നാളിതുവരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് തസ്തിക തിരിച്ച് ലഭ്യമാക്കുമോ; പ്രസ്തുത റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(സി) 2021-ന ശേഷം നിലവിൽ വന്ന വിവിധ വിഷയങ്ങളിലേക്കുള്ള അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ റാങ്ക് ലിസ്റ്റുകളിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകിയെന്ന് വിഷയം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) 2021-2026 സർക്കാരിന്റെ കാലത്ത് ഒരു നിയമനം പോലും നടത്താതെ റാങ്ക് ലിസ്റ്റുകൾ റദ്ദായിട്ടുണ്ടോ; എങ്കിൽ എത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദേശം നൽകുന്നതിനും പ്രസ്തുത റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**കേരളാ പബ്ലിക് സർവീസ് കമ്മീഷന്റെ പ്രവർത്തനം**

23 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങളിൽ അഴിമതിയും സ്വജനപക്ഷപാതവും നടക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുന്നതിന് സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പി.എസ്.സി.യിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നിയമപരമായി അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കുന്നതും അവരെ പീഡിപ്പിക്കുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>**പബ്ലിക്ക് സർവീസ് കമ്മീഷൻ മുഖേനെയുള്ള നിയമനം**</u>

24 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പി. എസ്. സി. വഴി നടത്തിയ നിയമനങ്ങളുടെ വിവരങ്ങൾ തസ്തിക, എണ്ണം, അഡ്വൈസ് തീയതി ഉൾപ്പെടെ ലഭ്യമാക്കാമോ?

<u>**കേരള പബ്ലിക് സർവീസ് കമ്മീഷൻ -റാങ്ക് ലിസ്റ്റുകൾ**</u>

25 **ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവീസ് കമ്മീഷൻ കഴിഞ്ഞ പത്ത് വർഷക്കാലം പ്രതിവർഷം എത്ര റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്; വർഷം തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഒരു നിയമനം പോലും നടത്താതെ കാലാവധി കഴിഞ്ഞ റാങ്ക് ലിസ്റ്റുകൾ ഏതെല്ലാം;

(സി) പ്രസ്തുത കാലയളവിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുള്ളപ്പോൾ അവയിൽ ഏതെല്ലാം തസ്തികകളിൽ താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വർഷം തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

<u>**അധിവർഷ പെൻഷൻ**</u>

26 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അധിവർഷ പെൻഷൻ പറ്റി സേവനത്തിൽ നിന്നും വിരമിച്ച സംസ്ഥാന സർക്കാർ ജീവനക്കാർ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ എത്ര ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) എത്ര ഒഴിവുകൾ കെ.പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

**<u>സർക്കാർ ജീവനക്കാരുടെ ലീവ് സറണ്ടർ</u>**

27 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സർക്കാർ ജീവനക്കാർക്ക് ലീവ് സറണ്ടർ അനുവദിച്ചിരുന്നോ; വ്യക്തമാക്കാമോ;

(ബി) 01.06.2026 മുതൽ ലീവ് സറണ്ടർ പൂർണ്ണമായും നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ജീവനക്കാരന്റെ ക്രെഡിറ്റിൽ 300 ദിവസത്തിൽ കൂടുതലുള്ള ആർജ്ജിതാവധി നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ലീവ് സറണ്ടർ ആനുകൂല്യം അടിയന്തരമായി പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>സർക്കാർ സർവീസിൽ നിന്ന് വിരമിച്ചവർക്ക് പുനർനിയമനം</u>**

28 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവീസിൽ നിന്ന് വിരമിച്ചവർക്ക് പുനർ നിയമനം നൽകുന്നതിലെ സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പേഴ്സണൽ സ്റ്റാഫ്, വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയിൽ കോ-ടെർമിനസ്,

കരാർ, ദിവസവേതന അടിസ്ഥാനത്തിൽ നിയമനം ലഭിച്ചവരുടെ എണ്ണം ഇനം തിരിച്ച് ലഭ്യമാക്കാമോ?

**<u>ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പേഴ്സണൽ സ്റ്റാഫിൽ നിയമിക്കുന്നവരുടെ ആനുകൂല്യങ്ങൾ</u>**

29 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഉൾപ്പടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാനത്തെ മന്ത്രിമാരുടേയും മറ്റും പേഴ്സണൽ സ്റ്റാഫിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനത്തിലേർപ്പെടുന്നയാളുടെ മാതൃസ്ഥാപനത്തിൽ നിന്നും റിലീവിംഗ് ഓർഡർ, നിബന്ധനകളും വ്യവസ്ഥകളും ഉൾപ്പടെയുള്ള എൽ.പി.സി. എന്നിവ ലഭ്യമായി കഴിഞ്ഞാൽ ആയതു പ്രകാരം ശമ്പളവും മറ്റു ആനുകൂല്യങ്ങളും നൽകുന്നത് കൃത്യമായി ഉറപ്പുവരുത്തേണ്ട ചുമതല സെക്രട്ടേറിയറ്റിലെ ഏതു വിഭാഗത്തിനാണ്; വ്യക്തമാക്കാമോ;

(ബി) 08/04/2005 മുതൽ വിവിധ കാലയളവുകളിലായി കെ.എസ്.ആർ.ടി.സി. യിൽ നിന്നു പേഴ്സണൽ സ്റ്റാഫിൽ ചട്ടപ്രകാരം ഹാജരാക്കേണ്ട സർവ്വ രേഖകളും ഹാജരാക്കി അന്യത്രസേവനത്തിൽ ഏർപ്പെട്ട ഏതെങ്കിലും വ്യക്തിയുടെ നിയമനം ഏതെങ്കിലും കാലയളവിൽ ഓൺ ഡെപ്യൂട്ടേഷൻ ബേസിസ് എന്നതിന് പകരം ഡയറക്ട് റിക്രൂട്ട്മെന്റ് ആയി തെറ്റായി പോസ്റ്റിങ്ങ് മെമ്മോ നൽകി പി.എഫ്/പെൻഷൻ കോൺട്രിബ്യൂഷൻ തുക കൃത്യമായി ഒടുക്കുന്നതിൽ സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട വകുപ്പിന് വീഴ്ച സംഭവിച്ചിരുന്നോ; വിശദ വിവരം നൽകുമോ; വീഴ്ച കണ്ടെത്തി പെൻഷൻ കോൺട്രിബ്യൂഷൻ പിന്നീട് ഒടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നോ; വ്യക്തമാക്കാമോ;

(സി) സെക്രട്ടേറിയറ്റിലെ ജി.എ .ഡി .(അക്കൗണ്ട്സ് ) വിഭാഗം ഏതെങ്കിലും കാലയളവിൽ സുലൈമാൻ എ. എന്ന പേഴ്സണൽ സ്റ്റാഫ് അംഗവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. യ്ക്ക് നൽകേണ്ട പി.എഫ്. തുകയ്ക്ക് ഡി.ഡി. എടുക്കുകയും പിന്നീട് അത് ക്യാൻസൽ ചെയ്യുകയും ചെയ്തിരുന്നതായി പ്രസ്തുത വിഭാഗത്തിലെ രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; അതിന്റെ വിശദ വിവരങ്ങൾ നൽകുമോ;

(ഡി) നാളിതുവരെ ഇത്തരത്തിൽ പേഴ്സണൽ സ്റ്റാഫ് സേവനത്തിന് അന്യത്രസേവനവ്യവസ്ഥയിൽ സേവനത്തിനെത്തുന്ന മറ്റ് ആരുടെയെങ്കിലും പി.എഫ്. തുക കൃത്യസമയത്തു തന്നെ ഒടുക്കുന്നതിൽ വീഴ്ച ഉണ്ടായതായി കണ്ടെത്തിയിരുന്നോ; അത്തരം സാഹചര്യങ്ങളിൽ തുക പിന്നീട് കുടിശ്ശികയായി ഒടുക്കിയിട്ടുണ്ടായിരുന്നോ;

(ഇ) **ഈ രീതിയിൽ 08/04/2005 മുതൽ വിവിധ വകുപ്പ് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ സേവനമനുഷ്ഠിച്ച കാലയളവിലെ ടിയാൻ്റെ പി.എഫ്. തുക കൃത്യമായി നാളിതുവരെ അടയ്ക്കാത്തത് ടിയാന്റെ പെൻഷൻ സമയം അടുത്തിരിക്കുന്ന ഈ സാഹചര്യത്തിലെങ്കിലും സത്വരം കെ.എസ്.ആർ.ടി.സി.യ്ക്ക് ഒടുക്കാൻ നിർദ്ദേശം നൽകുമോ?**

-

<u>ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നടപടി</u>

30 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭരണഭാഷ പൂർണമായും മലയാളമാക്കുന്നതിനുള്ള നടപടികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ;

(ബി) സെക്രട്ടേറിയറ്റിൽ നിന്നും വിവിധ വകുപ്പ് മേധാവികളുടെ ഓഫീസുകളിലേക്കും തിരിച്ചുമുള്ള ഔദ്യോഗിക കത്തിടപാടുകൾ നിലവിൽ പൂർണമായും മലയാളത്തിലാണോ കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ മലയാളം പൂർണമായി ഉപയോഗിക്കാത്തതോ ഇംഗ്ലീഷിൽ കത്തിടപാടുകൾ നടത്തുന്നതോ ആയ വകുപ്പുകൾ/ഓഫീസുകൾ ഏതെല്ലാമാണെന്നും അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ മുഴുവൻ വകുപ്പുകളിലും കത്തിടപാടുകളും ഭരണനിർവഹണവും സമ്പൂർണമായി മലയാളത്തിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>പീച്ചി ഡാം പരിസരത്ത് ആവർത്തിച്ചുണ്ടാകുന്ന ഭൂചലനം</u>

31 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ജൂലൈ മാസത്തിൽ പീച്ചി ഡാം പരിസരത്ത് ആവർത്തിച്ച് ഭൂചലനങ്ങളും ഭൂപ്രകമ്പനങ്ങളും അനുഭവപ്പെട്ടതും ഇതിന്റെ ഭാഗമായി നിരവധി വീടുകളുടെ ഭിത്തികളിൽ വിള്ളലുകൾ ഉൾപ്പെടെയുള്ള നാശനഷ്ടങ്ങൾ ഉണ്ടായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2026 ജൂലൈ 20-ന് പീച്ചി പ്രദേശത്ത് രേഖപ്പെടുത്തിയ ഭൂചലനത്തിന്റെ തീവ്രത, പ്രഭവകേന്ദ്രം, ആഴം എന്നിവ സംബന്ധിച്ച ശാസ്ത്രീയ വിവരങ്ങൾ ലഭ്യമാണോ; പ്രസ്തുത മേഖലയിൽ തുടർചലനങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പീച്ചി മേഖലയിൽ ഇത്തരം ഭൂചലനങ്ങൾ ആവർത്തിക്കുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കുന്നതിനായി തുടർച്ചയായ സീസ്മിക് നിരീക്ഷണം, വീടുകളുടെ സാങ്കേതിക പരിശോധന, അപകടസാധ്യതാ വിലയിരുത്തൽ, ആവശ്യമായ സുരക്ഷാ നിർദ്ദേശങ്ങൾ എന്നിവ നടപ്പാക്കുന്നതിനും വിദഗ്ധ പഠനത്തിന്റെ അടിസ്ഥാനത്തിൽ ദീർഘകാല സുരക്ഷാ പദ്ധതി തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) പീച്ചി മേഖലയിൽ ആവർത്തിച്ചുണ്ടാകുന്ന ഭൂചലനങ്ങളുടെ ഭൂമിശാസ്ത്രപരവും ഭൗമശാസ്ത്രപരവുമായ കാരണങ്ങൾ, പ്രദേശത്തിന്റെ ഭൂകമ്പസാധ്യത, ഭാവിയിൽ ഉണ്ടാകാവുന്ന അപകടസാധ്യത എന്നിവ സംബന്ധിച്ച് കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, ജിയോളജി വകുപ്പ്, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് /നാഷണൽ സെന്റർ ഫോർ സീസ്മോളജി തുടങ്ങിയ വിദഗ്ധ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി സമഗ്രമായ ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പീച്ചി ഡാമിന്റെ പരിസരത്ത് ഭൂചലനങ്ങൾ ആവർത്തിക്കുന്ന സാഹചര്യത്തിൽ ഡാമിന്റെ ഘടനാപരമായ സുരക്ഷ, അനുബന്ധ നിർമിതികളുടെ സുരക്ഷ, ജലസംഭരണ മേഖലയുടെയും സമീപപ്രദേശങ്ങളുടെയും സുരക്ഷ എന്നിവ സംബന്ധിച്ച് വിദഗ്ധ പരിശോധന നടത്തിയിട്ടുണ്ടോ; പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ കണ്ടെത്തലുകളും ശിപാർശകളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഇ) ഭൂചലനത്തെ തുടർന്ന് വീടുകളുടെ ഭിത്തികളിൽ വിള്ളലുകളും മറ്റ് നാശനഷ്ടങ്ങളും ഉണ്ടായതായി ലഭിച്ച പരാതികളിൽ ഇതുവരെ എത്ര

വീടുകളിൽ പരിശോധന നടത്തിയിട്ടുണ്ട്; എത്ര വീടുകൾക്ക് നാശനഷ്ടം സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ട്; വീടുകളുടെ സുരക്ഷ സംബന്ധിച്ച് സ്ട്രക്ചറൽ അസസ്മെന്റ് നടത്തിയിട്ടുണ്ടോ;

(എഫ്) ഭൂചലനത്തെ തുടർന്ന് നാശനഷ്ടം സംഭവിച്ച വീടുകളുടെ ഉടമകൾക്ക് നിലവിലുള്ള ദുരന്തനിവാരണ മാനദണ്ഡങ്ങൾ പ്രകാരം ലഭിക്കാവുന്ന ധനസഹായം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ?

## ദുരന്ത പ്രതിരോധശേഷിയുള്ള സുസ്ഥിര കേരളം

32 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്ത പ്രതിരോധ ശേഷിയുള്ള സുസ്ഥിര കേരളം സൃഷ്ടിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും പ്രവർത്തനങ്ങളും ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ദുരന്ത നിവാരണ മുന്നറിയിപ്പ് സംവിധാനങ്ങൾ ആധുനികവത്കരിക്കുന്നതിനും സ്ഥലാധിഷ്ഠിത അലർട്ട് സംവിധാനം വ്യാപിപ്പിക്കുന്നതിനും തീരദേശ മേഖലകൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ദുരന്തനിവാരണ പദ്ധതി

33 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പാറക്കൽ അബ്ദുല്ല**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടരെത്തുടരെ ഉണ്ടാകുന്ന പ്രളയഭീഷണി ഒഴിവാക്കാൻ സമഗ്രമായ ദുരന്തനിവാരണ പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഡാമുകളുടെ പ്രവർത്തനം കൂടുതൽ ശാസ്ത്രീയമാക്കാൻ എ.ഐ. അധിഷ്ഠിത ഡാം മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വൃഷ്ടി പ്രദേശത്തെ മഴയുടെ സാധ്യത, നദീതീരങ്ങളിലെ ജലനിരപ്പ് എന്നിവ ഏകോപിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

**മിന്നൽ പ്രളയത്തിനുള്ള പരിഹാരനടപടി**

34 **ശ്രീ. വി. പി. സജീന്ദ്രൻ**
**ശ്രീ. മനോജ് മൂത്തേടൻ**
**ശ്രീ. ജ്യോതികുമാർ ചാമക്കാല**
**ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 -ലെ മഹാപ്രളയത്തിന് ശേഷം സംസ്ഥാനത്ത് കാലവർഷസമയത്ത് പല സ്ഥലങ്ങളിലും മിന്നൽ പ്രളയം ഉണ്ടാകുന്നതിന്റെ കാരണങ്ങൾ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മേഘവിസ്ഫോടനം, അതിതീവ്ര മഴ എന്നിവ മൂലമാണോ ഇത്തരത്തിൽ മിന്നൽ പ്രളയം ഉണ്ടാകുന്നത് എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മഴവെള്ളം ഉൾക്കൊള്ളാൻ ജലാശയങ്ങൾക്ക് കഴിയാത്തത് മൂലം ഒന്നോ രണ്ടോ മഴ പെയ്താൽ ഉടൻതന്നെ ജലാശയങ്ങളുടെ സമീപപ്രദേശത്തേക്ക് പെട്ടെന്ന് വെള്ളം കയറുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് അടിയന്തര പരിഹാരനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**ഒല്ലൂർ നിയോജക മണ്ഡലത്തിൽ ശക്തമായ കാറ്റിനെ തുടർന്നുണ്ടായ നാശനഷ്ടങ്ങൾക്കുള്ള അടിയന്തര ധനസഹായം**

35 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിലെ പൂച്ചെട്ടി, നടത്തറ, കൊഴുക്കുള്ളി തുടങ്ങിയ പ്രദേശങ്ങളിൽ 30-09-2026-ന് ഉണ്ടായ ശക്തമായ കാറ്റിനെ തുടർന്ന് നിരവധി വീടുകൾക്കും വീടുകളോടനുബന്ധിച്ചുള്ള നിർമ്മിതികൾക്കും കൃഷിക്കും വൃക്ഷങ്ങൾക്കും വ്യാപകമായ നാശനഷ്ടം സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ദുരന്തത്തിൽ ഒല്ലൂർ നിയോജക മണ്ഡലത്തിൽ വീടുകൾ, വീടുകളോടനുബന്ധിച്ചുള്ള നിർമ്മിതികൾ, കൃഷി, വൃക്ഷങ്ങൾ തുടങ്ങിയവയ്ക്കുണ്ടായ നാശനഷ്ടങ്ങളുടെ വിശദമായ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങളും ആകെ കണക്കാക്കിയ നഷ്ടത്തിന്റെ തുക എത്രയാണെന്നും വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ;

(സി) കേരളത്തിൽ ചുഴലിക്കാറ്റിനേക്കാൾ കുറഞ്ഞതും ജീവനും സ്വത്തിനും നാശനഷ്ടം ഉണ്ടാക്കുന്നതുമായ ശക്തമായ കാറ്റിനെ സംസ്ഥാന പ്രത്യേക ദുരന്ത (Strong Wind - State Specific Disaster) മായി അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ദുരന്തബാധിതർക്ക് നിലവിലുള്ള മാനദണ്ഡപ്രകാരം എസ്.ഡി.ആർ.എഫ്.-ൽ നിന്ന് അനുവദിക്കാവുന്ന ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഒല്ലൂർ നിയോജക മണ്ഡലത്തിൽ പ്രസ്തുത ദുരന്തവുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര അപേക്ഷകളിൽ നാശനഷ്ടം കണക്കാക്കിയിട്ടുണ്ടെന്നും എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും വിതരണം ചെയ്ത തുക എത്രയെന്നും വ്യക്തമാക്കാമോ?

## തിരുവനന്തപുരം വിമാനത്താവളത്തിലെ എൻട്രിഫീസ്

36 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിമാനത്താവളത്തിൽ യാത്രക്കാരെ ഇറക്കുന്നതിനും കൂട്ടികൊണ്ടുപോകുന്നതിനുമായി പ്രവേശിക്കുന്ന വാഹനങ്ങളിൽ നിന്നും ഏറ്റവും കുറഞ്ഞത് 50 രൂപ വരെ ഈടാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സംബന്ധിച്ച് സർക്കാരിന്റെ ഭാഗത്ത് നിന്നും എന്തെങ്കിലും അനുമതി തിരുവനന്തപുരം വിമാനത്താവള അധികൃതർക്ക് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ മറ്റ് വിമാനത്താവളങ്ങളിൽ ഇത്തരത്തിൽ എൻട്രി ഫീ ഈടാക്കുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(സി) ഒരു യാത്രക്കാരൻ ഫ്ലൈറ്റ് ടിക്കറ്റ് എടുക്കുമ്പോൾ എയർപോർട്ട് കൺവീനിയൻസ് ചാർജ് ഉൾപ്പെടെയുള്ള തുക ഈടാക്കിയിട്ടും ഇത്തരം ആവശ്യങ്ങൾക്കായി എത്തുന്ന വാഹനങ്ങളിൽ നിന്ന് പ്രത്യേക ചാർജ് ഈടാക്കുന്നതിനെതിരെ എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

**പശ്ചിമ കൊച്ചിയിലേക്കുള്ള മെട്രോ റെയിൽ ശൃംഖലയുടെ വികസനവും സമഗ്ര സാധ്യതാ പഠനവും**

37 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി തുടങ്ങിയ പശ്ചിമ കൊച്ചി മേഖലകളിൽ നിലവിലുള്ള രൂക്ഷമായ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരമായും പ്രദേശവാസികൾക്കും തീരദേശ ജനതയ്ക്കും സുഗമമായ യാത്രാസൗകര്യം ഉറപ്പാക്കുന്നതിനുമായി മെട്രോ റെയിൽ ശൃംഖല പശ്ചിമ കൊച്ചിയിലേക്ക് ദീർഘിപ്പിക്കുന്നതിന് സമഗ്രമായ സാധ്യതാ പഠനം നടത്താൻ തയ്യാറാകുമോ;

(ബി) സംസ്ഥാനത്തെ പ്രധാന പൈതൃക-വിനോദസഞ്ചാര കേന്ദ്രമായ പശ്ചിമ കൊച്ചിയിൽ വർഷം മുഴുവനും അനുഭവപ്പെടുന്ന രൂക്ഷമായ യാത്രാക്ലേശത്തിന് പുറമേ ലോകപ്രശസ്തമായ കൊച്ചിൻ കാർണിവൽ, കൊച്ചി-മുസിരിസ് ബിനാലെ തുടങ്ങിയ മെഗാ ഇവന്റുകൾ നടക്കുന്ന സമയങ്ങളിൽ ഉണ്ടാകുന്ന വൻ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിനും ഈ മേഖലയുടെ സമഗ്ര ടൂറിസം വികസന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുമായി കൊച്ചി മെട്രോ റെയിൽ ശൃംഖലയെ തീരദേശ മേഖലയുമായി ബന്ധിപ്പിക്കേണ്ടതിന്റെ അനിവാര്യത ഗൗരവമായി പരിശോധിച്ച് കെ.എം.ആർ.എൽ. മുഖേന അടിയന്തര തുടർനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**സമഗ്ര സമുദ്ര മേഖലാവ്യവസായശൃംഖല**

38 **ശ്രീ. സി. കെ. കാസിം**

**ശ്രീ. പി .എം. എ. സമീർ**

**ശ്രീ. എ. കെ. എം. അഷ്റഫ്**

**ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കപ്പൽ നിർമ്മാണം, അറ്റകുറ്റപ്പണി, മറൈൻ എൻജിനീയറിംഗ്, ലോജിസ്റ്റിക്സ്, മറ്റ് അനുബന്ധ വ്യവസായങ്ങൾ ഉൾപ്പെടുന്ന സമഗ്ര സമുദ്ര മേഖലാ വ്യവസായ ശൃംഖല വികസിപ്പിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് കപ്പൽ നിർമ്മാണശാല ആരംഭിക്കുന്നതിനുള്ള സന്നദ്ധത ആരെങ്കിലും അറിയിച്ചിട്ടുണ്ടോ;

(സി) എത്ര കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത് ?

<u>ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനെയുള്ള പരസ്യങ്ങൾ</u>

39 **ശ്രീ. കെ. എം. അഭിജിത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 ,2021-26 സർക്കാരുകളുടെ കാലയളവിൽ ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് വകുപ്പ് മുഖേനയുള്ള പരസ്യ ഇനത്തിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഇക്കാലയളവിൽ ഏതൊക്കെ മാധ്യമ സ്ഥാപനങ്ങൾക്കാണ് പരസ്യം നൽകിയത്; ഓരോ സ്ഥാപനത്തിനും നൽകിയ തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കാലത്ത് ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് വകുപ്പിന്റെ പരസ്യ നിർമ്മാണം, വീഡിയോ ചിത്രീകരണം തുടങ്ങിയ പ്രവൃത്തികളുടെ കരാർ ഒരു പ്രത്യേക സ്ഥാപനത്തിന് മാത്രമാണ് നൽകിയത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>മുൻ മുഖ്യമന്ത്രിയുടെ സോഷ്യൽ മീഡിയ ജീവനക്കാർ</u>

40 **ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 ,2021-26 കാലയളവിലെ മുഖ്യമന്ത്രിയുടെ സോഷ്യൽ മീഡിയ കൈകാര്യം ചെയ്യുന്നതിനായി എത്ര ജീവനക്കാരെ നിയോഗിച്ചിരുന്നു; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ വേതനം ഇനത്തിൽ ടി ജീവനക്കാർക്ക് എത്ര രൂപ നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ?

**മുൻ മുഖ്യമന്ത്രിയുടെ സോഷ്യൽ മീഡിയ ജീവനക്കാർ**

41 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 , 2021-26 സർക്കാരുകളുടെ കാലയളവിൽ മുഖ്യമന്ത്രിയുടെ സോഷ്യൽ മീഡിയ ടീമിന്റെ ഭാഗമായി ഏതൊക്കെ തസ്തികകളിൽ എത്ര ജീവനക്കാരെ വീതം നിയോഗിച്ചിരുന്നു; വിശദാംശം ലഭ്യമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ജീവനക്കാർ ഓരോരുത്തർക്കും നൽകിയ ശമ്പളത്തിന്റെയും മറ്റ് ആനുകൂല്യങ്ങളുടെയും വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത ഇനത്തിൽ ആകെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) 2016-21 , 2021-26 സർക്കാരുകളുടെ കാലയളവിൽ മുഖ്യമന്ത്രിയുടെ സോഷ്യൽ മീഡിയ സെൽ കൂടാതെ വെബ്സൈറ്റ് മാനേജ്മെന്റ് ഉൾപ്പെടെയുള്ള വിവിധ ഐ.ടി അധിഷ്ഠിത സേവനങ്ങൾക്കായി എത്ര ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്; ഇപ്രകാരം നിയോഗിക്കപ്പെട്ട ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങൾക്കുമായി ആകെ അനുവദിച്ച തുകയുടെ വിശദാംശം ഇനം തിരിച്ചു വ്യക്തമാക്കുമോ?

**പരസ്യത്തിനായി ചെലവഴിച്ച തുക**

42 **ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. കെ. പി. നൗഷാദ് അലി**

**ശ്രീ. കെ. പ്രവീൺ കുമാർ**

**ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 വരെയും 2021-2026 വരെയുമുള്ള കാലയളവിൽ സർക്കാരും സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും പരസ്യങ്ങൾക്കായി ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനംതിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പി.ആർ.ഡി. മുഖേന നൽകിയ പരസ്യങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പി.ആർ.ഡി.-ക്ക് പുറമെ ഏതൊക്കെ ഏജൻസികൾ മുഖേന പരസ്യങ്ങൾ നൽകിയിട്ടുണ്ട്; ഓരോന്നിന്റെയും വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത ഏജൻസികളെ തിരഞ്ഞെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

**<u>പ്രവാസി ക്ഷേമനിധിയിൽ അംഗത്വം നഷ്ടപ്പെട്ടവരുടെ അംഗത്വം</u>**

43 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധിയിൽ തവണ മുടങ്ങിയതിനെ തുടർന്ന് അംഗത്വം നഷ്ടപ്പെട്ടവരുടെ അംഗത്വം പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) തവണ മുടങ്ങിയതിനെ തുടർന്ന് കഴിഞ്ഞ അഞ്ച് വർഷത്തിനിടെ എത്ര പ്രവാസികളുടെ അംഗത്വമാണ് നഷ്ടപ്പെട്ടിട്ടുള്ളത്; ക്ഷേമനിധി തവണയിൽ വരുത്തുന്ന വർദ്ധനവ് അംഗങ്ങളെ യഥാസമയം അറിയിക്കാറുണ്ടോ;

(സി) ഇത്തരത്തിൽ അംഗത്വം നഷ്ടപ്പെട്ടവർക്ക് കുടിശ്ശികയും ബാധകമായ പിഴയും അടച്ച് അംഗത്വം പുനഃസ്ഥാപിക്കുന്നതിന് നിലവിൽ അവസരമുണ്ടോ; വിശദമാക്കാമോ;

(ഡി) അംഗത്വം പുനഃസ്ഥാപിക്കാൻ കഴിയാതെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നവർക്കായി പ്രത്യേക ഇളവ് അനുവദിച്ച് അംഗത്വം പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>കേരള പ്രവാസി ക്ഷേമനിധി പെൻഷൻ അംശാദായ തിരിച്ചടവ്</u>**

44 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പ്രവാസി ക്ഷേമനിധി പെൻഷൻ അംശാദായം അടയ്ക്കുന്നതിൽ സാമ്പത്തിക ബുദ്ധിമുട്ട് മൂലമോ അസുഖങ്ങൾ മൂലമോ തൊഴിൽ നഷ്ടം മൂലമോ വീഴ്ച വരുത്തിയ പ്രവാസികൾക്ക് അത് അടയ്ക്കുന്നതിന് അവസരം നൽകുമോ ;

(ബി) കേരള പ്രവാസി ക്ഷേമനിധി പെൻഷൻ അംശാദായം അടച്ച് തുടങ്ങി അഞ്ചുവർഷം പൂർത്തിയാക്കിയവർക്ക് സാമ്പത്തിക ബുദ്ധിമുട്ട് മൂലമോ അസുഖങ്ങൾ മൂലമോ തൊഴിൽ നഷ്ടം മൂലമോ അജ്ഞത മൂലമോ അടവിൽ വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ കുടിശ്ശിക ഒറ്റത്തവണയായി അടച്ച് തീർത്ത് പ്രവാസി ക്ഷേമനിധി പെൻഷൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>**പ്രവാസി ക്ഷേമത്തിനായി ആരംഭിച്ച പദ്ധതികൾ**</u>

45 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം വഴിയുള്ള വിമാനങ്ങളുടെ നിരക്ക് നിയന്ത്രിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) നോർക്ക കെയർ പ്ലസ് ഇൻഷുറൻസ് പദ്ധതിയിൽ ഇതുവരെ എത്ര ആൾക്കാർ അംഗത്വം എടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) നോർക്ക കെയർ പ്ലസ് ഇൻഷുറൻസ് പദ്ധതിയിലേക്ക് അപേക്ഷിക്കുന്നതിന് വീണ്ടും അവസരം നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>**പ്രവാസി ക്ഷേമം**</u>

46 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്കായി നോർക്ക വകുപ്പ് മുഖേന ഏതൊക്കെ ക്ഷേമപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) തിരികെയെത്തുന്ന പ്രവാസികൾക്കായി നടപ്പിലാക്കി വരുന്ന സാന്ത്വന പദ്ധതികളുടെ വിശദവിവരവും ഇതുവരെ എത്ര പേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നും എത്രെയെണ്ണം തീർപ്പാകാനുണ്ടെന്നും വ്യക്തമാക്കാമോ;

(സി) നോർക്ക വകുപ്പ് സഹകരണ ബാങ്കുകളുമായി സഹകരിച്ച് പ്രവാസികൾക്ക് ഏതെല്ലാം തരത്തിലുള്ള വായ്പാ പദ്ധതികൾ

നടപ്പിലാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

**പ്രവാസി നിക്ഷേപം ആകർഷിക്കാൻ നടപടി**

47 **ശ്രീ. അപു ജോൺ ജോസഫ്**

**ശ്രീ. ഷിബു തെക്കുംപുറം**

**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന-മുൻഗണനാ മേഖലകളിൽ കൂടുതൽ പ്രവാസി നിക്ഷേപം ലഭ്യമാക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) പ്രവാസി പാർട്ണർഷിപ്പ് പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയെന്നും പദ്ധതിയുടെ പുരോഗതിയും അറിയിക്കാമോ;

(സി) പ്രവാസികളുടെ ബാങ്ക് നിക്ഷേപത്തെ സംസ്ഥാനത്തെ മൂലധന നിക്ഷേപമായി പരിവർത്തനം ചെയ്യുന്നത് ലക്ഷ്യമിട്ട് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ഘടകങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ;

(ഡി) ഓരോ പദ്ധതിക്കുമായി പ്രവാസി നിക്ഷേപകരെ പ്രത്യേകം സമീപിക്കുന്നതിന് പകരം പ്രവാസി നിക്ഷേപത്തിന് അനുയോജ്യവും അവർക്ക് വരുമാന ലഭ്യത ഉറപ്പുവരുത്തുന്നതുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പ്രവാസി പാർട്ണർഷിപ്പ് പദ്ധതിയിൽ ഊന്നൽ നൽകുമോ; വിശദമാക്കാമോ?

**പ്രവാസി ആരോഗ്യ അപകട ഇൻഷുറൻസ്**

48 **ശ്രീ. സജീവ് ജോസഫ്**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾക്കുള്ള സമഗ്ര ആരോഗ്യ അപകട ഇൻഷുറൻസ് പദ്ധതിയായ നോർക്ക കെയർപ്ലസിന്റെ രണ്ടാംഘട്ട എൻറോൾമെന്റ് ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) അഞ്ച് ലക്ഷം മുതൽ ഒരു കോടി രൂപ വരെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്ന പ്രസ്തുത പദ്ധതിയെക്കുറിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) സാധുവായ നോർക്ക പ്രവാസി ഐ.ഡി., സ്റ്റുഡന്റ് ഐ.ഡി., എൻ.ആർ.കെ. ഐ.ഡി. എന്നിവ ഉള്ള പ്രവാസി കേരളീയർക്ക് പ്രസ്തുത പദ്ധതിയിൽ എൻറോൾ ചെയ്യാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

**<u>നോർക്കയിലെ നിയമനങ്ങൾ</u>**

49 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പത്ത് വർഷത്തിലധികമായി തുടർച്ചയായി ജോലി ചെയ്യുന്നവർ ഉണ്ടോ; അവരുടെ പേര്, മാതൃ വകുപ്പ്, ഡെപ്യൂട്ടേഷൻ തുടങ്ങിയ തീയതി, ഇപ്പോൾ വഹിക്കുന്ന തസ്തിക എന്നിവയുടെ വിശദാംശം നൽകുമോ; മൂന്ന് വർഷമാണ് ഡെപ്യൂട്ടേഷൻ കാലാവധി എന്നിരിക്കെ പത്ത് വർഷം തുടരുന്നത് ചട്ടവിരുദ്ധമാണോ എന്ന് പരിശോധിക്കുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 179 ദിവസത്തേക്ക് നിയമിക്കപ്പെട്ടവർ കാലാവധി കഴിഞ്ഞിട്ടും വർഷങ്ങളായി നോർക്കയിൽ തുടരുന്നുണ്ടോ; അത്തരത്തിൽ എത്ര പേർ ഉണ്ട് എന്ന് വ്യക്തമാക്കുമോ; അവരുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) നോർക്കയിൽ ട്രെയിനി ആയി ചേർന്നവരെ ട്രെയിനിംഗ് കഴിഞ്ഞിട്ടും ജീവനക്കാരായി തുടരാൻ അനുവദിച്ചിട്ടുണ്ടോ; എത്ര പേർ ഇങ്ങനെ തുടരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) ജില്ലാ നോർക്ക സെല്ലുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കപ്പെട്ടവർ അനുവദനീയമായ കാലാവധിക്ക് ശേഷവും തുടരുന്നുണ്ടോ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ഇ) മേൽപ്പറഞ്ഞ തരത്തിൽ ചട്ടവിരുദ്ധമായി തുടരുന്നവർക്ക് ശമ്പളം നൽകുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ ഗവേണിംഗ് ബോഡിയുടെയോ സർക്കാരിന്റെയോ അനുമതി ഇല്ലാതെയാണോ ഇവരെ തുടരാൻ അനുവദിക്കുന്നത് എന്ന് വിശദമാക്കുമോ?

**<u>നോർക്ക മുഖേന പുതിയ സംരംഭകർക്കായുള്ള ധനസഹായ പദ്ധതികൾ</u>**

50 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരിച്ചെത്തിയ പ്രവാസികൾക്കും പുതിയ സംരംഭകർക്കുമായി നോർക്ക റൂട്ട്സ് (NORKA Roots) അല്ലെങ്കിൽ നിക്സ (NICKSA NORKA Institute of Foreign Languages/NORKA Department Initiatives) മുഖേന ഏതെങ്കിലും പുതിയ സംരംഭകത്വ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ;

(ബി) പ്രവാസി സംരംഭകർക്കായി നിലവിലുള്ള എൻ. ഡി. പി. ആർ. ഇ. എം. (നോർക്ക ഡിപ്പാർട്ട്മെന്റ് പ്രൊജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ്) പോലെയുള്ള വായ്പ്പാ-സബ്സിഡി പദ്ധതികളിലേക്ക് പുത്തൻ സംരംഭകരെ ആകർഷിക്കുന്നതിനായി എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പ്രവാസികൾക്കും തുടക്കക്കാർക്കും സാങ്കേതിക സഹായം, ബിസിനസ് ഗൈഡൻസ്, മൂലധന സബ്സിഡി എന്നിവ ലഭ്യമാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) കുന്ദമംഗലം മണ്ഡലം ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ മുൻ പ്രവാസികൾക്കും പുതിയ സംരംഭകർക്കും ഈ പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കുന്നതിനായി പ്രത്യേക ബോധവത്ക്കരണ ക്യാമ്പുകളോ സംരംഭക സഹായ സെല്ലുകളോ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**<u>കൊണ്ടോട്ടി മണ്ഡലത്തിൽ പുതിയ കോടതി</u>**

51 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കോടതികളൊന്നും ഇല്ലാത്ത കൊണ്ടോട്ടി മണ്ഡലത്തിൽ ഒരു കോടതി സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ ഇത് വരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ കൊണ്ടോട്ടിയിൽ കോടതി ആരംഭിക്കുന്ന വിഷയത്തിൽ ഇത് വരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ

(സി) കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രദേശമായതും മലപ്പുറം ജില്ലാ അതിർത്തിയോട് ചേർന്നുള്ള പ്രദേശമായതും പരിഗണിച്ച്, കൊണ്ടോട്ടിയിൽ ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നതിന് അടിയന്തര പരിഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**ചാവക്കാട് നഗരസഭ ടൗൺ ഹാൾ നിർമ്മാണം**

52 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിലെ പദ്ധതി പ്രകാരം ഗുരുവായൂർ നിയോജക മണ്ഡലത്തിൽ അനുമതി നൽകിയ ചാവക്കാട് നഗരസഭ മുനിസിപ്പൽ ടൗൺ ഹാൾ നിർമാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജോലി ചെയ്ത ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ സ്ഥിരപ്പെടുത്തുന്നത്.**

53 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 മുതൽ വിവിധ വർഷങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന താത്കാലികമായി ജോലി ചെയ്തു പിരിച്ചു വിടപ്പെട്ട ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് പുനർനിയമനം നൽകി സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

(ബി) 2004 ജനുവരി മുതൽ നാളിതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന താൽക്കാലിക ജീവനക്കാരായി 179 ദിവസം വരെ ജോലി ചെയ്തു പിരിച്ചു വിടപ്പെട്ട ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് വിവിധ സർക്കാർ വകുപ്പുകളിൽ പുനർനിയമനം നൽകി സ്ഥിരപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിൽ വിവിധ സർക്കാർ ബോർഡുകളിലോ, സർവ്വകലാശാലകളിലോ,സഹകരണ, എയ്ഡഡ് സ്ഥാപനങ്ങളിലോ നിയമനം നൽകി സ്ഥിരപ്പെടുത്തുന്നത് സർക്കാരിന്റെ പരിഗണയിലുണ്ടോയെന്ന് വിശദമാക്കാമോ?

**നവകേരള സദസ് നാട്ടിക മണ്ഡലത്തിൽ അനുവദിച്ച പ്രവർത്തികൾ**

54 **ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നവകേരള സദസ് പദ്ധതിയിൽ ഉൾപ്പെടുത്തി നാട്ടിക മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും, അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ;ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**<u>മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി - തിരുവല്ല മണ്ഡലത്തിലെ പൂർത്തിയാകാത്ത പ്രവർത്തികൾ</u>**

55 **ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിലുൾപ്പെട്ടതിൽ തിരുവല്ല മണ്ഡലത്തിലെ പൂർത്തിയാകാത്ത പ്രവൃർത്തികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) പൂർത്തീകരണത്തിന് തടസ്സമായ കാരണം വിശദമാക്കാമോ?

**<u>വയോജന സൗഹൃദ സർക്കാർ ഓഫീസുകൾ</u>**

56 **ശ്രീ. വർഗ്ഗീസ് മാമ്മൻ**
**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ വയോജന സൗഹൃദമാക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ബി) മുതിർന്ന പൗരന്മാർക്കായി ഏർപ്പെടുത്തിയിട്ടുള്ള ഭൗതിക സൗകര്യങ്ങളുടെയും ലഭ്യമായ സേവനങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഓഫീസുകൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്താൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ;

(സി) രാജ്യത്തെ ഏതൊക്കെ സംസ്ഥാനങ്ങളിൽ പ്രസ്തുത സർട്ടിഫിക്കേഷൻ/ ഗ്രേഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ടെന്ന വിവരം ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ; സർട്ടിഫിക്കേഷന് അടിസ്ഥാനമാക്കുന്ന മാനദണ്ഡങ്ങൾ

എന്തൊക്കെയാണെന്നും ഏതൊക്കെ ഓഫീസുകളെയാണ് ആദ്യഘട്ടത്തിൽ ഇതിനായി പരിഗണിക്കുകയെന്നും വ്യക്തമാക്കാമോ;

(ഡി) സർക്കാർ സേവനങ്ങളും ക്ഷേമപദ്ധതികളും മുതിർന്ന പൗരന്മാരിലെത്തിക്കാൻ ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എൽഡർ ഫെസിലിറ്റേഷൻ ഡെസ്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന സേവനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

## മുതിർന്ന പൗരന്മാരുടെ പരിചരണം

57 **ശ്രീ. അൻവർ സാദത്ത്**

**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**

**ശ്രീ. അബിൻ വർക്കി കോടിയാട്ട്**

**ശ്രീ. നാട്ടകം സുരേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും പരിചരണത്തിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് യാഥാർത്ഥ്യമാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വീടുകളിൽ ഒറ്റപ്പെട്ടുപോകുന്ന മുതിർന്നവരുടെ ക്ഷേമ വിവരങ്ങൾ അന്വേഷിക്കാനും ഭക്ഷണം, മരുന്ന് തുടങ്ങിയവ ഉറപ്പാക്കാനും ഉള്ള വിപുലമായ പരിചരണ സംവിധാനം നടപ്പാക്കുമോ; വിശദമാക്കുമോ;

(സി) രാജ്യത്തെ ഏറ്റവും മികച്ച വയോജന സൗഹൃദ സമൂഹമാക്കി സംസ്ഥാനത്തെ മാറ്റുവാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

## മുതിർന്ന പൗരന്മാർക്കായി പ്രത്യേക സേവനങ്ങളും പദ്ധതികളും

58 **ശ്രീ. സേനാപതി വേണു**

**ശ്രീ. വി. ടി. സൂരജ്**

**ശ്രീ. റോണി. കെ. ബേബി**

**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുതിർന്ന പൗരന്മാർക്കായി പ്രത്യേക വകുപ്പ് രൂപീകരിച്ച സാഹചര്യത്തിൽ, എന്തൊക്കെ പ്രത്യേക സേവനങ്ങളും പദ്ധതികളുമാണ്

ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രത്യേക പരിചരണം ആവശ്യമുള്ളവരും ഒറ്റയ്ക്ക് കഴിയുന്നവരുമായ മുതിർന്നവരെ ഉൾപ്പെടുത്തി എൽഡർ വൾനറബിലിറ്റി രജിസ്റ്റർ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) മുതിർന്ന പൗരന്മാർക്ക് ആരോഗ്യസേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) സിൽവർ എക്കണോമിയുടെ ഭാഗമായി എന്തൊക്കെ പദ്ധതികൾ ആവിഷ്കരിക്കുമെന്ന് വ്യക്തമാക്കുമോ?

## ഹെലികോപ്ടർ യാത്ര

59 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാടകയ്ക്കെടുത്ത ഹെലികോപ്ടറിൽ 31.07.2026-ന് മുഖ്യമന്ത്രി തിരുവനന്തപുരത്ത് നിന്ന് കൊച്ചിയിലേക്ക് യാത്ര നടത്തിയിരുന്നോ; വ്യക്തമാക്കാമോ;

(ബി) യാത്ര ഔദ്യോഗികമായിരുന്നോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## തൊടുപുഴ നിയോജക മണ്ഡലത്തിൽ ഇടുക്കി പാക്കേജ്പ്രവൃത്തികൾ

60 **ശ്രീ. അപു ജോൺ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷത്തിനിടെ ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി എത്ര തുകയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; എത്ര എണ്ണം പൂർത്തീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) തൊടുപുഴ നിയോജക മണ്ഡലത്തിൽ എത്ര തുകയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്;ഏതൊക്കെയാണ്;നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## കെ-റെയിൽ

61 **ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് കെ-റെയിലുമായി ബന്ധപ്പെട്ട് നടത്തിയിരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവഴിച്ച ആകെ തുക എത്രയാണെന്ന് വിശദമാക്കാമോ;

(സി) കെ-റെയിലുമായി ബന്ധപ്പെട്ട് എടുത്ത കേസുകളിൽ ക്രിമിനൽ കേസുകൾ ഒഴികെയുള്ള കേസുകൾ പിൻവലിക്കാൻ ആഭ്യന്തര വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ?

<u>**ഗുരുവായൂർ തിരുവെങ്കിടം അടിപ്പാത നിർമ്മാണം**</u>

62 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഗുരുവായൂർ തിരുവെങ്കിടം അടിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് റെയിൽവേ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഗുരുവായൂർ തിരുവെങ്കിടം അടിപ്പാത നിർമ്മാണത്തിനായി റെയിൽവെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>**മുൻ സർക്കാറിന്റെ കാലത്തെ വിവിധ കുടിശ്ശികകൾ**</u>

63 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരമൊഴിഞ്ഞപ്പോൾ കെ.എം.എസ്.സി.എൽ, സപ്ലൈകോ തുടങ്ങിയ സ്ഥാപനങ്ങൾക്ക് നല്കാനുണ്ടായിരുന്ന കുടിശ്ശിക തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) തൊഴിലാളി ക്ഷേമ ബോർഡുകൾ വഴിയുള്ള സഹായങ്ങൾ, സ്കൂൾ പാചകത്തൊഴിലാളികൾ, പ്രീ-പ്രൈമറി അദ്ധ്യാപകർ തുടങ്ങിയ വിവിധ മേഖലകളിലെ ധനസഹായം സംബന്ധിച്ച കുടിശ്ശികയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(സി) വിദ്യാർത്ഥികൾക്കുള്ള വിവിധ സ്കോളർഷിപ്പുകൾ,വിവിധ രോഗം ബാധിച്ചവർക്കുള്ള ധനസഹായങ്ങൾ എന്നിവയിൽ നല്കാനുണ്ടായിരുന്ന

കുടിശ്ശിക തുകയുടെ വിവരങ്ങളും ലഭ്യമാക്കാമോ?

**പങ്കാളിത്ത പെൻഷൻ പദ്ധതിയും സ്റ്റാറ്റ്യൂട്ടറി പെൻഷനും**

64 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കുമായി സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിർത്തലാക്കി പങ്കാളിത്ത പെൻഷൻ പദ്ധതി ഏർപ്പെടുത്തിയത് ഏത് സർക്കാരിന്റെ കാലത്താണ്;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കിയതിനെതിരെ അധ്യാപക-സർവ്വീസ് സംഘടനകൾ സമരം നടത്തിയിരുന്നോ; എങ്കിൽ ഏതൊക്കെ സംഘടനകളാണ് സമരത്തിന് നോട്ടീസ് നൽകിയത്;സമരം എത്ര നാൾ നീണ്ടുനിന്നിരുന്നു;

(സി) പങ്കാളിത്ത പെൻഷന് പകരമായി നിശ്ചിത പെൻഷൻ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് അഷ്വേർഡ് പെൻഷൻ പദ്ധതി നടപ്പിലാക്കാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്നോ; പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ഏത് ഘട്ടത്തിലാണ്, ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന സർവ്വീസിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടാത്ത സ്റ്റാറ്റ്യൂട്ടറി പെൻഷൻ ലഭിക്കുന്നതിന് അർഹതയുള്ള എത്ര ജീവനക്കാർ നിലവിലുണ്ട്?

**നൂറ് ദിന കർമ്മപരിപാടിയിലെ പ്രവൃത്തികൾ**

65 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്ന് 100 ദിവസത്തിനകം പുതിയ ഭരണാനുമതി നൽകി ആരംഭിച്ച പ്രവൃത്തികൾ എത്രയാണ്; പൂർത്തീകരിച്ച പ്രവൃത്തികൾ എത്രയാണ്; ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ പുരോഗതിയിലായിരുന്ന എത്ര പ്രവൃത്തികൾ പ്രസ്തുത കാലയളവിൽ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

**പുതുക്കാട് മണ്ഡലത്തിലെ നവകേരള സദസ്സ്പദ്ധതികൾ**

66 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നവകേരള സദസ്സിന്റെ ഭാഗമായി അനുവദിച്ച പദ്ധതികളിൽ, അനുവദിച്ച തുകയേക്കാൾ കൂടുതലായി ടെണ്ടർ തുക വന്നവയുടെ ടെണ്ടറുകൾക്ക് അംഗീകാരം നൽകിയിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതുക്കാട് മണ്ഡലത്തിൽ ഇതിന്റെ ഭാഗമായി അനുവദിച്ച " ഓവുങ്ങൽ-കൊരേച്ചാൽ-ചെമ്പൂച്ചിറ- നൂലുവള്ളി റോഡ് ബി.എം.ബി.സി " നവീകരണ പ്രവൃത്തിയുടെ ടെണ്ടർ പ്രകാരം അധികമായി ആവശ്യമുള്ള തുകയായ 17 ലക്ഷം രൂപ അനുവദിക്കുന്നതിനും, ടെണ്ടർ അംഗീകാരം നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>കിഫ്ബി ഫണ്ടുപയോഗിച്ച് കല്ലൂരിക്കടവ് പാലത്തിന്റെ പ്രവൃത്തി</u>**

67 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പാപ്പിനിശ്ശേരി-നാറാത്ത് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കല്ലൂരിക്കടവ് പാലത്തിന്റെ പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ആയതിനായി ഭൂമി ഏറ്റെടുക്കുന്നതിന്റെ നടപടി ആരംഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ വേഗം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

**<u>നാട്ടിക നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

68 **ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

**കിഫ്ബിയുടെ പ്രവർത്തനം**

69 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കിഫ്ബിയുടെ പ്രവർത്തനത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതിനായി പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) കിഫ്ബിയുടെ കടബാധ്യത കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

**ഒറ്റപ്പാലം എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ടിൽ നിന്നും കമ്പ്യൂട്ടറുകൾ വാങ്ങൽ .**

70 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 വർഷത്തെ ഒറ്റപ്പാലം നിയോജക മണ്ഡലം എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ടിൽ നിന്നും കമ്പ്യൂട്ടറുകൾ വാങ്ങി നൽകുന്നതുമായി ബന്ധപ്പെട്ട 11203957/2026/Finance എന്ന ഫയലിന്റെ നിലവിലെ സ്ഥിതി, ഫയലിൻമേൽ കൈക്കൊണ്ട തീരുമാനം എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**നവകേരള സദസ്സുമായി ബന്ധപ്പെട്ട് അമ്പൂരി ടൂറിസം ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് പദ്ധതി**

71 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സുമായി ബന്ധപ്പെട്ട് മുൻ സർക്കാർ പാറശാല നിയോജകമണ്ഡലത്തിലെ അമ്പൂരിയിൽ ₹7 കോടി രൂപ അനുവദിച്ച അമ്പൂരി ടൂറിസം ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് പദ്ധതിയുടെ നിലവിലെ

സ്ഥിതിയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ പദ്ധതി ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്നും പദ്ധതി നടപ്പാക്കുന്നതിന് നിലവിൽ എന്തെങ്കിലും സാങ്കേതികമോ ഭരണപരമോ ആയ തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) പദ്ധതി നടപ്പാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ടെൻഡർ നടപടികൾ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അവ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതി അടിയന്തരമായി ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; പദ്ധതി ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള സമയപരിധി വ്യക്തമാക്കാമോ?

## <u>ധനകാര്യ വകുപ്പിൽ നിന്നുള്ള ഭരണാനുമതി</u>

72 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബജറ്റിൽ 20% തുക വകയിരുത്തിയ സർക്കാർ ഉത്തരവ് (ആർ. ടി.)നം.657/2026- പ്രകാരം ധനകാര്യ വകുപ്പ് അനുമതി ലഭ്യമാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവിലുള്ള പ്രവൃത്തികളുടെ ഭരണാനുമതിക്കായി പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് നല്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## <u>സ്ത്രീ സുരക്ഷാ പദ്ധതി</u>

73 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 നവംബറിൽ ധനകാര്യ വകുപ്പ് ഉത്തരവിറക്കി നടപ്പാക്കിയ സ്ത്രീ സുരക്ഷാ പദ്ധതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലേയ്ക്ക് ലഭിച്ച അപേക്ഷകൾ പരിഗണിച്ച്, അവ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തി, ഗുണഭോക്തൃ പട്ടിക പൂർത്തിയാക്കിയത് എങ്ങനെയാണെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ ഓരോ മാസവും എത്ര വീതം ഗുണഭോക്താക്കൾക്കായി ആകെ എത്ര തുകയാണ് വിതരണം ചെയ്തതെന്ന് പട്ടിക തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി മുൻ സർക്കാരിന്റെ അവസാന ബജറ്റിലും നിലവിലെ ബജറ്റിലും എത്ര വീതം തുകയാണ് വകയിരുത്തിയത്;

(ഇ) സാമ്പത്തികമായി പിന്നാക്കമുള്ള സ്ത്രീകളിൽ നിന്ന് അപേക്ഷ സ്വീകരിച്ച് അപേക്ഷകരുടെ യോഗ്യത തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന സ്ഥിരീകരിച്ച് 1000 രൂപ പ്രതിമാസ ധനസഹായം നൽകുന്ന സ്ത്രീ സുരക്ഷാ പദ്ധതി തുടരുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

## <u>സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി</u>

74 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരം ഏൽക്കുമ്പോൾ സംസ്ഥാനത്തിന്റെ ആകെ പൊതുകടം എത്രയാണ്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ സമയത്ത് വിവിധ വായ്പകളിലും ബോണ്ടുകളിലും മറ്റിനങ്ങളിലും നിന്നുമായി സംസ്ഥാനം എടുത്തിട്ടുള്ള ബോണ്ടുകളും കടപ്പത്രങ്ങളും മറ്റിനങ്ങളിലുമായി എടുത്തിട്ടുള്ള കടങ്ങളും അവ എടുത്തിട്ടുള്ള തീയതികൾ, തിരിച്ചടവ് കാലാവധി, പലിശ നിരക്ക് എന്നിങ്ങനെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) 2016-17 മുതൽ 2025-26 സാമ്പത്തിക വർഷം വരെ ഒരോ സാമ്പത്തിക വർഷത്തിലും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം എത്ര വീതമായിരുന്നു എന്ന് അറിയിക്കുമോ;

(ഡി) ഈ കാലയളവിൽ ഒരോ സാമ്പത്തിക വർഷവും വിവിധ ഇനങ്ങളിലായി സംസ്ഥാനത്തിനു ലഭിച്ച ആകെ കേന്ദ്ര വിഹിതം എത്ര തുക വീതമാണ്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## സംസ്ഥാനം എടുത്ത വായ്പകൾ

75 **ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2026 വരെ രണ്ട് മുൻസർക്കാരുകൾ എത്ര രൂപ വായ്പയായി എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വായ്പകൾ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്ന് എത്ര വീതം എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ എടുത്ത വായ്പകളുടെ തിരിച്ചടവ് വിവരങ്ങൾ ലഭ്യമാക്കാമോ; എടുത്ത ഓരോ വായ്പയുടെയും പലിശ നിരക്ക് തരംതിരിച്ച് ലഭ്യമാക്കുമോ?

## സംസ്ഥാനത്തിന്റെ വരുമാന വളർച്ച

76 **ശ്രീ. അപു ജോൺ ജോസഫ്**
**ശ്രീ. ഷിബു തെക്കുംപുറം**
**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാന വളർച്ചയ്ക്കായി നിലവിലെ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) 2026-27 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിലെ വരുമാനത്തിൽ മുൻ വർഷത്തെ സമാന പാദത്തിനേക്കാൾ ഉയർച്ച രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത കാലയളവുകളിലെ, സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാനവും വരുമാന വളർച്ചയും താരതമ്യം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) നികുതി ചോർച്ച തടയുന്നതിനായി ഇന്റലിജൻസ്, ആഭ്യന്തര പരിശോധന സംവിധാനങ്ങളിൽ നിലവിലെ സർക്കാർ നടപ്പിലാക്കിയ പരിഷ്കാരങ്ങളും അപ്പലേറ്റ് സംവിധാനത്തിലുൾപ്പെടെയുള്ള അഴിമതി തടയുന്നതിന് സ്വീകരിച്ച നടപടികളും വിശദീകരിക്കാമോ?

**നികുതിയേതര വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് നടപടി**

77 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്തു വർഷക്കാലയളവിൽ ഓരോ വർഷവും നികുതി നിരക്ക് വർദ്ധനവിലൂടെ എത്ര തുകയാണ് ജനങ്ങളിൽ നിന്നും പിരിച്ചെടുക്കാൻ തീരുമാനിച്ചിട്ടുള്ളത്; എങ്കിൽ സാമ്പത്തിക വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) മുൻ സർക്കാർ നികുതി പിരിവ് കാര്യക്ഷമമാക്കാതെ നികുതി നിരക്ക് വർദ്ധിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനു ശ്രമിച്ചിട്ടുള്ളതായി കണക്കുകളുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തെറ്റായ ഈ പ്രവണത തിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ജനങ്ങളുടെ മേൽ കൂടുതൽ നികുതി ഭാരം അടിച്ചേൽപ്പിക്കാതെ ഇതര വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തി സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**സംസ്ഥാനത്തിന്റെ ധനസ്ഥിതി**

78 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോഴുള്ള സംസ്ഥാനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എന്തെല്ലാം തരത്തിലുള്ള ബാധ്യതകളാണ് നിലവിലെ സർക്കാരിന് കൊടുത്ത് തീർക്കാൻ ഉള്ളത്; അവ ഓരോന്നിന്റെയും ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കഴിഞ്ഞ പത്ത് വർഷത്തെ ധൂർത്തും ധനകാര്യ മനേജ്മെന്റിലെ പിഴവുമാണ് ധനസ്ഥിതി തകരാറിലാക്കിയതെന്ന് കരുതുന്നുണ്ടോ; എങ്കിൽ പ്രസ്തുത കാലയളവിൽ ഉണ്ടായിരുന്ന ഏതെല്ലാം തരത്തിലുള്ള അമിത വ്യയങ്ങളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ; ഇത്തരം പിഴവുകൾ തിരുത്തുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്; വിശദമാക്കാമോ;

(ഡി) കഴിഞ്ഞ പത്ത് വർഷത്തെ ഭരണകാലത്ത് സർക്കാർ എടുത്ത ഏതെല്ലാം വായ്പകളുടെ തിരിച്ചടവാണ് നിലവിലെ സർക്കാരിന് നൽകേണ്ടി വരുന്നത്; ഏതെല്ലാം ഏജൻസികൾക്കാണ് തുക നൽകാനുള്ളത്; ഓരോ വായ്പയുടെയും പലിശ സഹിതമുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ഇ) സംസ്ഥാന സർക്കാരിന്റെ ഗ്യാരന്റിയിൽ കിഫ്ബി, കേരള സാമൂഹ്യ സുരക്ഷാ പെൻഷൻ ലിമിറ്റഡ് പോലെയുള്ള സ്ഥാപനങ്ങൾ കഴിഞ്ഞ പത്ത് വർഷത്തിനിടെ എത്ര തുകയാണ് വായ്പയായി എടുത്തിട്ടുള്ളത്; അതിൽ എത്ര തുക അടച്ച് തീർക്കാനുണ്ട്; ഇത്തരം വായ്പകൾ സർക്കാരിന്റെ ധനസ്ഥിതിയെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ;

(എഫ്) സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താനുള്ള എന്തെല്ലാം മാർഗ്ഗങ്ങളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്; കിഫ്ബിയെ ഏതെങ്കിലും തരത്തിൽ പുനഃസംഘടിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

## കോട്ടക്കൽ നഗരസഭാ മാർക്കറ്റ് ആധുനികവത്കരണം

79 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ നഗരസഭ മാർക്കറ്റ് ആധുനികവൽക്കരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനായി നിലവിൽ എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടെന്നും പ്രവൃത്തിക്ക് കിഫ്ബിയുടെ പുതുക്കിയ ധനാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോയെന്നും വിശദമാക്കാമോ?

## ചിറയിൻകീഴ് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

80 **ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന നിലവിൽ നടപ്പാക്കുന്ന പദ്ധതികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും അനുവദിച്ച തുക, നിലവിലെ സ്ഥിതി, ഇതുവരെ ചെലവഴിച്ച തുക, പൂർത്തീകരണത്തിന് നിശ്ചയിച്ചിട്ടുള്ള തീയതി എന്നിവ വിശദമാക്കാമോ?

**കിഫ്ബി പരസ്യങ്ങൾക്കായി ചെലവഴിച്ച തുക**

81 **ശ്രീ. കെ. ജയന്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ കിഫ്ബി പരസ്യങ്ങൾക്കായി ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; സാമ്പത്തിക വർഷം തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ കിഫ്ബി പരസ്യങ്ങൾ നൽകിയ പത്രങ്ങൾ, ടെലിവിഷൻ ചാനലുകൾ, റേഡിയോ, ഓൺലൈൻ മാധ്യമങ്ങൾ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ എന്നിവ ഏതൊക്കെയാണ്; ഓരോ മാധ്യമത്തിനും നൽകിയ തുക വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) കിഫ്ബി പരസ്യങ്ങൾക്കായി സർക്കാർ ഉടമസ്ഥതയിലുള്ള മാധ്യമ സ്ഥാപനങ്ങൾക്കും സ്വകാര്യ മാധ്യമ സ്ഥാപനങ്ങൾക്കും നൽകിയ തുക എത്രയാണ്; സ്ഥാപനവും വർഷവും തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

**നീലേശ്വരം-ഇടത്തോട് റോഡ് പ്രവൃത്തി**

82 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ നീലേശ്വരം-ഇടത്തോട് റോഡിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) റിസ്ക് ആൻഡ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ ടെർമിനേറ്റ് ചെയ്യപ്പെട്ട പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കാനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**കിഫ്ബി പദ്ധതികളുടെ തുടർച്ച**

83 **ശ്രീ. വി. മുരളീധരൻ**

**ശ്രീ. രാജീവ് ചന്ദ്രശേഖർ**

**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതികളുടെ തുടർച്ച സംബന്ധിച്ച് പഠിക്കുന്നതിനായി സർക്കാർ നിയോഗിച്ച പുന:പരിശോധനാ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ അന്തിമ തീരുമാനം ആകാത്തതു മൂലവും സർക്കാർ തുടർനിർദേശങ്ങളൊന്നും നൽകാത്തതിനാലും, ആരംഭിച്ചുകഴിഞ്ഞ പല പദ്ധതികളും മുടങ്ങിക്കിടക്കുന്നതും അടിസ്ഥാന സൗകര്യ വികസനം ഉൾപ്പടെയുള്ള പദ്ധതികൾ നിലച്ചിരിക്കുന്നതു മൂലം പൊതുജനങ്ങൾ ബുദ്ധിമുട്ട് നേരിടുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച പരിഹാര നടപടികൾ വിശദമാക്കാമോ;

(സി) ഈ വിഷയത്തിലെ അനിശ്ചിതത്വം മൂലം തുടർപ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇത്തരം പദ്ധതിപ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനായി എന്ത് ബദൽ സംവിധാനം കൊണ്ടുവരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഡി) കഴക്കൂട്ടം മണ്ഡലത്തിൽ മുടങ്ങിക്കിടക്കുന്ന രണ്ട് കിഫ്ബി പദ്ധതികളായ മണ്ണന്തല-കേരളാദിത്യപുരം-പൗഡിക്കോണം റോഡ് നിർമ്മാണം, ശ്രീകാര്യത്തെ ഫ്ലൈ ഓവർ നിർമ്മാണം എന്നിവയിലെ തടസ്സം നീക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>കോതമംഗലം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

84 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ നിലവിലെ കിഫ്ബി പദ്ധതികൾ ഏതൊക്കെയാണ്; കിഫ്ബി പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ബി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള തങ്കളം - കാക്കനാട് നാലുവരി പാതയുടെ പുരോഗതി വിശദമാക്കാമോ;

(സി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന ചേലാട് സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**കിഫ്ബിയുടെ നവീകരണം**

85 **ശ്രീ. അപു ജോൺ ജോസഫ്**
**ശ്രീ. ഷിബു തെക്കുംപുറം**
**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻ ലക്ഷ്യമിട്ട് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) സാമ്പത്തിക അച്ചടക്കവും കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ കണ്ടെത്താൻ കിഫ്ബിയെ പ്രാപ്തമാക്കുന്നതിനും ലക്ഷ്യം വെച്ച് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) കിഫ്ബി പുന:സംഘടന സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ സമിതിയുടെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ഡി) നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള കിഫ്ബി പദ്ധതികളുടെ പ്രവർത്തനം നിർബാധം തുടരുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

**ചേലക്കര ബൈപ്പാസ് നിർമ്മാണ പ്രവൃത്തികൾക്കായി കിഫ്ബി ധനസഹായം**

86 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നിന്നും തുക അനുവദിക്കുന്നതും പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയതുമായ ചേലക്കര ബൈപ്പാസ് നിർമ്മാണ പ്രവൃത്തികൾക്കായി കിഫ്ബിയിൽ നിന്നും എത്ര കോടി രൂപ ലാന്റ് അക്വിസിഷൻ നടപടികൾക്കായി ഇതുവരെ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുണ്ട്;

(ബി) നിലവിൽ ഈ പ്രവൃത്തി എത്ര കോടി രൂപയുടേതാണ്;

(സി) ചേലക്കര ടൗണിലെ വർദ്ധിച്ച ഗതാഗത തിരക്ക് കണക്കിലെടുത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിന് കിഫ്ബി മുഖ്യ പരിഗണന നൽകുമോ; വ്യക്തമാക്കുമോ?

**പുതുക്കാട് നിയോജകമണ്ഡലത്തിലെ കിഫ്ബി വികസന പദ്ധതികൾ**

87 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ള വികസന പദ്ധതികൾ ഏതൊക്കെയാണെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർക്കാർ അടിയന്തരനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**ആലത്തൂർ നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

88 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ നിലവിൽ കിഫ്ബി മുഖേന നടന്നുവരുന്ന പ്രവർത്തികളുടെ വിശദാംശങ്ങളും പുരോഗതിയും വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി മുഖേന പ്രഖ്യാപിച്ച പദ്ധതികളിൽ ഇനി എത്ര പദ്ധതികൾക്കാണ് ഭരണാനുമതി ലഭ്യമാകാനുള്ളത്; വിശദമാക്കാമോ?

**പുതുക്കാട് മണ്ഡലത്തിലെ കിഫ്ബി ഫണ്ടുപയോഗിച്ചുള്ള വികസനം**

89 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജക മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമാണം നടത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുള്ള പുതുക്കാട് റെയിൽവേ മേൽപ്പാലം, മലയോര ഹൈവേ നിർമ്മാണം എന്നിവയുടെ

ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിനും ടെണ്ടറുകൾക്ക് അപ്രൂവൽ നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗപ്പെടുത്തി നടപ്പാക്കുന്ന മുഴുവൻ പ്രവർത്തികളും കാലതാമസം കൂടാതെ നടപ്പാക്കുന്നതിനും പൂർത്തീകരിക്കുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

## കിഫ്ബി മുഖേന പരസ്യങ്ങൾക്ക് ചെലവഴിച്ച തുക

90 **ശ്രീ. വി. ടി. ബൽറാം**
**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**
**ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന പരസ്യത്തിനായി 2016-21, 2021-26 കാലയളവുകളിൽ മുൻസർക്കാർ ആകെ എത്ര തുക ചെലവഴിച്ചു; വിശദാംശം ഇനം തിരിച്ച വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ സർക്കാർ പദ്ധതികൾ സംബന്ധിച്ച് കിഫ്ബി മുഖേന പരസ്യം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരസ്യങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും ഏതൊക്കെ പദ്ധതിക്കാണ് പരസ്യം നൽകിയത് എന്നും ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത് എന്നും വ്യക്തമാക്കുമോ?

## എറണാകുളം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

91 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും അവയുടെ പുരോഗതിയും അറിയിക്കുമോ?

## വളാഞ്ചേരി നഗരസഭാ കെട്ടിട നിർമ്മാണം

92 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭാ കെട്ടിട നിർമ്മാണ

പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; പ്രവൃത്തി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാം നടപടികളാണ് അവശേഷിക്കുന്നതെന്നും പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്നും വിശദമാക്കാമോ?

<u>**തിരൂർ നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**</u>

93 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2026 വരെ തിരൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ച കിഫ്ബി പദ്ധതികളും അതിന് അനുവദിച്ച തുകയും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയാക്കാനുള്ളവ ഏതെല്ലാമാണെന്നും അവ എന്നത്തേക്ക് പൂർത്തിയാകുമെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ തിരൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ച കിഫ്ബി പദ്ധതികളിൽ ഉപേക്ഷിക്കപ്പെട്ടവയുണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും അത് ഉപേക്ഷിക്കുന്നതിനുള്ള കാരണമെന്തെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിലെ കിഫ്ബി പദ്ധതികളിൽ സാങ്കേതിക കാരണങ്ങൾ കൊണ്ട് നടപ്പിലാക്കാൻ സാധിക്കാത്ത പദ്ധതികളുണ്ടോ; എങ്കിൽ അവ നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

<u>**കിഫ്ബി ഫണ്ട് ഉപയോഗിച്ച് രാഷ്ട്രീയ പ്രചാരണം**</u>

94 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. കെ. ഫിറോസ്**
**ശ്രീ. ടി. പി. അഷ്റഫലി**
**ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ രാഷ്ട്രീയ പ്രചാരണത്തിന് കിഫ്ബിയുടെ ഫണ്ട് ഉപയോഗിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കോടി രൂപയാണ് പ്രചാരണത്തിനായി ചെലവഴിച്ചതായി കണ്ടെത്തിയത്;

(സി) ഏതൊക്കെ ഏജൻസികളിലൂടെയാണ് പ്രചാരണം നടത്തിയതെന്നുള്ളതിന്റെ പരിശോധന പൂർത്തിയായോ; എങ്കിൽ വിശദാംശം നൽകാമോ?

<u>**പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ച പ്രവർത്തികൾ**</u>

95 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി പാലം, പട്ടാമ്പി–ആമയൂർ റോഡ്, പട്ടാമ്പി റവന്യൂ ടവർ, പട്ടാമ്പി ഗവ. കോളേജിലെ ഇൻഡോർ സ്റ്റേഡിയം എന്നീ പദ്ധതികൾക്ക് കിഫ്ബി മുഖേന ഭരണാനുമതി നൽകിയ തീയതി, ടെൻഡർ ചെയ്ത തീയതി എന്നിവ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി പദ്ധതി തിരിച്ച് വിശദമാക്കാമോ;

(സി) നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമാണ്; അവ ആരംഭിക്കാത്തതിന്റെ കാരണങ്ങളും സമയബന്ധിതമായി പ്രവർത്തനം ആരംഭിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള പരിഹാര നടപടികളും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

<u>**മങ്കട മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**</u>

96 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കുന്ന ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്നും അവ നടപ്പാക്കുന്ന ഏജൻസികൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതൊക്കെയാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇനിയും നടപ്പിലാക്കാനുള്ള പ്രവൃത്തികൾ സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പദ്ധതി തിരിച്ച് വിശദമാക്കാമോ; ഏതെങ്കിലും പ്രവൃത്തി നടപ്പിലാക്കുന്നതിൽ തടസ്സങ്ങൾ നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മണ്ഡലത്തിലെ കിഫ്ബി പദ്ധതികളിൽ ഉൾപ്പെട്ട എല്ലാ പ്രവൃത്തികളും സമയബന്ധിതമായി തീർപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ?

**ആറ്റിങ്ങൽ മണ്ഡലത്തിലെ കിഫ്ബി വികസന പദ്ധതികൾ**

97 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിലവിൽ നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി പദ്ധതി തിരിച്ച് വ്യക്തമാക്കുമോ?

**കല്യാശ്ശേരി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

98 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും നിലവിൽ നടപ്പാക്കിവരുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പരിഗണിച്ചതിൽ ഇനിയും പ്രവൃത്തി ആരംഭിക്കാനിരിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**തൊടുപുഴ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

99 **ശ്രീ. അപു ജോൺ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടെ തൊടുപുഴ നിയോജക മണ്ഡലത്തിലെ ഏതെങ്കിലും പ്രവൃത്തി

ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**കാട്ടാക്കട നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

100 **ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നിലവിൽ നടപ്പിലാക്കിവരുന്നതോ അംഗീകാരം ലഭിച്ചിട്ടുള്ളതോ ആയ വികസന പദ്ധതികളുടെ നിലവിലെ പുരോഗതി, അനുവദിച്ചിട്ടുള്ള തുക, പൂർത്തീകരണത്തിനായി നിശ്ചയിച്ചിട്ടുള്ള സമയക്രമം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 10.07.2017ലെ സർക്കാർ ഉത്തരവ് (ആർ.ടി. ) 942/2017/പി.ഡബ്ള്യൂ.ഡി. നമ്പർ ഉത്തരവ് പ്രകാരം അനുമതി ലഭിച്ച കിള്ളി-മേച്ചിറ-പുറ്റുമേൽക്കോണം റോഡിന്റെ നിലവിലെ നിർമ്മാണ പുരോഗതി എന്താണെന്ന് വിശദീകരിക്കാമോ;

(സി) 23.09.2017 ലെ സർക്കാർ ഉത്തരവ് (ആർ.ടി.) 52/2017/പി.ഡബ്ള്യൂ.ഡി. നമ്പർ ഉത്തരവ് പ്രകാരം അനുമതി ലഭിച്ച പൊട്ടൻകാവ്-നെല്ലിക്കാട്-ചീനിവിള-ഊന്നംപാറ-തിരളിക്കുഴി മുണ്ടുകോണം കണ്ടല റോഡിന്റെ നിലവിലെ നിർമ്മാണ പുരോഗതി എന്താണെന്ന് വിശദീകരിക്കാമോ?

**എം.എൽ.എ ആസ്തി വികസന ഫണ്ട് -സ്കൂളുകൾക്ക് വാഹനം വാങ്ങുന്നത്**

101 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂളുകൾക്ക് വാഹനം വാങ്ങുന്ന അവസരങ്ങളിൽ കൃത്യസമയത്ത് ഫണ്ട് കൈമാറുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

**ആസ്തി വികസന ഫണ്ടിൽ നിന്നുള്ള പ്രവൃത്തികൾക്കുള്ള പ്രത്യേകാനുമതി**

102 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24, 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ തലശ്ശേരി നിയോജകമണ്ഡലം എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും എത്ര പ്രവൃത്തികൾക്ക് പ്രത്യേകാനുമതി ആവശ്യമായി വന്നിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയ്ക്ക് അനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുമതി നൽകാൻ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭ്യമായിട്ടും നിർമ്മാണത്തിലിരിക്കുന്ന എ.ഡി.എസ്. പ്രവൃത്തികളുടെ പുരോഗതിയും തടസ്സങ്ങളും**

103 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭ്യമായിട്ടും വിവിധ കാരണങ്ങളാൽ ഇനിയും പൂർത്തിയാകാതെ നിർമ്മാണത്തിലിരിക്കുന്ന എ.ഡി.എസ്. പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓരോ പ്രവൃത്തിയുടേയും നിലവിലെ നിർമ്മാണ സ്ഥിതി വിശദമാക്കാമോ;

(സി) ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിലവിൽ എന്തൊക്കെ തടസ്സങ്ങളാണ് നേരിടുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിനും പദ്ധതികൾ വേഗത്തിലാക്കുന്നതിനും സർക്കാർ സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ അടിയന്തര നടപടികൾ എന്തെല്ലാമാണെന്ന് പദ്ധതി തിരിച്ച് മറുപടി നൽകാമോ;

(ഇ) ഈ പദ്ധതികളുടെ പണികൾ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന കൃത്യമായ സമയപരിധി സംബന്ധിച്ച് ഇനം തിരിച്ച് മറുപടി നൽകാമോ?

**എ.എൽ.എ. – എസ്.ഡി.എഫ്. ൽ ഉൾപ്പെടുത്തി പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി വാഹനം**

104 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-എസ്.ഡി.എഫ്.-ൽ ഉൾപ്പെടുത്തി കണ്ണൂർ കോർപ്പറേഷനിൽ പുഴാതി, പള്ളിക്കുന്ന് സോണലുകളിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി വാഹനം വാങ്ങുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണ് വിശദമാക്കാമോ;

(ബി) 3155073/എൻ.സി.ബി.റ്റി /112/2025നമ്പർ പ്രകാരം ജില്ലാ കളക്ടർക്ക് നൽകിയ കത്തിന് മറുപടി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വാഹനം വാങ്ങുന്നതിന് പ്രത്യേകാനുമതി നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ?

**<u>എം.എൽ.എ.ഫണ്ടിലെ പ്രവൃത്തികളുടെ സാങ്കേതികാനുമതി</u>**

105 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ച എം.എൽ.എ. അസറ്റ് ഡെവലപ്‌മെന്റ് സ്കീം (എ.ഡി.എസ്), സ്പെഷ്യൽ ഡെവലപ്‌മെന്റ് ഫണ്ട് (എസ്.ഡി.എഫ്.) പ്രവൃത്തികളുടെ ടെക്നിക്കൽ സാങ്ഷൻ (റ്റി.എസ്) നൽകുന്നതിൽ നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) എം.എൽ.എ.മാരുടെ മുപ്പത് ലക്ഷം രൂപ വരെയുള്ള എ.ഡി.എസ്.,എസ്.ഡി.എഫ്. പ്രവൃത്തികൾക്ക് സാങ്കേതികാനുമതി (റ്റി.എസ്) നൽകുന്നതിനുള്ള അധികാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി.)-ൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകുന്നത് പരിഗണിക്കാമോ?

**<u>വിരമിച്ച പങ്കാളിത്ത പെൻഷൻ ജീവനക്കാർക്ക് മിനിമം പെൻഷനും ഡി.സി.ആർ.ജി., ഡി.എ. കുടിശ്ശികകളും അനുവദിക്കുന്നത്</u>**

106 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.പി.എസ്.(പങ്കാളിത്ത പെൻഷൻ )പദ്ധതിയിൽ നിന്ന് വിരമിച്ച ജീവനക്കാർക്ക് ലഭിക്കുന്ന പ്രതിമാസ ആന്വിറ്റി തുക വളരെ

കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ മിനിമം പെൻഷൻ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പങ്കാളിത്ത പെൻഷൻ വഴി വിരമിച്ച ജീവനക്കാർക്ക് മറ്റ് സർവീസ് പെൻഷണർമാരെപ്പോലെ ഡി.സി.ആർ.ജി. (ഡെത്ത് കം റിട്ടയർമെന്റ് ഗ്രാജ്വൈറ്റി), ഡി.എ. കുടിശ്ശിക എന്നിവ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ സ്കീമിലുൾപ്പെട്ട എത്ര ജീവനക്കാരാണ് ഇതുവരെ വിരമിച്ചിട്ടുള്ളതെന്നും, അവർക്ക് സർവീസ് ആനുകൂല്യങ്ങളും അർഹമായ മിനിമം പെൻഷനും ഉറപ്പാക്കുന്നതിന് സർക്കാർ എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും വ്യക്തമാക്കാമോ?

## പന്ത്രണ്ടാം ശമ്പള പരിഷ്കരണം

107 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും 01.07.2024 പ്രാബല്യത്തിൽ അനുവദിക്കേണ്ട 12-ാം ശമ്പള പരിഷ്കരണത്തിനായി രൂപീകരിച്ച ശമ്പള പരിഷ്കരണ കമ്മിഷന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ശമ്പള പരിഷ്കരണ കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(സി) 12-ാം ശമ്പള പരിഷ്കരണം വൈകുന്ന സാഹചര്യത്തിൽ ഇടക്കാല ആശ്വാസം അനുവദിക്കുന്നത് പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കാമോ?

## ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള പരിഷ്കരണം

108 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം രൂപീകൃതമായ ശേഷം സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളം എത്ര തവണ പരിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ശമ്പള പരിഷ്കരണത്തിന്റെയും പ്രാബല്യ തീയതിയും അത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകളുടെ തീയതിയും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ശമ്പള പരിഷ്കരണത്തിന് നിശ്ചയിച്ചിട്ടുള്ള അഞ്ച് വർഷതത്വം എപ്പോഴെങ്കിലും പാലിക്കാതിരുന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ശമ്പള പരിഷ്കരണ കുടിശ്ശിക പൂർണമായും നൽകാത്ത സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**ബോർഡുകളിലെയും കോർപ്പറേഷനുകളിലെയും ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നത്**

109 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ അധീനതയിലുള്ള ബോർഡുകളിലും കോർപ്പറേഷനുകളിലുമായി എത്ര ജീവനക്കാർ അധിവർഷ പെൻഷൻ പറ്റി പിരിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ എത്ര ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ കെ.പി.എസ്.സി -ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**മണലൂർ മണ്ഡലത്തിലെ ബജറ്റ് പദ്ധതികളുടെ നിർവഹണവും പുരോഗതിയും**

110 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന ബജറ്റിൽ 20 ശതമാനം തുക വകയിരുത്തി മണലൂർ നിയമസഭാ മണ്ഡലത്തിനായി അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും ഏതെല്ലാം വകുപ്പുകളുടെ കീഴിലാണ് പദ്ധതികൾ അനുവദിച്ചിട്ടുള്ളതെന്നും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) പൂർത്തിയാകാതെ കിടക്കുന്ന പദ്ധതികൾക്ക് ആവശ്യമായ അധിക തുക അനുവദിച്ച് അവ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**മണലൂർ മണ്ഡലത്തിലെ ബജറ്റ് പദ്ധതികളുടെ നിർവഹണവും പുരോഗതിയും**

111 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന ബജറ്റിൽ മണലൂർ നിയമസഭാ മണ്ഡലത്തിനായി 20 ശതമാനം തുക വകയിരുത്തി അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും ഏതെല്ലാം വകുപ്പുകളുടെ കീഴിലാണ് പദ്ധതികൾ അനുവദിച്ചിട്ടുള്ളതെന്നും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ മണലൂർ നിയമസഭാ മണ്ഡലത്തിനായി സംസ്ഥാന ബജറ്റിൽ 20 ശതമാനം പ്രൊവിഷൻ നൽകി ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ പേര്, ബജറ്റ് വർഷം, ഭരണവകുപ്പ്, നിർവഹണ ഏജൻസി, അനുവദിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഓരോ പദ്ധതിയുടെയും, നിലവിലെ സ്ഥിതി - ഭരണാനുമതി ലഭിച്ചത്, സാങ്കേതികാനുമതി ലഭിച്ചത് ടെൻഡർ നടപടികൾ പൂർത്തിയായത്, പ്രവൃത്തി ആരംഭിച്ചത്, പൂർത്തിയായത്, പുരോഗതിയിലുള്ളത്, ആരംഭിക്കാത്തത് - എന്നിങ്ങനെ പദ്ധതി അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ഡി) ഓരോ പദ്ധതിക്കും ഇതുവരെ അനുവദിച്ച തുകയിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഇനി ആവശ്യമായ തുക എത്രയാണെന്നും വ്യക്തമാക്കാമോ; ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്തതോ മുടങ്ങിക്കിടക്കുന്നതോ ആയ പദ്ധതികൾ ഏതൊക്കെയാണെന്നും അവ വൈകുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(ഇ) ഭൂമി ഏറ്റെടുക്കൽ, ഭരണാനുമതി, സാങ്കേതികാനുമതി, ഡി.പി.ആർ., ടെൻഡർ, ഫണ്ട് ലഭ്യത തുടങ്ങിയ കാരണങ്ങളാൽ പദ്ധതികൾ വൈകുന്നുണ്ടെങ്കിൽ കാലതാമസം പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(എഫ്) മണ്ഡലത്തിലെ ബജറ്റ് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി വകുപ്പ് അടിസ്ഥാനത്തിൽ സമയക്രമം നിശ്ചയിച്ച് പുരോഗതി അവലോകനം ചെയ്യുന്നതിനുള്ള സംവിധാനം സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ജി) പൂർത്തിയാകാതെ കിടക്കുന്ന പദ്ധതികൾക്ക് ആവശ്യമായ അധിക തുക അനുവദിച്ച് അവ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിന് ധനകാര്യ വകുപ്പ് നടപടി സ്വീകരിക്കുമോ?

## ഭിന്നശേഷിക്കാരുടെ ക്ഷേമ പെൻഷൻ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള വരുമാനപരിധി

112 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഭിന്നശേഷിക്കാർക്കുള്ള ക്ഷേമ പെൻഷൻ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള വരുമാനപരിധി എത്രയാണ്; വരുമാനപരിധി കാരണം അർഹരായ നിരവധി ഭിന്നശേഷിക്കാർക്ക് പെൻഷൻ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മക്കൾക്ക് സർക്കാർ ജോലിയുള്ള കാരണം നിരവധി ഗുണഭോക്താക്കൾക്കും പെൻഷൻ നിഷേധിക്കപ്പെടുകയും അവർക്ക് മരുന്നിനും മറ്റ് ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിനും വലിയ പ്രയാസം നേരിടുന്ന സാഹചര്യം ഉണ്ടായിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭിന്നശേഷിക്കാരായ വ്യക്തികൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്, പെൻഷൻ ലഭിക്കുന്നതിനുള്ള വരുമാനപരിധി കുറഞ്ഞത് അഞ്ചു ലക്ഷം രൂപയായി ഉയർത്തി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ക്ഷേമ പെൻഷൻ

113 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ക്ഷേമ പെൻഷൻ കൈപ്പറ്റുന്നവർ എത്രയെന്നും മുൻ സർക്കാരിന്റെ കാലത്ത് ക്ഷേമ പെൻഷൻ കൈപ്പറ്റിയിരുന്നവർ എത്രയെന്നും വിശദമാക്കാമോ?

**<u>സാമൂഹ്യസുരക്ഷാ പെൻഷൻ</u>**

114 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാ പെൻഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ വിഭാഗങ്ങൾക്ക് ഇതിൽ ഇളവ് അനുവദിച്ചിട്ടുണ്ട്;

(സി) വീട്ടിൽ എ.സി. ഉള്ളവരെ പ്രസ്തുത പെൻഷൻ നൽകുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; ചില പ്രത്യേക രോഗങ്ങൾ ഉള്ളവർക്ക് നാട്ടിലെ സന്നദ്ധ സംഘടനകളും യുവജന സംഘടനകളും ക്ലബുകളും എ.സി. വാങ്ങി നൽകിയതിനാൽ പെൻഷനിൽനിന്ന് പ്രസ്തുത ആൾക്കാരെ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഇങ്ങനെയുള്ളവർക്ക് ഇളവ് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

**<u>ക്ഷേമ പെൻഷൻ പദ്ധതികളിലെ അർഹതാ മാനദണ്ഡം</u>**

115 **ശ്രീമതി ഫാത്തിമ തഹ്‌ലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയർ കണ്ടീഷണർ ഉണ്ടെന്ന കാരണത്താൽ ഗുണഭോക്താക്കളെ സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷനുകളിൽ നിന്ന് ഒഴിവാക്കുന്നുവെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ ക്ഷേമ പെൻഷനുകൾ ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡം പുന:പരിശോധിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) അർഹരായ വ്യക്തികൾക്ക് നിഷേധിക്കപ്പെട്ടിട്ടുള്ള ക്ഷേമ പെൻഷനുകൾ പുനസ്ഥാപിച്ച് നൽകുന്നതിന് എയർ കണ്ടീഷണർ ഉള്ളവർക്ക് ഇളവ് അനുവദിക്കുന്നത് പരിഗണനയിലുണ്ടോ?

**<u>ദുരന്ത നിവാരണ പ്രവർത്തനങ്ങൾ</u>**

116 **ശ്രീ. കെ. രാജൻ**

**ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**

**ശ്രീ. മുഹമ്മദ് മുഹസിൻ**

**ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉരുൾപൊട്ടലുകൾ, തീരശോഷണം, മുണ്ടക്കൈ-ചൂരൽമലയിലെ ദുരന്തം, വെള്ളപ്പൊക്കങ്ങൾ എന്നിങ്ങനെ കഴിഞ്ഞ ദശകത്തിൽ കേരളം നേരിട്ട നിരവധി വിനാശകരമായ പ്രകൃതി ദുരന്തങ്ങൾ ശാസ്ത്രീയമായ തയ്യാറെടുപ്പിന്റെയും മുൻകരുതലിന്റെയും അനിവാര്യത വെളിപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട് മുന്നറിയിപ്പ് നൽകുന്നതിലും രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലും നഷ്ടപരിഹാരം യഥാസമയം വിതരണം ചെയ്യുന്നതിലും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായതായി പറയപ്പെടുന്ന വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മുൻ സർക്കാർ നടപ്പിലാക്കിയ പ്രകൃതിദുരന്ത നിവാരണ സംവിധാന പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പുവരുത്തുന്നതിനായി നിലവിലുള്ള പ്രകൃതിദുരന്ത നിവാരണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് മിന്നൽപ്രളയം പതിവായ സാഹചര്യത്തിൽ പ്രാദേശിക കാലാവസ്ഥാ ഡേറ്റയുടെ അഭാവവും ജലാശയങ്ങളുടെ ആഴക്കുറവും വെള്ളം ഒഴുകാൻ ഇടമില്ലാത്തതും പ്രതിസന്ധി രൂക്ഷമാക്കുന്നു എന്നത് വിലയിരുത്തിയിട്ടുണ്ടോ; ഓരോ പ്രദേശത്തെയും കാലാവസ്ഥാ ഡേറ്റ ലഭിക്കാത്തതിനാൽ പ്രാദേശിക പ്രവചനം പരാജയപ്പെടുന്നത് ഒഴിവാക്കാൻ കൂടുതൽ റഡാറുകളും ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളും സ്ഥാപിച്ച് ഡേറ്റ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>എസ്.എൽ.ഐ, ഗ്രൂപ്പ് ഇൻഷ്വറൻസ് ക്ലെയിമുകൾ</u>**

117 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾ ഉൾപ്പെടെ ക്ലെയിമുകൾ തീർപ്പാക്കുന്നതിനു കാലാനുസൃതമായ മാറ്റങ്ങൾ ഏർപ്പെടുത്തുന്ന ഈ കാലത്തും കാലഹരണപ്പെട്ട നടപടിക്രമങ്ങൾ ജീവനക്കാരുടെ എസ്.എൽ.ഐ, ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നിവ അനുവദിക്കുന്നതിനു നിഷ്കർഷിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) റവന്യൂ സ്റ്റാമ്പിന്റെ ദൗർലഭ്യം നേരിടുന്നതിനാലും ബന്ധപ്പെട്ട വ്യക്തികളുടെ അക്കൗണ്ടിലേക്ക് ഓൺലൈൻ മുഖേന തുക അനുവദിക്കുന്നതിനാലും ജീവനക്കാരുടെ എസ്.എൽ.ഐ, ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നിവ അനുവദിക്കുന്നതിനു റവന്യൂ സ്റ്റാമ്പ് ഒഴിവാക്കുന്നത് ഉൾപ്പടെ കാലാനുസ്യതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നത് പരിഗണിക്കുമോ; വിശദമാക്കാമോ;

(സി) യഥാസമയം തുക അനുവദിക്കാത്തതുമൂലം ജീവനക്കാരുടെ എസ്.എൽ.ഐ, ഗ്രൂപ്പ് ഇൻഷ്വറൻസ് ക്ലെയിമുകൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ജീവനക്കാരുടെ എസ്.എൽ.ഐ, ഗ്രൂപ്പ് ഇൻഷ്വറൻസ് ക്ലെയിമിനുള്ള എത്ര അപേക്ഷകളാണ് നിലവിൽ കുടിശ്ശികയുള്ളത്; വിശദമാക്കാമോ;

(ഇ) എസ്.എൽ.ഐ, ഗ്രൂപ്പ് ഇൻഷ്വറൻസ് ക്ലെയിമുകൾ യഥാസമയം അനുവദിച്ചു തുക വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കാസർഗോഡ് വികസന പാക്കേജ്</u>**

118 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് വികസന പാക്കേജിൽപ്പെടുത്തി നാളിതുവരെ കാസർഗോഡ് ജില്ലയിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ നിയോജക മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ഓരോ പ്രവർത്തിയുടെയും പുരോഗതി വ്യക്തമാക്കാമോ?

**<u>പുനലൂർ മണ്ഡലത്തിലെ നവകേരള സദസ്സ് വികസന പദ്ധതി</u>**

119 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സുമായി ബന്ധപ്പെട്ട് പുനലൂർ മണ്ഡലത്തിൽ അംഗീകാരം നൽകിയ 7 കോടി രൂപയുടെ പ്രവൃത്തി തൽക്കാലം നടപ്പിലാക്കാൻ കഴിയാത്തതിനാൽ പ്രസ്തുത 7 കോടി രൂപ മറ്റ് പ്രവൃത്തികൾക്കായി മാറ്റി നൽകണമെന്ന് ആവശ്യപ്പെട്ട് എം.എൽ.എ നൽകിയ നിവേദനം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>മുൻ രണ്ട് സർക്കാറിന്റെ കാലത്തുള്ള മന്ത്രിമാരുടെ വിദേശയാത്ര</u>

120 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21, 2021-26 കാലയളവിൽ മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവർ എത്ര തവണ വിദേശയാത്ര നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവർ പങ്കെടുത്ത ഔദ്യോഗിക പരിപാടികൾ എത്രയെന്നും സ്വകാര്യ പരിപാടികൾ എത്രയെന്നും വ്യക്തമാക്കാമോ;

(സി) ആയതിനായി സർക്കാരിന് ചെലവായ തുക എത്രയെന്നും വ്യക്തമാക്കാമോ?

<u>ഗുരുവായൂർ നിയോജകമണ്ഡലത്തിലെ റോഡ് പുനരുദ്ധാരണ പദ്ധതി</u>

121 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാത്തതായ ഗുരുവായൂർ നിയോജകമണ്ഡലത്തിലെ റോഡുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

<u>സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യതയും ധവള പത്രവും</u>

122 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത എത്രയാണ്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുകയാണ് കടമെടുത്തിട്ടുള്ളത്; വിശദമാക്കാമോ; സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താൻ പുറത്തിറക്കിയ ധവള പത്രത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; ധവളപത്രത്തിൽ പരാമർശിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) ധവളപത്രത്തിൽ പ്രഖ്യാപിച്ചിരുന്ന എത്ര സ്റ്റാർട്ടപ്പുകളാണ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചിട്ടുള്ളത്; വിശദമാക്കാമോ; എത്ര യുവാക്കൾക്ക് ഇതുവഴി തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## <u>നെന്മാറ നിയോജക മണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പ്രോജക്ട്</u>

123 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ സി.എം.എൽ.ആർ.ആർ.പി. (ചീഫ് മിനിസ്റ്റേഴ്സ് ലോക്കൽ റോഡ് റീബിൽഡ് പ്രോജക്റ്റ്)-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചതിൽ നിലവിൽ പ്രവൃത്തി നടന്നുവരുന്നതും പൂർത്തീകരിക്കാൻ അവശേഷിക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച തീയതികളും ഓരോന്നിനും അനുവദിച്ച തുക, നിലവിലെ പ്രവൃത്തി പുരോഗതി ഇവ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(സി) നിലവിൽ നിർമ്മാണം തുടർന്നുവരുന്ന മേൽപ്പറഞ്ഞ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി വ്യക്തമാക്കാമോ?

## <u>പൊതുമരാമത്ത് പ്രവൃത്തികൾ</u>

124 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026-27 സംസ്ഥാന ബജറ്റിൽ അനുബന്ധം II, വാല്യം.II (ഭരണാനുമതിയില്ലാത്ത പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ) പ്രകാരം ഉൾപ്പെടുത്തിയ എത്ര പ്രവൃത്തികൾക്ക് നാളിതുവരെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ എത്ര പ്രവൃത്തികൾക്ക് 2026-27-ൽ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി വൈകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ തിരിച്ചടവിൽ ഇളവും സാവകാശവും**

125 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ, മറ്റ് സ്വകാര്യ ധനകാര്യസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി പൊതുജനങ്ങൾ എടുത്തിട്ടുള്ള വായ്പ തൊഴിൽ നഷ്ടം, പ്രകൃതിദുരന്തങ്ങൾ, വരുമാനക്കുറവ്, രോഗം, അപകടം, വ്യാപാര-വ്യവസായ രംഗത്തെ പ്രതിസന്ധി എന്നീ സാഹചര്യങ്ങൾ കാരണം തിരിച്ചടയ്ക്കാൻ കഴിയാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ വായ്പ തിരിച്ചടവിൽ വീഴ്ചവരുത്തിയവർക്കെതിരെ നിലവിൽ സ്വീകരിച്ചുവരുന്ന റിക്കവറി നടപടികളിൽ കുടിശ്ശിക തുക ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിനും തിരിച്ചടവിന് കൂടുതൽ സാവകാശം അനുവദിക്കുന്നതിനും പിഴപ്പലിശയിലും മറ്റ് ചാർജ്ജുകളിലും ഇളവ് അനുവദിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ; ഇല്ലായെങ്കിൽ അപ്രകാരമുള്ള പദ്ധതികൾ നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ?

**അംഗൻവാടി ജീവനക്കാരുടെ പെൻഷൻ**

126 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വിവിധ വിഭാഗങ്ങളിലുള്ള സാമൂഹ്യസുരക്ഷാ/ക്ഷേമ പെൻഷനുകളുടെ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ലഭിക്കുന്ന പെൻഷൻ തുക താരതമ്യേന കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശിശുക്കളുടെയും ഗർഭിണികളുടെയും പോഷണം, പ്രീ-സ്കൂൾ വിദ്യാഭ്യാസം, ആരോഗ്യ-പോഷണ പ്രവർത്തനങ്ങൾ, സർക്കാർ ക്ഷേമപദ്ധതികളുടെ നിർവഹണം തുടങ്ങിയ മേഖലകളിൽ ദീർഘകാലം സേവനം

അനുഷ്ഠിച്ചുവരുന്ന അംഗൻവാടി ജീവനക്കാരുടെ സേവനകാലവും സേവനത്തിന്റെ സ്വഭാവവും പരിഗണിച്ച് മെച്ചപ്പെട്ട പെൻഷൻ ആനുകൂല്യം നൽകേണ്ടതുണ്ടെന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) നിലവിലുള്ള പെൻഷൻ തുക വർധിപ്പിക്കുന്നതിനും മറ്റ് ക്ഷേമ പെൻഷനുകൾക്ക് സമാനമായോ അതിനനുസൃതമായോ പെൻഷൻ ഉറപ്പാക്കുന്നതിനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ഡി) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പെൻഷൻ കാലാകാലങ്ങളിൽ വിലയിരുത്തി ജീവിതച്ചെലവിന്റെ വർധനയ്ക്കനുസരിച്ച് പെൻഷൻ തുക പരിഷ്കരിക്കുന്നതിന് പ്രത്യേക മാനദണ്ഡം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**<u>ജി.എസ്.റ്റി. നടപ്പാക്കിയതുമൂലം ഉണ്ടായ മാറ്റങ്ങൾ</u>**

127 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടോണി ചമ്മണി**
**ശ്രീ. വി. എസ്. ജോയി**
**ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.റ്റി. നടപ്പാക്കിയതുമൂലം സംസ്ഥാനത്തിന്റെ നികുതിഘടനയിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജി.എസ്.റ്റി. കോമ്പൻസേഷൻ വിഹിതമായി കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായ ആകെ തുക എത്രയാണ്; ഈ ഇനത്തിൽ ഇനി തുക ലഭിക്കാനുണ്ടോ; വ്യക്തമാക്കാമോ;

(സി) നികുതി വെട്ടിപ്പ് തടയാനും കൃത്യമായി നികുതി പിരിച്ചെടുക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

**<u>റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിംഗ് കമ്പനിയിൽ നിന്നുള്ള നികുതി</u>**

128 **ശ്രീ. എ. ഡി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർജന്റീന ടീമിനെ കേരളത്തിൽ എത്തിക്കാൻ എന്ന പേരിൽ 126 കോടി രൂപ വിദേശത്തേക്ക് കൈമാറിയ സംഭവത്തിൽ റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിംഗ് കമ്പനിയിൽനിന്ന് നികുതി ഈടാക്കിയിരുന്നോ; വിശദമാക്കാമോ;

(ബി) 22.68 കോടി രൂപ സേവന നികുതി അടയ്ക്കാൻ പ്രസ്തുത കമ്പനിക്ക് 2025 ഓഗസ്റ്റിൽ നൽകിയ നോട്ടീസിന്മേൽ തുടർനടപടി ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തുക അടക്കുന്നത് സംബന്ധിച്ച് പ്രസ്തുത കമ്പനി എന്തെങ്കിലും സാവകാശം ആവശ്യപ്പെടുകയോ വിശദീകരണം നൽകുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ചരക്ക് സേവന നികുതി വരുമാനം</u>

129 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന ജി.എസ്.ടി. നഷ്ടപരിഹാരം (GST compensation) പൂർണ്ണമായി നിലച്ചതിനു ശേഷം കേരളത്തിന് വാർഷിക വരുമാനത്തിലുണ്ടായ കുറവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ പ്രതിസന്ധി മറികടക്കുന്നതിന് എന്തെങ്കിലും ബദൽ മാർഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ തനതു ജി.എസ്.ടി. വരുമാന വളർച്ചാ നിരക്ക് (SGST growth rate) കഴിഞ്ഞ സാമ്പത്തിക വർഷങ്ങളെ അപേക്ഷിച്ച് എത്രമാത്രമാണ് വർദ്ധിച്ചത് എന്നതിന്റെ കണക്കുകൾ ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് ഇനിയും പിരിച്ചെടുക്കാനുള്ള ആകെ ജി.എസ്.ടി. കുടിശ്ശിക എത്രയാണ്; ഇത് സമയബന്ധിതമായി ഈടാക്കുന്നതിന് എസ്.ജി.എസ്.ടി. വകുപ്പ് സ്വീകരിച്ചിട്ടുള്ള പ്രത്യേക നടപടികൾ എന്തൊക്കെയാണ്;

(ഡി) സംസ്ഥാനത്ത് വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുകൾ വഴി വ്യാജ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ITC) തട്ടിപ്പുകൾ നടത്തുന്ന സംഘങ്ങൾ ഉണ്ടെന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇത്തരക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇതു കാരണം ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ?

**അർജന്റീന ടീമിനെ കേരളത്തിൽ എത്തിക്കുന്നതിലെ നികുതി വെട്ടിപ്പ്**

130 **ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. പി .എം. എ. സമീർ**

**ശ്രീ. ടി. പി. അഷ്റഫലി**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർജന്റീന ഫുട്ബോൾ ടീമിനെ കേരളത്തിൽ എത്തിക്കുന്നതുമായി ബന്ധപ്പെട്ട് നികുതിവെട്ടിപ്പ് നടന്നതായി ജി.എസ്.ടി. വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) 126 കോടി രൂപ വിദേശത്തേക്ക് അയച്ചതിന്റെ സേവന നികുതി അടയ്ക്കണമെന്ന് ഇതുമായി ബന്ധപ്പെട്ട കമ്പനിയോട് ആവശ്യപ്പെട്ടിരുന്നോ; അറിയിക്കാമോ;

(സി) പ്രസ്തുത നികുതി പിരിച്ചെടുക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**പുതിയ കെട്ടിടത്തിലേക്ക് കുന്നംകുളം സബ് ട്രഷറിയുടെ പ്രവർത്തനമാറ്റം**

131 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന കുന്നംകുളം സബ്ട്രഷറി ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് എന്നത്തേക്ക് മാറ്റി സ്ഥാപിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(ബി) സബ്ട്രഷറിയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തടസ്സങ്ങൾ പരിഹരിച്ച് ട്രഷറി പ്രവർത്തനങ്ങൾ വേഗത്തിൽ പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

**ലോട്ടറി ഏജന്റുമാരുടെയും വിൽപനക്കാരുടെയും ക്ഷേമനിധി ബോർഡിന്റെ ഓഡിറ്റ് റിപ്പോർട്ട്**

132 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 മുതൽ 2024-25 വരെയുള്ള കാലയളവിൽ കേരള സംസ്ഥാന ലോട്ടറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ ഓഡിറ്റ് റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത കാലയളവിലെ ഓരോ സാമ്പത്തിക വർഷത്തെയും ഓഡിറ്റ് റിപ്പോർട്ടുകൾ പൂർത്തീകരിച്ച് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടുകളിൽ സാമ്പത്തിക ക്രമക്കേടുകളോ, ധനനഷ്ടമോ, ഫണ്ട് ദുരുപയോഗമോ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വർഷം തിരിച്ചുള്ള വിശദാംശങ്ങളും നഷ്ടപ്പെട്ടതായി കണ്ടെത്തിയ തുകയും വ്യക്തമാക്കുമോ?

**<u>മെഡിസെപ്പിൽ നിന്നും ഒഴിവാകാൻ ഓപ്ഷൻ</u>**

133 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും മെഡിക്കൽ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ്പിൽ പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികൾ ഉൾപ്പെട്ടിട്ടില്ലെന്നും ഉൾപ്പെട്ടവയിൽ തന്നെ എല്ലാ രോഗത്തിനും ഉള്ള ചികിത്സ ഇൻഷുറൻസ് കവറേജിനുള്ളിൽ ലഭ്യമല്ലെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമായ എല്ലാ സ്വകാര്യ ആശുപത്രികളെയും മെഡിസെപ്പ് പദ്ധതിയിൽ എംപാനൽ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(സി) മെഡിസെപ്പ് ഇൻഷുറൻസ് പ്രീമിയം കഴിഞ്ഞ തവണത്തേക്കാൾ വർദ്ധിപ്പിച്ചതിന് അനുപാതികമായി എന്തെല്ലാം ആനുകൂല്യങ്ങളാണ് കൂടുതലായി ലഭിക്കുന്നത് എന്ന് വിശദീകരിക്കാമോ;

(ഡി) മെഡിസെപ്പ് പദ്ധതിയിൽ അംഗമായിരിക്കുന്നവർ പദ്ധതി നടപ്പിലാക്കിയതിലെ അപാകതമൂലം മറ്റ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളിൽകൂടി ചേരാൻ നിർബന്ധിതരായിരിക്കുന്ന

സാഹചര്യത്തിൽ, നിലവിൽ മറ്റ് ഇൻഷ്വറൻസ് പദ്ധതികളിൽ അംഗമായിട്ടുള്ളവരെ മെഡിസെപ്പിൽ നിന്നും സ്വയം ഒഴിവാകാൻ അനുവദിക്കുമോ;

(ഇ) സർക്കാർ സർവീസിൽ പുനർനിയമനം ലഭിച്ച വിമുക്തഭടന്മാർക്ക് കേന്ദ്രസർക്കാർ പദ്ധതിയായ ഇ.സി.എച്ച്.എസി-ൽ നിന്നും മികച്ച ചികിത്സാ സൗകര്യം ലഭ്യമായതിനാൽ അവരെ മെഡിസെപ്പിൽ നിന്നും ഒഴിവാക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇ.സി.എച്ച്.എസ്. ആനുകൂല്യം ലഭിക്കുന്ന വിമുക്തഭടന്മാരെ മെഡിസെപ്പിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നയപരമായ തീരുമാനം സർക്കാർ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>കേസുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾ</u>

134 **ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21, 2021-26 കാലയളവുകളിലെ സർക്കാരുകളുടെ കാലത്ത് വിവിധ കേസുകളിൽ സി.ബി.ഐ. അന്വേഷണം ആവശ്യമില്ലായെന്ന് വാദിക്കുന്നതിനായി എത്ര കേസുകളിൽ പ്രത്യേകമായി അഭിഭാഷകരെ നിയോഗിച്ചിരുന്നു; വ്യക്തമാക്കാമോ;

(ബി) ഈ കേസുകളുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ ഹാജരായ ഇനത്തിൽ പ്രസ്തുത അഭിഭാഷകർക്ക് ഫീസിനത്തിൽ എത്ര തുക വീതം നൽകി എന്ന് വ്യക്തമാക്കാമോ?

<u>അഭിഭാഷക ക്ഷേമനിധി ആനുകൂല്യം</u>

135 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) നിയമപ്രകാരം നാൽപ്പത് വർഷം പൂർത്തിയാക്കിയ അഭിഭാഷകർക്ക് ക്ഷേമനിധി ആനുകൂല്യം ഇരുപത് ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ടെങ്കിലും, നിലവിൽ അർഹരായ അഭിഭാഷകർക്ക് പന്ത്രണ്ട് ലക്ഷം രൂപ മാത്രമാണ് ആനുകൂല്യമായി ലഭിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഇരുപത് ലക്ഷം രൂപ

പൂർണ്ണമായും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) നിശ്ചിത പ്രായപരിധി പൂർത്തിയാക്കിയ മുതിർന്ന അഭിഭാഷകർ പന്ത്രണ്ട് ലക്ഷം രൂപ ക്ഷേമനിധി ആനുകൂല്യമായി കൈപ്പറ്റുമ്പോൾ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന ഇരുപത് ലക്ഷം രൂപ ലഭിക്കാതെ തന്നെ അവരുടെ അഭിഭാഷക എൻറോൾമെന്റും അഭിഭാഷക ക്ഷേമനിധി അംഗത്വവും എന്നെന്നേക്കുമായി നഷ്ടപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സീനിയർ അഭിഭാഷകർക്ക് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മുഴുവൻ ക്ഷേമനിധി ആനുകൂല്യവും ലഭിക്കുന്നതിനോ അല്ലെങ്കിൽ മുഴുവൻ തുക ലഭിക്കുന്നത് വരെ അവരുടെ എൻറോൾമെന്റും ക്ഷേമനിധി അംഗത്വവും സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>വിഴിഞ്ഞം തുറമുഖ വികസനത്തിന് അനുബന്ധമായി വെയർഹൗസുകൾ</u>**

136 **ശ്രീ. വി. മുരളീധരൻ**
**ശ്രീ. രാജീവ് ചന്ദ്രശേഖർ**
**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖം പ്രവർത്തനസജ്ജമായതിന് ശേഷവും തുറമുഖത്തിന് സമീപപ്രദേശങ്ങളിൽ വെയർഹൗസ് സംവിധാനങ്ങൾ പരിമിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് തിരുവനന്തപുരം ജില്ലയിൽ വെയർഹൗസ് സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനുള്ള വാടക നിരക്ക് കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിനായി സർക്കാർ നേരിട്ട് ഭൂമി ഏറ്റെടുത്ത് വെയർ ഹൗസുകൾ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) വെയർ ഹൗസുകളുടെ വാടക നിരക്ക് നിയന്ത്രിക്കുന്നതിനായി സർക്കാർ ഒരു സ്റ്റാൻഡേർഡ് നിരക്ക് നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) വിഴിഞ്ഞം തുറമുഖ വികസനത്തിന്റെ ഭാഗമായി സർക്കാരിന്റെ നേതൃത്വത്തിൽ ഒരു വെയർഹൗസ് പാർക്ക് അല്ലെങ്കിൽ വെയർ ഹൗസ് ശൃംഖല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**വിഴിഞ്ഞം തുറമുഖ പദ്ധതി പ്രവർത്തനങ്ങൾ**

137 **ശ്രീ. ജി. സ്റ്റീഫൻ**

**ശ്രീ. വി. കെ. സനോജ്**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**

**ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതെന്നാണ്; ആരംഭിച്ച നാൾ മുതൽ 2026 മേയ് വരെ തുറമുഖ നിർമ്മാണത്തിൽ കൈവരിച്ച പുരോഗതി വ്യക്തമാക്കാമോ;

(ബി) സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ വിഴിഞ്ഞം തുറമുഖ കമ്പനിയിലെ ഓഹരി വിൽപ്പന നടത്താൻ അദാനി ഗ്രൂപ്പ് നീക്കം നടത്തിയിരുന്നോ; വിശദമാക്കാമോ;

(സി) ഓഹരി വിൽപ്പന പരിശോധിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) സർക്കാർ അനുമതിയില്ലാതെ ഓഹരി വിൽപ്പന നടത്തുന്നത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**വിഴിഞ്ഞം രാജ്യാന്തര തുറമുഖം**

138 **ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. സുധീർഷാ പാലോട്**

**ശ്രീ. രാജൻ. ജെ. പല്ലൻ**

**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമാർഗ്ഗമുള്ള കയറ്റുമതി - ഇറക്കുമതി (എക്സിം) ചരക്ക് നീക്കത്തിന് തുടക്കം കുറിച്ചതോടെ വിഴിഞ്ഞം രാജ്യാന്തര തുറമുഖം നിർണായ ഘട്ടത്തിലേക്ക് പ്രവേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മറ്റൊരു തുറമുഖത്തിനും അവകാശപ്പെടാനാകാത്ത വേഗത്തിലാണോ വിഴിഞ്ഞം തുറമുഖം ആഗോള ഷിപ്പിംഗ് ശൃംഖലയിൽ സ്വന്തം സ്ഥാനം ഉറപ്പിച്ചത്; വ്യക്തമാക്കുമോ;

(സി) വിദേശ തുറമുഖങ്ങളിലേക്ക് ഒരു ട്രാൻസ്ഷിപ്പ്മെൻറ് പോലുമില്ലാതെ അതിവേഗം ചരക്കുകൾ എത്തിക്കാൻ സാധിക്കുന്നത് വഴി യാത്രാസമയവും ലോജിസ്റ്റിക്സ് ചെലവും പകുതിയോളം കുറയ്ക്കാൻ സാധിക്കുമോ; വ്യക്തമാക്കുമോ?

## മിഷൻ സമുദ്രയുടെ സാധ്യതകൾ

139 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാരിന്റെ ദീർഘവീക്ഷണത്തോടെയുള്ള പദ്ധതിയായ 'മിഷൻ സമുദ്ര'യുടെ സാധ്യതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഭാവി കേരളത്തിന്റെ സാമ്പത്തിക-തൊഴിൽ മേഖലകളിൽ വലിയ പ്രതീക്ഷ ആകുന്ന പ്രസ്തുത പദ്ധതി വിജയകരമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) 'മിഷൻ സമുദ്ര'യുടെ പ്രാധാന്യം കണക്കിലെടുത്ത് ലോജിസ്റ്റിക്സ് ഉൾപ്പെടെയുള്ള മേഖലകളിൽ കൂടുതൽ വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഒരുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## പി .പി .പി മാതൃകയിൽ ബേപ്പൂർ തുറമുഖ വികസനം

140 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ തുറമുഖം പി.പി.പി. മാതൃകയിൽ വികസിപ്പിക്കുവാൻ മുൻ സർക്കാർ അനുമതി നല്കിയ പദ്ധതിയുടെ നിലവിലത്തെ പുരോഗതി അറിയിക്കാമോ; ഇതിനായി സ്വകാര്യ നിക്ഷേപം എത്രയാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പി.പി.പി. മാതൃകയിലുള്ള വികസനം പൂർത്തിയാക്കുന്നതോടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് വ്യക്തമാക്കാമോ?

**ഫോർട്ട് കൊച്ചി തീരശോഷണ പ്രതിരോധവും തോപ്പുംപടി ഫിഷറീസ് ഹാർബർ നവീകരണവും**

141 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കപ്പൽച്ചാൽ ആഴം കൂട്ടുന്നതിന് മുന്നോടിയായി കൊച്ചി തുറമുഖ അതോറിറ്റി നടത്തിയ പാരിസ്ഥിതിക പഠന റിപ്പോർട്ടുകൾ സർക്കാരിന്റെ പക്കൽ ലഭ്യമാണോ; എങ്കിൽ പ്രസ്തുത പഠനങ്ങളിലെ പ്രധാന കണ്ടെത്തലുകൾ വ്യക്തമാക്കാമോ;

(ബി) ഫോർട്ട് കൊച്ചി ബീച്ചിലെ തീരശോഷണം സംബന്ധിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ മറ്റ് വകുപ്പുകളോ ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; തീരശോഷണം തടയാൻ എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

**രാമൻതുരുത്ത് കുടുംബങ്ങളുടെ പുനരധിവാസവും 'മിഷൻ സമുദ്ര' പദ്ധതിയും**

142 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മണ്ഡലത്തിലെ രാമൻതുരുത്തിൽ 'മിഷൻ സമുദ്ര' പദ്ധതിക്കായി ഏറ്റെടുക്കുന്ന സ്ഥലത്തുനിന്നും പുനരധിവസിപ്പിക്കാൻ സമ്മതിച്ച കുടുംബങ്ങൾക്ക് അനുവദിച്ച 3 സെന്റ് ഭൂമി 5 സെന്റാക്കി വർദ്ധിപ്പിച്ചു നൽകുന്നതിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വ്യക്തമാക്കാമോ; കൊച്ചിൻ ഷിപ്പ്‌യാർഡ് വാഗ്ദാനം ചെയ്ത ഫണ്ട് ഉപയോഗിച്ച് ഇവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിനായി അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിൽ ഉണ്ടായ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇവിടെ റെയിൽവേ ബാരിക്കേഡ് കാരണം തടസ്സപ്പെട്ട വഴിസൗകര്യം, കുടിവെള്ള ലഭ്യത എന്നിവ അടിയന്തരമായി പുനഃസ്ഥാപിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

**കോഴിക്കോട് നഗരത്തിലെ ദേവസ്വം ക്ഷേത്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

143 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ ദേവസ്വം ക്ഷേത്രങ്ങളിൽ ഭക്തജനങ്ങളുടെ വർദ്ധിച്ചുവരുന്ന തിരക്ക് പരിഗണിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ ദേവസ്വം ക്ഷേത്രങ്ങളിൽ കുടിവെള്ളം, ശുചിമുറി, വിശ്രമകേന്ദ്രം, വാഹന പാർക്കിംഗ്, നടപ്പാത തുടങ്ങിയ സൗകര്യങ്ങളുടെ അപര്യാപ്തത സംബന്ധിച്ച് ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത ക്ഷേത്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നിലവിൽ പരിഗണനയിലുള്ള പദ്ധതികൾ ഏതൊക്കെയാണ്;ഓരോ പദ്ധതിയ്ക്കും അനുവദിച്ചിട്ടുള്ള തുക,നിലവിലെ പുരോഗതി, നിർവഹണ ഏജൻസി എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>**ദേവസ്വം ക്ഷേത്രങ്ങളിലെ ഭക്തജനങ്ങളുടെ സുരക്ഷ**</u>

144 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ദേവസ്വം ക്ഷേത്രങ്ങളിൽ ഉത്സവകാലത്തും മറ്റ് പ്രധാന ചടങ്ങുകളിലും ഉണ്ടാകുന്ന ജനത്തിരക്ക് പരിഗണിച്ച് ഭക്തജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രധാന ദേവസ്വം ക്ഷേത്രങ്ങളിൽ അഗ്നിസുരക്ഷാ സംവിധാനം, CCTV, അടിയന്തര പുറപ്പെടൽ സംവിധാനം, പ്രാഥമിക ചികിത്സാ സൗകര്യം എന്നിവ നിലവിലുണ്ടോ; പ്രസ്തുത സുരക്ഷാ സംവിധാനങ്ങളുടെ പരിശോധന എത്ര ഇടവേളകളിൽ നടത്തിവരുന്നു; വിശദമാക്കുമോ;

(സി) ഉത്സവകാലത്ത് ദേവസ്വം വകുപ്പ്, പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ, ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനത്തിനായി പ്രത്യേക സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ?

<u>**മലബാർ ദേവസ്വം ബോർഡിനു കീഴിലെ ക്ഷേത്ര ജീവനക്കാർ**</u>

145 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) ശമ്പള പരിഷ്കരണം, ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ എന്നിവ ക്ഷേത്ര ജീവനക്കാർക്ക് കൃത്യമായി ലഭിക്കുന്നുണ്ടോ എന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) ശാന്തിക്കാർ, കഴകക്കാർ ഉൾപ്പെടെയുള്ള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; പുതിയ പദ്ധതികൾ പരിഗണനയിൽ ഉണ്ടോ; വിശദമാക്കുമോ?

**ശബരിമല തീർത്ഥാടനം സുഗമമാക്കാൻ സ്വീകരിക്കുന്ന നടപടികൾ**

146 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനം ആരംഭിക്കാൻ ദിവസങ്ങൾ മാത്രം അവശേഷിക്കെ, തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിൽ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ശബരിമല തീർത്ഥാടനം ഏറ്റവും മികച്ച നിലയിൽ നടത്തുന്നതിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) അരവണ ക്ഷാമം ഉൾപ്പെടെ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ പോരായ്മകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

**ശബരിമല സ്വർണ്ണക്കൊള്ള**

147 **ശ്രീ. വി. ടി. ബൽറാം**

**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**

**ശ്രീ. മുഹമ്മദ് ഷിയാസ്**

**ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സ്വർണ്ണക്കൊള്ളയുമായി ബന്ധപ്പെട്ട് എത്രത്തോളം സ്വർണ്ണമാണ് നഷ്ടപ്പെട്ടിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏതൊക്കെ കാലയളവിൽ എത്ര പ്രാവശ്യമായിട്ടാണ് സ്വർണ്ണം നഷ്ടപ്പെട്ടിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ടോ; നഷ്ടപ്പെട്ട സ്വർണ്ണം ദേവസ്വത്തിന് തിരികെ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ശബരിമലയിൽ ആകെയുള്ള സ്വർണ്ണം, വെള്ളി തുടങ്ങിയവയുടെ കൃത്യമായ കണക്ക് ദേവസ്വം ബോർഡിന്റെ കൈവശമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഭക്തർ സമർപ്പിക്കുന്ന സ്വർണ്ണം, വെള്ളി തുടങ്ങിയവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ശബരിമല സീസണിൽ അരവണ പായസം യഥേഷ്ടം ലഭ്യമാക്കാൻ നടപടി</u>

148 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ പ്രസാദമായി നൽകുന്ന അരവണ പായസത്തിന് മണ്ഡലം മകരവിളക്ക് സീസണിന് മുമ്പ് തന്നെ ലഭ്യത കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ വർഷം മണ്ഡലകാല മകരവിളക്ക് സീസണിൽ എത്രലക്ഷം പാക്ക് അരവണപ്പായസം ആണ് ഭക്തർ വാങ്ങിയത്; ഇതിന്റെ വിലയായി ദേവസ്വത്തിന് എത്ര കോടി രൂപ വരുമാനമായി ലഭിച്ചു; വിശദമാക്കുമോ;

(സി) ഈ വർഷം എത്ര ലക്ഷം പാക്ക് അരവണ പായസം മണ്ഡലകാല മകരവിളക്ക് ശബരിമല സീസണിൽ ആവശ്യമായി വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) അയ്യപ്പഭക്തർക്ക് യഥേഷ്ടം അരവണപ്പായസം ലഭ്യമാക്കാൻ ചെയ്ത മുന്നൊരുക്കങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

<u>ശബരിമല തീർത്ഥാടനം സ്വീകരിച്ച നടപടികൾ</u>

149 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ലെ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ശബരിമല തീർത്ഥാടകർ പ്രധാനമായും ഉപയോഗിക്കുന്ന മണ്ണാറകുളഞ്ഞി-പമ്പ,എരുമേലി-പമ്പ തുടങ്ങിയ റോഡുകളുടെയും അനുബന്ധ റോഡുകളുടെയും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>**ചിറങ്ങരയിൽ ശബരിമല ഇടത്താവള നിർമ്മാണം**</u>

150 **ശ്രീ. സനീഷ്‌കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ ചിറങ്ങരയിലെ ശബരിമല ഇടത്താവളത്തിന്റെ നിർമ്മാണം എത്ര ശതമാനം പൂർത്തീകരിച്ചുവെന്നും എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ; ശേഷിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ബി) പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ നിലച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പുനരാരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>**പിൽഗ്രിം അമിനിറ്റി സെന്റർ**</u>

151 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര ശ്രീ മഹാഗണപതി ക്ഷേത്രത്തിൽ പിൽഗ്രിം അമിനിറ്റി സെന്റർ നിർമ്മാണത്തിനായി കഴിഞ്ഞ സർക്കാർ എത്ര തുകയുടെ ഭരണാനുമതി നൽകിയിരുന്നു; വ്യക്തമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പ് തയ്യാർ ചെയ്ത പ്രസ്തുത പദ്ധതിയുടെ പ്ലാനിന് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും ആവശ്യമായ അംഗീകാരം നൽകുന്നതിനും പ്രവൃത്തിയുടെ തുടർ നടപടികൾ

വേഗത്തിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>പാറശ്ശാല നിയോജകമണ്ഡലത്തിലെ ദേവസ്വം ഭൂമികളുടെ സംരക്ഷണം</u>**

152 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലും നിയന്ത്രണത്തിലുമുള്ള ക്ഷേത്രങ്ങളുടെ ഭൂമികൾ സംരക്ഷിക്കുന്നതിനായി നിലവിൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് ക്ഷേത്രം തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത ക്ഷേത്രങ്ങളുടെ അധീനതയിലുണ്ടായിരുന്ന ഭൂമിയിൽ അന്യാധീനപ്പെട്ടതായി ബോർഡിന്റെ രേഖകളിൽ കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം, ക്ഷേത്രം തിരിച്ച് സർവേ നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ സഹിതം ലഭ്യമാക്കുമോ;

(സി) അന്യാധീനപ്പെട്ടതായി കണ്ടെത്തിയിട്ടുള്ള ദേവസ്വം ഭൂമികൾ തിരിച്ചുപിടിക്കുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് റവന്യൂ, തദ്ദേശസ്വയംഭരണം ഉൾപ്പെടെയുള്ള ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) അന്യാധീനപ്പെട്ട ദേവസ്വം ഭൂമികൾ വീണ്ടെടുക്കുന്നതിനായി നിലവിൽ കോടതികളിൽ കേസുകൾ, റവന്യൂ നടപടികൾ, മറ്റ് നിയമനടപടികൾ എന്നിവ നിലവിലുണ്ടെങ്കിൽ അവയുടെ ക്ഷേത്രം തിരിച്ചുള്ള വിശദാംശങ്ങളും, ഭൂമി സംരക്ഷിക്കുന്നതിനും ഭാവിയിൽ അന്യാധീനപ്പെടുന്നത് തടയുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികളും വ്യക്തമാക്കുമോ?

**<u>അരുവിക്കര ഭഗവതി ക്ഷേത്രത്തിലെ സദ്യാലയം നിർമ്മാണ പ്രവൃത്തി</u>**

153 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിലുൾപ്പെടുന്ന അതിപുരാതന ക്ഷേത്രങ്ങളിലൊന്നായ അരുവിക്കര ഭഗവതി ക്ഷേത്രത്തിലെ സദ്യാലയം നിർമ്മാണ പ്രവൃത്തി പാതിവഴിയിൽ നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കർക്കിടക വാവുബലി കേന്ദ്രവും ടൂറിസം സെന്ററുമായ ഇവിടെ തീർത്ഥാടകർക്ക് സൗകര്യപ്രദമായ രീതിയിൽ എത്രയും വേഗം പണികൾ പുനരാരംഭിച്ച് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>**തിരൂർ നിയോജക മണ്ഡലത്തിലെ ക്ഷേത്രങ്ങളുടെ വികസനം**</u>

154 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജക മണ്ഡലത്തിലെ ക്ഷേത്രങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനും മറ്റു പ്രവർത്തനങ്ങൾക്കും മലബാർ ദേവസ്വം ബോർഡ് 2016 മുതൽ 2026 വരെ ചിലവഴിച്ച തുക എത്രയാണെന്നും അവ എന്തിനൊക്കെയാണെന്നും ക്ഷേത്രം തിരിച്ച് വിശദമാക്കുമോ;

(ബി) മലബാർ മേഖലയിൽ ബലിതർപ്പണ ചടങ്ങിന്റെ പ്രധാന കേന്ദ്രമായ തിരുനാവായ നാവാമുകുന്ദ ക്ഷേത്രത്തിൽ ബലിതർപ്പണ കടവും അനുബന്ധ സൗകര്യങ്ങളും നവീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനും 2021 -26 കാലഘട്ടത്തിൽ സർക്കാർ പദ്ധതികൾ ആവിഷ്കരിക്കുകയോ തുക വകയിരുത്തുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിവരം ലഭ്യമാക്കുമോ;

(സി) മലബാർ മേഖലയിൽ ബലി തർപ്പണ ചടങ്ങിന്റെ പ്രധാന കേന്ദ്രമായ തിരുനാവായ നാവാമുകുന്ദ ക്ഷേത്രത്തിൽ ബലിതർപ്പണ കടവും അനുബന്ധ സൗകര്യങ്ങളും നവീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>**കൂടൽമാണിക്യം ക്ഷേത്രം**</u>

155 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടൽമാണിക്യം ക്ഷേത്രം ഉൾപ്പെടെയുള്ള നാലമ്പല തീർത്ഥാടനത്തിന് കൂടുതൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത തീർത്ഥാടന കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ അനുവദിച്ച 10 കോടി രൂപ ഉപയോഗിച്ച്

ഏറ്റവും വേഗം അടിസ്ഥാന സൗകര്യമുൾപ്പെടെ ഒരുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**നാലമ്പല തീർത്ഥാടനം**

156 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് അവതരിപ്പിച്ച ആദ്യ ബജറ്റ് പ്രസംഗത്തിൽ കൂടൽമാണിക്യ ക്ഷേത്രം ഉൾപ്പെടെയുള്ള നാലമ്പല തീർത്ഥാടനം സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ 10 കോടി രൂപ പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ പ്രസ്തുത തുകയുടെ വിനിയോഗം വേഗത്തിലാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

**കൂടൽമാണിക്യം ദേവസ്വത്തിന് കൂടുതൽ ഫണ്ട് അനുവദിക്കുന്നതിന് നടപടി**

157 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനായിരക്കണക്കിന് ഭക്തജനങ്ങൾ എത്തുന്ന കൂടൽമാണിക്യം ദേവസ്വത്തിന് സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ കൂടുതൽ ഫണ്ട് അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കൂടൽമാണിക്യം ക്ഷേത്രത്തിന്റെ പ്രത്യേക പ്രാധാന്യം പരിഗണിച്ച് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെ അടിയന്തരമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**മാടായിക്കാവ് ക്ഷേത്രകലാ അക്കാദമി**

158 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാടായിക്കാവ് ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കുമോ?

**ഗുരുവായൂർ ക്ഷേത്ര വികസനം**

159 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ക്ഷേത്ര വികസനവുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് വരെ ഭൂമി ഏറ്റെടുക്കരുതെന്നുള്ള ഭൂ ഉടമകളുടെയും കച്ചവടക്കാരുടെയും ആവശ്യം പരിഗണിക്കുമോ;

(ബി) പ്രസ്തുത ആവശ്യം നിലനിൽക്കെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

**മട്ടന്നൂർ മഹാദേവ ക്ഷേത്ര പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഫണ്ട്**

160 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മഹാദേവ ക്ഷേത്രത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി .എൽ.)-ന് ടെന്നീസ് ക്ലബ്ബിൽ അംഗത്വം**

161 **ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ പൊതുപണം ഉപയോഗിച്ച് തിരുവനന്തപുരം ടെന്നീസ് ക്ലബ്ബിൽ കോർപ്പറേറ്റ് അംഗത്വം നേടിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അംഗത്വത്തിനും അനുബന്ധ ചെലവുകൾക്കുമായി എത്ര രൂപ ചെലവഴിച്ചെന്ന് വെളിപ്പെടുത്തുമോ; ഇപ്പോഴും അംഗത്വം തുടരുന്നുണ്ടോ; വിശദമാക്കുമോ;

(സി) കോർപ്പറേറ്റ് അംഗത്വം നേടിയ സാഹചര്യം, അംഗത്വത്തിനും അനുബന്ധ ചെലവുകൾക്കുമായി നടത്തിയ പണമിടപാടുകളുടെ വിശദാംശങ്ങൾ, തീരുമാനമെടുത്ത ഉദ്യോഗസ്ഥർ എന്നിവ സംബന്ധിച്ച വിശദ വിവരങ്ങൾ വ്യക്തമാക്കുമോ?

**സർക്കാർ ആശുപത്രി കെട്ടിടങ്ങളുടെ തകർച്ച**

162 **ശ്രീമതി ഉഷ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ സമീപകാലത്ത് നിർമ്മിച്ച കെട്ടിടങ്ങൾ തകരുന്നതിന്റെ കാരണങ്ങളെക്കുറിച്ച് അന്വേഷിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത അന്വേഷണത്തിനായി വിദഗ്ധ സമിതി രൂപീകരിച്ചിരുന്നോ എന്നും സമിതിയിലെ അംഗങ്ങൾ ആരെല്ലാമാണ് എന്നും സമിതിയുടെ പരിഗണനാ വിഷയങ്ങൾ എന്തെല്ലാമാണ് എന്നും വിശദമാക്കുമോ;

(സി) പല കെട്ടിടങ്ങൾക്കും ഘടനാപരമായ തകരാറുകൾ സംഭവിച്ചതിനാൽ കെട്ടിടങ്ങൾ ചോർന്നൊലിച്ച മെഡിക്കൽ ഉപകരണങ്ങൾക്കും കിടക്കകൾക്കും നാശനഷ്ടം സംഭവിച്ചെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>കെ.എം.എസ്.സി.എൽ- ലെ ബ്ലീച്ചിങ് പൗഡർ പർച്ചേസ്</u>**

163 **ശ്രീമതി വിദ്യാ ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് സ്റ്റോർ പർച്ചേസ് ചട്ടങ്ങൾക്ക് വിരുദ്ധമായി ടെൻഡർ വിളിക്കുന്നതിന് മാസങ്ങൾക്കു മുമ്പ് വിവാദ ഉത്തരേന്ത്യൻ കമ്പനിക്ക് 7.32 കോടി രൂപയുടെ ബ്ലീച്ചിങ് പൗഡറിന്റെ ഓർഡർ നൽകിയിരുന്നോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കമ്പനി മാത്രമാണ് ടെൻഡറിൽ പങ്കെടുത്തതെന്നും 2026 മാർച്ച് 13 ന് ഏക ബിഡ് ലഭിക്കുന്നതിന് മുൻപ് 2026 ജനുവരി 31 ന് ചേർന്ന ഡയറക്ടർ ബോർഡ് പ്രസ്തുത ബിഡ് അംഗീകരിച്ച എന്നുമുള്ള ആക്ഷേപത്തെക്കുറിച്ച് വിശദമാക്കുമോ;

(സി) സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പ്രകാരം ആദ്യ ടെൻഡറിൽ ഒരു കമ്പനി മാത്രമേ പങ്കെടുത്തിട്ടുള്ളൂ എങ്കിൽ അത് റദ്ദാക്കി വീണ്ടും ടെൻഡർ വിളിക്കണമെന്ന നടപടിക്രമം പാലിച്ചിരുന്നോ; വിശദമാക്കുമോ;

(ഡി) മഴക്കാലത്തിന് മുമ്പ് അടിയന്തരമായി ബ്ലീച്ചിങ് പൗഡർ സംഭരിക്കണമെന്ന കാരണത്താൽ സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് ഫലം വന്ന് രണ്ട് ദിവസത്തിനു ശേഷം മെയ് 6 ന് പ്രസ്തുത കമ്പനിക്ക് 15.59 ലക്ഷം കിലോയുടെ ഓർഡർ നൽകിയത് ക്രമപ്രകാരം ആയിരുന്നോ; വിശദമാക്കുമോ?

**<u>സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം</u>**

164 **ശ്രീ. സജി ചെറിയാൻ**

**ശ്രീ. എ. പ്രഭാകരൻ**

**ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ അവശ്യ മരുന്നുകൾക്കടക്കം ക്ഷാമം നേരിടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) മരുന്ന് ക്ഷാമം പൊതുജനങ്ങളിൽ നിന്നും മറച്ചുവയ്ക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ ഇടപെട്ടതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്ന കെ.എം.എസ്.സി.എൽ. (കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്)-ന്റെ ക്വാളിറ്റി കൺട്രോൾ വിഭാഗം നിർത്തലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഗുണനിലവാര പരിശോധനയുടെ ചുമതല ഡ്രഗ്സ് കൺട്രോൾ വകുപ്പിന് മാത്രമായി നൽകാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) സ്വകാര്യ മെഡിക്കൽ ഷോപ്പുകളിലെ മരുന്ന് ഉൾപ്പെടെ യഥാസമയം പരിശോധന നടത്താനുള്ള ഉദ്യോഗസ്ഥരും ഉപകരണങ്ങളും പ്രസ്തുത വകുപ്പിൽ നിലവിൽ ലഭ്യമാണോയെന്ന് വ്യക്തമാക്കുമോ;

(എഫ്) യഥാസമയം ഗുണനിലവാര പരിശോധന നടത്താൻ കഴിയാതെ വരുന്നത് മരുന്ന് ക്ഷാമത്തിന് ഇടവരുത്തുമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>കൊരട്ടിയിൽ ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന കേന്ദ്രം</u>**

165 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി കോമ്പൗണ്ടിലെ ആരോഗ്യ പ്രവർത്തകർക്കായുള്ള പരിശീലന കേന്ദ്രത്തിൽ അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ എന്തൊക്കെയാണെന്നും ഇത് എന്ന് പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ;

(ബി) നിർമ്മാണം പൂർത്തീകരിക്കുന്നതിന് എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും ആയതിന് അംഗീകാരം നൽകിയിട്ടുണ്ടോയെന്നും അറിയിക്കുമോ;

(സി) പരിശീലന കേന്ദ്രത്തിന്റെ നടത്തിപ്പിന് എത്ര തസ്തികകൾ ആവശ്യമായിട്ടുണ്ടെന്നും ഏതൊക്കെയാണെന്നും എപ്രകാരമാണ് നിയമിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

<u>**മരുന്നുകളുടെ ലഭ്യതയും ആരോഗ്യ ഇൻഷ്വറൻസും**</u>

166 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) പ്രകാരം ആശുപത്രികൾക്ക് ലഭിക്കേണ്ട തുക കുടിശ്ശിക ഉള്ളത് എത്ര കോടി രൂപയാണ്; ഇത് തിരികെ നൽകി ഇൻഷ്വറൻസ് സേവനങ്ങൾ സുഗമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ആശുപത്രികളിൽ ജീവൻ രക്ഷാ മരുന്നുകളും ശസ്ത്രക്രിയ ഉപകരണങ്ങളും സൗജന്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ആരോഗ്യ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള നിരീക്ഷണ സംവിധാനങ്ങൾ എന്തൊക്കെയാണ്;

(സി) സംസ്ഥാനത്ത് കഴിഞ്ഞ വർഷങ്ങളിൽ ജലജന്യ-വാഹക പകർച്ചവ്യാധികൾ തടയുന്നതിനായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കിയ പ്രതിരോധ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

<u>**സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നിന്റെ ഗുണനിലവാരം**</u>

167 **ശ്രീ. റെജി ചെറിയാൻ**

**ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ രോഗികൾക്ക് സൗജന്യമായി നൽകുന്ന മരുന്നുകൾ മികച്ച നിലവാരത്തിലുള്ളവയാണെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഗവൺമെന്റ് ആശുപത്രികളിലേക്കും കാരുണ്യ ഫാർമസികളിലേക്കും ഒരു വർഷം എത്ര ഇനം മരുന്നുകൾ ആവശ്യമുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; എല്ലാ ഇനം മരുന്നുകളും കഴിഞ്ഞ സാമ്പത്തിക വർഷം സംഭരിച്ച് ലഭ്യമാക്കിയിരുന്നോ; വ്യക്തമാക്കുമോ;

(സി) മരുന്ന് സംഭരണത്തിനുള്ള ടെൻഡർ നടപടികളിൽ ഇടനിലക്കാരുടെ സാന്നിധ്യവും തന്മൂലം മരുന്നുകളുടെ വില അധികരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടെൻഡർ നടപടികളിൽ നിന്ന് ഇടനിലക്കാരെ ഒഴിവാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) സൗജന്യമായി നൽകുന്ന മരുന്നിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ജനറിക് മരുന്നുകൾക്കു പകരം ബ്രാൻഡഡ് ജനറിക് മരുന്നുകൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പിൽ ഉണ്ടായിട്ടുള്ള വീഴ്ചകൾ**

168 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പിൽ വീഴ്ചകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ് കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉണ്ടായതായി പറയപ്പെടുന്ന ശസ്ത്രക്രിയാപിഴവുകൾ, ചികിത്സാ പിഴവുകൾ, തുടങ്ങിയവയുമായി ബന്ധപ്പെട്ട് എത്ര കേസുകളിലാണ് ആരോഗ്യ വകുപ്പ് അന്വേഷണം നടത്തുന്നത്; ഇത്തരം സംഭവങ്ങൾ ആവർത്തിയ്ക്കാതിരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ആരോഗ്യ വകുപ്പിലെ വീഴ്ചകൾ ചൂണ്ടിക്കാട്ടിയിട്ടുള്ള ഡോക്ടർമാരും ആരോഗ്യ പ്രവർത്തകരും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വേട്ടയാടപ്പെട്ടുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം നടപടികൾ പുനഃപരിശോധിക്കുന്നതിന് ആലോചിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പിന് മുഖച്ഛായ നഷ്ടപ്പെട്ടുപോയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വീണ്ടെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

## അപൂർവ്വ രോഗങ്ങളുടെ ചികിത്സ

169 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർനാഷണൽ ക്ലാസിഫിക്കേഷൻ ഓഫ് ഡിസീസസ് (ICD) ലിസ്റ്റിൽ ഉൾപ്പെട്ട ഏതൊക്കെ രോഗങ്ങൾ കേരളത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര രോഗികൾ നിലവിൽ ഈ വിഭാഗങ്ങളിൽ ചികിത്സയിലുണ്ടെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത രോഗികളെ സഹായിക്കുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും ഏതൊക്കെ ആശുപത്രികളെയാണ് സെന്റർ ഓഫ് എക്സലൻസ് പട്ടികയിൽ ഉൾപെടുത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ?

## സംസ്ഥാനത്ത് വൃക്കരോഗികളുടെ വർദ്ധനവ്

170 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ 10 വർഷങ്ങളിലെ രോഗികളുടെ എണ്ണം, വർദ്ധനവിന്റെ നിരക്ക് എന്നിവ വർഷം തിരിച്ച് വിശദമാക്കുമോ;

(ബി) വൃക്കരോഗികളുടെ എണ്ണം വർദ്ധിക്കുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും ശാസ്ത്രീയമായ പഠനങ്ങൾ നടത്തി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) കൂടുതൽ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഡയാലിസിസ് രോഗികൾക്ക് നൽകി വരുന്ന പെൻഷൻ തുക 2000/- രൂപയായി വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

## <u>പനി - പകർച്ചവ്യാധി മരണം</u>

171 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധതരം പനികളും പകർച്ചവ്യാധികളും ബാധിച്ച് എത്ര പേർ ചികിത്സ തേടിയിട്ടുണ്ട്; സർക്കാർ ആശുപത്രി, സ്വകാര്യ ആശുപത്രി എന്നിവയുടെ കണക്ക് പ്രത്യേകം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതേവരെ എത്രപേർ പനിയും പകർച്ചവ്യാധികളും ബാധിച്ച് മരണപ്പെട്ടിട്ടുണ്ട്; സർക്കാർ ആശുപത്രിയിലെയും സ്വകാര്യ ആശുപത്രിയിലേയും കണക്ക് പ്രത്യേകം ലഭ്യമാക്കുമോ;

(സി) പനിയും പകർച്ചവ്യാധിയും പടർന്നുപിടിക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ?

## <u>മരുന്നുവിതരണം</u>

172 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എം.എസ്.സി.എൽ-നെ ഒഴിവാക്കി ക്യാൻസർ, ജീവിതശൈലി രോഗങ്ങൾ എന്നിവക്കുള്ള മരുന്നുവിതരണം സ്വകാര്യ കമ്പനികൾക്ക് നൽകാൻ ആലോചനയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) സ്വകാര്യകമ്പനികളിൽ നിന്ന് ഉയർന്ന വിലയിൽ മരുന്നുവാങ്ങിയാൽ ഇത് നിർധന രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാകുമെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനെ എങ്ങിനെ പരിഹരിക്കാനാണ് ആലോചിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ഏർപ്പെടുത്തിയ വൈദ്യുതിനിയന്ത്രണത്തിന്റെ ഭാഗമായി വൈദ്യുതി ഇല്ലാതെ ആശുപത്രികളിൽ ശസ്ത്രക്രിയ മുടങ്ങുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) സർക്കാർ ആശുപത്രികളിൽ ചികിത്സക്കെത്തുന്ന രോഗികൾക്ക് ആവശ്യത്തിനുള്ള മരുന്നുകൾ സൗജന്യമായി സർക്കാർ ആശുപത്രികളിലെ ഫാർമസികളിൽ നിന്നു ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഇ) മിക്ക മരുന്നുകളും സ്വകാര്യ ഫാർമസികളിൽനിന്നാണ് രോഗികൾ വാങ്ങുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;ചെറിയ മരുന്നുകൾ മുതൽ ജീവൻരക്ഷാ ജീവിതശൈലി മരുന്നുകൾക്കും സപ്ലിമെന്റുകൾക്കും വാക്സിനുകൾക്കും വരെ സർക്കാർ ആശുപത്രികളിൽ വലിയ ക്ഷാമം നേരിടുന്നുണ്ടോ; വിശദമാക്കുമോ;

(എഫ്) വടക്കൻ പറവൂർ താലൂക്ക് ആശുപത്രിയിൽ മോർച്ചറിയിൽ ഫ്രീസർ തകരാറിലായതിനെ തുടർന്ന് മൃതദേഹം അഴുകിയതായി സെപ്റ്റംബർ 25,26 തീയതികളിലെ മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സംഭവത്തിൽ ഔദ്യോഗിക അന്വേഷണം നടത്തിയിട്ടുണ്ടോ; സംഭവത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## പുതുക്കാട് താലൂക്ക് ആശുപത്രിയുടെ പ്രവർത്തനങ്ങൾ

173 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് താലൂക്ക് ആശുപത്രിയിൽ നിലവിൽ ഒഴിവുള്ള സിവിൽ സർജൻ, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാർ, അസിസ്റ്റന്റ് സർജൻ, ജൂനിയർ കൺസൾട്ടന്റ് സർജൻ തുടങ്ങിയ തസ്തികകളിൽ സ്ഥിര നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയപാത 544 നോട് ചേർന്ന് സ്ഥിതിചെയ്യുന്ന പ്രസ്തുത താലൂക്ക് ആശുപത്രിയിൽ ട്രോമ കെയർ സംവിധാനം അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## ചികിത്സാപിഴവ്

174 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചികിത്സാപിഴവ് സംഭവിച്ചതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ആയതിന്മേൽ എത്ര അന്വേഷണങ്ങൾ നടന്നുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

**<u>കോവിഡ് കാലത്തെ വിവിധ മെഡിക്കൽ ഉപകരണങ്ങളുടെ പർച്ചേസ്</u>**

175 **ശ്രീ. വി. ടി. ബൽറാം**
**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**
**ശ്രീ. മുഹമ്മദ് ഷിയാസ്**
**ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെ കാലയളവിൽ കെ.എം.എസ്.സി.എൽ. മുഖേന വാങ്ങിയ വിവിധ മെഡിക്കൽ ഉപകരണങ്ങളും മറ്റ് ആരോഗ്യപരിചരണ സാമഗ്രികളും സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിലും ആരോഗ്യ സ്ഥാപനങ്ങളിലും ആവശ്യാനുസരണം ഉപയോഗിക്കാതെ, പെട്ടികൾ പോലും തുറക്കാത്ത നിലയിൽ സൂക്ഷിച്ചിരിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ, കോവിഡ് കാലയളവിൽ ഇത്തരത്തിൽ വാങ്ങിയ മെഡിക്കൽ ഉപകരണങ്ങളുടെയും മറ്റ് ആരോഗ്യപരിചരണ സാമഗ്രികളുടെയും എണ്ണം, ഇനം, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാണോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉപകരണങ്ങളും സാമഗ്രികളും ആവശ്യാനുസരണം ഉപയോഗിക്കപ്പെടാത്തതിന്റെ കാരണങ്ങൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; പരിശോധനയിൽ കണ്ടെത്തിയ പ്രധാന കാര്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ഡി) പൊതുധനം ചെലവഴിച്ച് വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതെ കിടക്കുന്നതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന മെഡിക്കൽ ഉപകരണങ്ങളും മറ്റ് ആരോഗ്യപരിചരണസാമഗ്രികളും അടിയന്തരമായി പ്രയോജനപ്പെടുത്തുന്നതിനും പൊതുധനത്തിന്റെ പാഴ്ച്ചെലവ് ഒഴിവാക്കുന്നതിനും സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാനുദ്ദേശിക്കുന്നതുമായ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**ഹാപ്പിനസ് ആൻഡ് വെൽനെസ് സെന്ററുകൾ**

176 **ശ്രീ. സേനാപതി വേണു**

**ശ്രീ. വി. ടി. സൂരജ്**

**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പേര് “ഹാപ്പിനസ് ആൻഡ് വെൽനെസ് സെന്ററുകൾ” എന്ന് മാറ്റിയിട്ടുണ്ടോ; ഈ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ, ചികിത്സാ സംവിധാനങ്ങൾ, രോഗികളുടെ പുനരധിവാസം എന്നിവ മെച്ചപ്പെടുത്തുന്നതിനായി പുതിയ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ വികസന പ്രവർത്തനങ്ങൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ, പുനരധിവാസം, മാനസിക-സാമൂഹിക പിന്തുണ എന്നിവ ഉറപ്പാക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്; വിശദമാക്കുമോ;

(ഡി) ഹാപ്പിനസ് ആൻഡ് വെൽനെസ് സെന്ററുകളിലെ കെട്ടിടങ്ങൾ, ചികിത്സാ സൗകര്യങ്ങൾ, ജീവനക്കാരുടെ ലഭ്യത, വിനോദ-പുനരധിവാസ സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**ആരോഗ്യവകുപ്പിൽ സൃഷ്ടിച്ച തസ്തികകൾ**

177 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരം ഏൽക്കുമ്പോൾ ആരോഗ്യവകുപ്പിന് കീഴിൽ വിവിധ വിഭാഗങ്ങളിലായി ആകെ ഉണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം എത്രയാണ്;

(ബി) ഇതിൽ ഓരോ തസ്തികയിലും ഉണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം സ്ഥിര ജീവനക്കാർ, ദിവസവേതനം, താൽക്കാലികം/കരാർ, എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന എന്നിങ്ങനെ തരം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) 2016-21, 2021-26 സർക്കാരുകളുടെ കാലത്ത് ആരോഗ്യ വകുപ്പിൽ സൃഷ്ടിച്ചിട്ടുള്ള സ്ഥിരം തസ്തികകളുടെ എണ്ണം എത്രയാണ്; തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

**<u>മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ച തുക</u>**

178 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2025-26 വരെ ഓരോ സാമ്പത്തിക വർഷത്തിലും മരുന്ന് വാങ്ങുന്നതിനായി ആരോഗ്യ വകുപ്പ് ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ മരുന്ന വാങ്ങിയ ഇനത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് നൽകാനുള്ള ആകെ കുടിശ്ശിക തുക എത്രയാണ്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ ശസ്ത്രക്രിയാ ഉപകരണങ്ങളും മറ്റു ചികിത്സാ സംവിധാനങ്ങളും വാങ്ങുന്നതിനായി ചെലവാക്കിയ ആകെ തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഈയിനത്തിൽ വിവിധ സ്ഥാപനങ്ങൾക്കായി നൽകാനുള്ള ആകെ കുടിശ്ശിക തുകയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

**<u>പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ</u>**

179 **ശ്രീ. എഫ്. രാജ**

**ശ്രീ. എൻ. ശക്തൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പകർച്ചവ്യാധികളുടെ നേരത്തെയുള്ള കണ്ടെത്തലിനും നിരീക്ഷണത്തിനുമായി നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) പകർച്ചവ്യാധി വ്യാപനം ഉണ്ടായാൽ ദ്രുതഗതിയിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന, ജില്ലാ തലങ്ങളിൽ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) രോഗനിർണയം, ചികിത്സ, ഐസൊലേഷൻ, ക്വാറന്റൈൻ, മരുന്നുകളുടെ ലഭ്യത എന്നിവ ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഇ) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യപ്രവർത്തകർക്ക് പരിശീലനം, പൊതുജന ബോധവൽക്കരണം, വിവിധ വകുപ്പുകളുടെ ഏകോപനം എന്നിവയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(എഫ്) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി പുതിയ പദ്ധതികളോ മാർഗനിർദേശങ്ങളോ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**<u>“പ്രതീക്ഷാ ഹോസ്പിറ്റൽസ്”എന്ന പേരിൽ പദ്ധതി</u>**

180 **ശ്രീ. സി. വി. ശാന്തകുമാർ**

**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 24×7 അടിസ്ഥാനത്തിൽ 20 സ്പെഷ്യാലിറ്റി ആശുപത്രികൾ നടപ്പിലാക്കുന്നതിനായി “പ്രതീക്ഷാ ഹോസ്പിറ്റൽസ്” എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര ആശുപത്രികളിലാണ് 24×7 സ്പെഷ്യാലിറ്റി സേവനങ്ങൾ നടപ്പിലാക്കാൻ

തീരുമാനിച്ചിട്ടുള്ളത്; ആശുപത്രികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ആശുപത്രികളിൽ 24×7 സ്പെഷ്യാലിറ്റി സേവനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ഡോക്ടർമാർ, മറ്റ് ജീവനക്കാർ എന്നിവരുടെ ലഭ്യത ഉറപ്പാക്കുന്നതിനും നിയമനത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) പദ്ധതിയുടെ ഭാഗമായി ആശുപത്രികളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ഉപകരണങ്ങൾ, മരുന്നുകൾ, ലബോറട്ടറി, ഡയഗ്നോസ്റ്റിക് സംവിധാനങ്ങൾ, അടിയന്തര സേവനങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

**<u>വൈപ്പിൻ മണ്ഡലത്തിലെ ആരോഗ്യ പരിരക്ഷാ പദ്ധതികൾ</u>**

181 **ശ്രീ. ടോണി ചമ്മണി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ വിവിധ ആശുപത്രികളുടെയും ആരോഗ്യ സ്ഥാപനങ്ങളുടെയും വികസനത്തിനായി മുൻ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക, നിലവിലെ നിർവഹണ സ്ഥിതി, പൂർത്തീകരണ സമയപരിധി എന്നിവ എന്താണെന്നും വ്യക്തമാക്കുമോ;

(ബി) വൈപ്പിൻ മണ്ഡലത്തിലെ തീരദേശ മേഖലകളിൽ താമസിക്കുന്ന ജനങ്ങൾ നേരിടുന്ന പ്രത്യേക ആരോഗ്യ പ്രശ്നങ്ങൾ പഠിക്കുന്നതിനും ആവശ്യമായ പ്രത്യേക ആരോഗ്യ പരിരക്ഷാ പദ്ധതികൾ നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ?

**<u>എറണാകുളം ജനറൽ ആശുപത്രിയിൽ ആരോഗ്യ ഇൻഷുറൻസ് പദ്ധതികളിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക</u>**

182 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജനറൽ ആശുപത്രിയിൽ ആരോഗ്യ ഇൻഷുറൻസ് പദ്ധതികളിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക തുക എത്രയാണെന്ന്

കണക്കാക്കിയിട്ടുണ്ടോ; ഇത് തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ; വിശദാംശം നൽകാമോ?

**ക്യാൻസർ രോഗികളായ ബി.പി.എൽ കുടുംബങ്ങളിലെ അംഗങ്ങൾക്കുള്ള ധനസഹായം**

183 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ രോഗികളായ ബി.പി.എൽ കുടുംബങ്ങളിലെ അംഗങ്ങൾക്കുള്ള ധനസഹായത്തിന് അപേക്ഷ സമർപ്പിച്ചവരുടെ ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ ജില്ലയിലും ധനസഹായം അനുവദിച്ച രോഗികളുടെ കണക്ക് ലഭ്യമാക്കുമോ;

(സി) ക്യാൻസർ രോഗികളായ ബി.പി.എൽ കുടുംബങ്ങളിലെ അംഗങ്ങൾക്കുള്ള ധനസഹായത്തിന് വേണ്ടി ആകെ നീക്കി വെക്കപ്പെട്ട തുകയുടെ കണക്ക് ലഭ്യമാക്കുമോ;

(ഡി) നിലവിലെ അവസ്ഥ പരിഗണിച്ച് അപേക്ഷ സമർപ്പിച്ചിട്ടുള്ള മുഴുവൻ രോഗികൾക്കും നിലവിൽ നൽകി വരുന്ന ധനസഹായ തുക വർദ്ധിപ്പിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

**ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

184 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടോണി ചമ്മണി**
**ശ്രീ. വി. എസ്. ജോയി**
**ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങൾക്കും 25 ലക്ഷം രൂപയുടെ ചികിത്സാ പരിരക്ഷ ഉറപ്പാക്കുന്ന ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഡി.പി.ആർ.സമർപ്പിക്കുന്നതിനുള്ള കാലപരിധി, പദ്ധതി ഏത് രീതിയിൽ നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്നിവ സംബന്ധിച്ച

വിശദാംശം നൽകുമോ;

(സി) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നിലവിലുള്ള മെഡിസെപ്പ് ഇൻഷുറൻസ് പദ്ധതിക്ക് ഒട്ടേറെ പോരായ്മകൾ ഉള്ളതിനാൽ അവരെയും ഈ ഇൻഷുറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

185 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് പദ്ധതി, ആർ.ബി.എസ്.കെ, ആരോഗ്യ കിരണം, ഹൃദ്യം, ആവാസ്, അമ്മയും കുഞ്ഞും, സുകൃതം, സർക്കാർ ജീവനക്കാർക്കുള്ള മെഡിസെപ്പ് തുടങ്ങിയ ആരോഗ്യ സുരക്ഷാ പദ്ധതികളുടെ ഭാഗമായി വിവിധ ആശുപത്രികൾക്കും ചികിത്സാ സ്ഥാപനങ്ങൾക്കും നിലവിൽ നൽകാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് പദ്ധതി തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ എംപാനൽ ചെയ്ത ആശുപത്രികൾക്ക് കുടിശ്ശിക തുക ലഭ്യമാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ, ഇതുമൂലം ഗുണഭോക്താക്കൾക്ക് ചികിത്സ ലഭ്യമാക്കുന്നതിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കുടിശ്ശിക തീർപ്പാക്കുന്നതിനായി നിലവിൽ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) വിവിധ പദ്ധതികളിലായി കുടിശ്ശികയുള്ള തുക ഘട്ടംഘട്ടമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) എംപാനൽ ചെയ്ത ആശുപത്രികളിൽ പ്രസ്തുത പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ചികിത്സ തുടർന്നും തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനും നിലവിലുള്ള കുടിശ്ശിക സമയബന്ധിതമായി തീർപ്പാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; കുടിശ്ശിക പൂർണ്ണമായും തീർപ്പാക്കുന്നതിന് പ്രതീക്ഷിക്കുന്ന സമയക്രമം വ്യക്തമാക്കുമോ?

## മഞ്ചേരി മെഡിക്കൽ കോളേജ് ക്രിട്ടിക്കൽ കെയർ ബ്ലോക്ക് നിർമ്മാണം

186 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ഗവ. മെഡിക്കൽ കോളേജിൽ നാഷണൽ ഹെൽത്ത് മിഷന്റെ (NHM - PM ABHIM) കീഴിൽ നിർമ്മിക്കുന്ന അത്യാധുനിക ക്രിട്ടിക്കൽ കെയർ ബ്ലോക്കിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്നും പദ്ധതിയുടെ മേൽനോട്ട ചുമതലയും നിർമ്മാണ ചുമതലയും ഏതെല്ലാം ഏജൻസികൾക്കാണെന്നും വ്യക്തമാക്കുമോ;

(സി) 24 സെന്റിൽ 45,000 ചതുരശ്ര അടി വിസ്തൃതിയിൽ നിർമ്മിക്കുന്ന 4 നില കെട്ടിടത്തിന്റെ സിവിൽ, ഇലക്ട്രിക്കൽ, ഫയർ സുരക്ഷാ പ്രവൃത്തികൾ ഉൾപ്പെടെ പൂർത്തിയാക്കാൻ നിർദ്ദേശിച്ചിട്ടുള്ള സമയപരിധി എന്നാണെന്നും പെൻഡിംഗ് ജോലികൾ പൂർത്തീകരിച്ച് എന്നത്തേക്ക് നാടിനു സമർപ്പിക്കാൻ സാധിക്കുമെന്നും വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ ചുറ്റുമതിൽ, ലാൻഡ്സ്കേപ്പിംഗ്, ഫർണിച്ചർ എന്നിവ ലഭ്യമാക്കുന്നതിനായി അധിക ഫണ്ട് വകയിരുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>**കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ**</u>

187 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ സംവിധാനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) തൃശ്ശൂർ - കോഴിക്കോട് ദേശീയപാതയുടെ സമീപത്ത് സ്ഥിതി ചെയ്യുന്നതിനാലും കുറ്റിപ്പുറം റെയിൽവേ സ്റ്റേഷൻ, പ്രധാന സംസ്ഥാന / ജില്ലാ റോഡുകൾ കടന്നു പോകുന്ന പ്രദേശമായതിനാലും അടിയന്തര ചികിത്സതേടി നിരവധി രോഗികൾ കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ നിത്യേന എത്തുന്നത് കണക്കിലെടുത്ത് ട്രോമ കെയർ സജ്ജീകരണങ്ങൾ ആശുപത്രിയിൽ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>**പാലാ ജനറൽ ആശുപത്രി**</u>

188 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിലെ ജനറൽ ആശുപത്രിയുടെ പടിഞ്ഞാറുവശത്തുള്ള സംരക്ഷണഭിത്തി തകർന്നുകിടക്കുന്നതും ലിഫ്റ്റ് കേടായിക്കിടക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കാര്യങ്ങൾ സമയബന്ധിതമായി പരിഹരിച്ച് രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ചിറയിൻകീഴ് താലൂക്ക് ആശുപത്രി വികസന പ്രവൃത്തികൾ</u>

189 **ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി നിലവിലുള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ആകെ അടങ്കൽ തുക, ഇതുവരെ ചെലവഴിച്ച തുക എന്നിവ എത്രയാണ്; വിശദമാക്കുമോ;

(സി) പദ്ധതിയിൽ ശേഷിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും പദ്ധതി പൂർത്തീകരിച്ച് ജനങ്ങൾക്ക് കൈമാറുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ?

<u>ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനം</u>

190 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും ജനറൽ ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ രാത്രി സമയങ്ങളിൽ ഡ്യൂട്ടിക്ക് ആവശ്യത്തിന് ഡോക്ടർമാർ ഇല്ലാത്തത് ഗുരുതരമായ പ്രതിസന്ധികൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും

വ്യക്തമാക്കുമോ; പ്രസ്തുത വിഷയത്തിൽ ആരോഗ്യ വകുപ്പ് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ജനറൽ ആശുപത്രിയിൽ പുതിയതായി നിർമ്മിച്ച ഓർത്തോ ബ്ലോക്ക്, നേത്രവിഭാഗം തിയേറ്റർ, ഡയാലിസിസ് യൂണിറ്റ് എന്നിവയുടെയെല്ലാം നിലവിലെ സ്ഥിതി എന്താണെന്നും ഈ പദ്ധതികൾ വൈകിപ്പിക്കുന്നതിനും സംവിധാനങ്ങൾ പ്രവർത്തനക്ഷമമാക്കാത്തതിനും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കും ഏജൻസികൾക്കുമെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ആവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടിയ മോർച്ചറി ഉണ്ടായിരുന്നിട്ടും സർജന്റെ അഭാവം മൂലം പോസ്റ്റ്മോർട്ടം പരിശോധനകൾ നിലച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രത്യേക തസ്തിക സൃഷ്ടിക്കുന്നതിൽ തടസ്സമുണ്ടെങ്കിൽ മറ്റൊരു ഡോക്ടർക്ക് പ്രത്യേക ചുമതല നൽകി പോസ്റ്റ്മോർട്ടം സേവനം പുനരാരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) കുറിച്ചി സർക്കാർ ഹോമിയോ ആശുപത്രിയിലെ ഒഴിവുകൾ നികത്തൽ, പുതിയ തസ്തികകൾ അനുവദിക്കൽ, കുടിവെള്ള പ്രശ്നം, ചുറ്റുമതിൽ നിർമ്മാണം, ശമ്പള കുടിശ്ശികയും ഫണ്ടും അനുവദിക്കൽ, എം.ഒ.യു. ഒപ്പുവെക്കൽ, മൂന്ന് നില ഐ.പി കെട്ടിട നിർമ്മാണവും ഭൂമി തർക്കവും പരിഹരിക്കൽ എന്നിവയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതിയും ഫണ്ട് വിവരങ്ങളും കണക്കുകൾ സഹിതം ലഭ്യമാക്കുമോ;

(ഇ) കുറിച്ചി ഹോമിയോ ആശുപത്രിയുടെയും ജനറൽ ആശുപത്രിയുടെയും പൂർത്തിയാകാതെ കിടക്കുന്ന പ്രവൃത്തികളും പരാതികളും പരിഹരിക്കുന്നതിനും ഡോക്ടർമാരുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായി അനുവദിച്ചിട്ടുള്ള ഫണ്ടിന്റെ കണക്കുകൾ സഹിതം പ്രസ്തുത വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(എഫ്) എം.സി. റോഡിലെ അപകടങ്ങൾ കണക്കിലെടുത്ത് ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ അത്യാധുനിക സജ്ജീകരണങ്ങളോടെയുള്ള ട്രോമ കെയർ സെന്റർ സ്ഥാപിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ?

**സർക്കാർ തലത്തിൽ ജില്ലാ, താലൂക്ക് ആശുപത്രികളിൽ നേഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് നടപടി**

191 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വദേശത്തും വിദേശത്തും ഏറെ ജോലി സാദ്ധ്യതയുള്ള നഴ്സിംഗ് പഠനത്തിനായി സംസ്ഥാനത്ത് നിന്നുള്ള വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളിലേക്ക് വലിയ തുക മുടക്കി പഠനത്തിനായി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ സർക്കാർ തലത്തിൽ ജില്ലാ, താലൂക്ക് ആശുപത്രികളിൽ നേഴ്സിംഗ് കോളേജ് തുടങ്ങുവാൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദമാക്കുമോ;

(സി) നിലമ്പൂർ ജില്ലാ ആശുപത്രിയോടനുബന്ധിച്ച് ഒരു സർക്കാർ നേഴ്സിംഗ് കോളേജ് ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

**താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം**

192 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മണ്ഡലമായ താനൂർ നിയോജകമണ്ഡലത്തിൽ കിടത്തിച്ചികിത്സയുള്ള സർക്കാർ സ്ഥാപനങ്ങളൊന്നുമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താനൂർ സി.എച്ച്.സി. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തിയപ്പോൾ, നേരത്തെയുണ്ടായിരുന്ന കിടത്തിച്ചികിത്സ പൂർണ്ണമായും നിർത്തിവെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) താനൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിക്ക് ഭരണാനുമതിക്കായി നൽകിയ ഡി.പി.ആറിന് എന്ന് ഭരണാനുമതി നൽകാനാവുമെന്ന് വ്യക്തമാക്കാമോ; ഇപ്പോൾ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്ന പദ്ധതി എന്ന് പൂർത്തീകരിക്കാനാവുമെന്ന് വിശദമാക്കുമോ;

(ഡി) ഇതുവരെ അടിസ്ഥാനസൗകര്യ വികസനം നടക്കുന്ന പ്രസ്തുത ആശുപത്രിയിൽ രോഗികൾക്ക് പ്രയോജനകരമാകുന്ന നിലയിൽ സ്റ്റാഫ്

സ്റ്റേങ്ത് വർദ്ധിപ്പിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**സർക്കാർ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കാൻ നടപടി**

193 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകളുണ്ടെന്നുള്ള വിവരം ലഭ്യമാക്കുമോ;

(ബി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ?

**കോതമംഗലം നിയോജകമണ്ഡലത്തിലെ താലൂക്ക് ആശുപത്രി**

194 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ഏറ്റവും കൂടുതൽ ആദിവാസി സമൂഹം അധിവസിക്കുന്ന കോതമംഗലം നിയോജകമണ്ഡലത്തിലെ താലൂക്ക് ആശുപത്രിയിൽ ഒരു പോലീസ് സർജ്ജന്റെ സേവനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**ചേന്ദമംഗലൂർ ആരോഗ്യ സബ് സെന്റർ**

195 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മുക്കം മുൻസിപ്പാലിറ്റിയിലെ മുക്കം ആരോഗ്യ കേന്ദ്രത്തിന്റെ ഭാഗമായ സബ്സെന്റർ ചേന്ദമംഗലൂർ ചേനാംകുന്നത്ത് കഴിഞ്ഞ കുറച്ച് കാലമായി ജനങ്ങൾക്ക് ഒരു ചികിത്സയും നൽകാതെ അടച്ചിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ആരോഗ്യ സബ് സെന്റർ തുറന്ന് പ്രവർത്തിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

**കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ സ്ഥിരം തസ്തികകൾ**

196 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ വിഭാഗത്തിൽ ഏതെല്ലാം സ്ഥിരം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാർ പ്രസ്തുത ആശുപത്രിയിലേക്ക് ഡോക്ടർമാരുടെ വിഭാഗത്തിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിരുന്നു; ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത തസ്തികകളിൽ ഡോക്ടർമാർ നിലവിൽ സേവനം അനുഷ്ഠിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) ആശുപത്രിയിലെ ഡോക്ടർമാരുടെ സ്ഥിരം തസ്തികകളിൽ അവരുടെ സേവനം ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>പുതുപ്പാടി ഗ്രാമപഞ്ചായത്ത് കുടുംബാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ</u>

197 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്ത് കുടുംബാരോഗ്യ കേന്ദ്രത്തിൽ (എഫ്.എച്ച്.സി) കിടത്തി ചികിത്സ തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) മലയോര മേഖലയിലെ ജനങ്ങൾക്ക് അടിയന്തര ചികിത്സ ലഭിക്കുവാൻ കോഴിക്കോട് മെഡിക്കൽ കോളേജിനെ ആശ്രയിക്കേണ്ടി വരുന്നതിൽ നിന്നും ഒരു പരിധിവരെ ജനങ്ങൾക്ക് സഹായകമാകുന്ന കിടത്തി ചികിത്സ നൽകാനുള്ള നടപടി സ്വീകരിക്കുമോ;

(സി) കോഴിക്കോട് കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിൽ പ്രവർത്തിക്കുന്ന ആയുർവേദ സബ് സെന്റർ, എൻ.ഐ.എ ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററായി മാറ്റാനുള്ള എന്തെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

<u>മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളുടെ ഉന്നമനം</u>

198 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതികസാഹചര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിനായി നിലവിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്നുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളുടെ ഉന്നമനത്തിനാണ് നിലവിൽ തുക അനുവദിച്ചിട്ടുള്ളതെന്നും തുക അനുവദിച്ച വകുപ്പ്/ഫണ്ട് എന്നിവ തിരിച്ചുള്ള വിവരങ്ങളും ലഭ്യമാക്കുമോ;

(സി) മണ്ഡലത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ നടന്നുവരുന്ന വികസന-നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) മഞ്ചേശ്വരം മണ്ഡലത്തിലെ ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിനായി ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് പുതിയ പദ്ധതികൾ ഏതെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പുതിയ പദ്ധതികളാണ് നിലവിൽ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ?

**എറിയാട് ഗ്രാമപഞ്ചായത്തിലെ മാടവന കുടുംബ ആരോഗ്യ കേന്ദ്രത്തിലെ കിടത്തി ചികിത്സ**

199 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറിയാട് ബ്ലോക്ക് പഞ്ചായത്ത് നിലവിലുണ്ടായിരുന്ന സമയത്ത് മാടവന കുടുംബാരോഗ്യ കേന്ദ്രത്തിൽ പ്രസവ ചികിത്സ ഉൾപ്പെടെയുള്ള കിടത്തിച്ചികിത്സ ലഭ്യമായിരുന്നത് നിലവിൽ നിർത്തിവെച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ, കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിലെ രോഗികളുടെ അമിതമായ തിരക്കും, ഉയർന്ന ജനസാന്ദ്രതയുള്ള എറിയാട്, എടവിലങ്ങ്, മുമ്പ് നിലവിലുണ്ടായിരുന്ന മേത്തല ഗ്രാമപഞ്ചായത്ത് എന്നീ തീരദേശ മേഖലകളിലെ ജനങ്ങളുടെ ആവശ്യകതയും പരിഗണിച്ച്, മാടവന കുടുംബാരോഗ്യ കേന്ദ്രത്തിൽ കിടത്തിച്ചികിത്സ പുനരാരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) സ്വകാര്യ ആശുപത്രികളിൽ വർദ്ധിച്ചുവരുന്ന ചികിത്സാച്ചെലവ് നിയന്ത്രിക്കുന്നതിനും അനാവശ്യ പരിശോധനകൾ നടപ്പാക്കുന്നത്

തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഒരേ മരുന്നുകൾക്ക് വിവിധ കമ്പനികൾ വ്യത്യസ്ത വില ഈടാക്കുന്ന സാഹചര്യത്തിൽ ഡോക്ടർമാർ മരുന്നുകളുടെ ബ്രാൻഡ് പേരുകൾക്ക് പകരം ജനറിക് പേരുകൾ എഴുതുന്നത് നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ കിടത്തിച്ചികിത്സ നിലവിലുണ്ടായിരുന്ന പെരിഞ്ഞനം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിലവിൽ പ്രസ്തുത ചികിത്സ കുറച്ചു കൊണ്ടുവരുന്ന സാഹചര്യത്തിൽ പെരിഞ്ഞനം സി.എച്ച്.സി.യിൽ കിടത്തിച്ചികിത്സ പൂർണ്ണതോതിൽ പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) കഴിഞ്ഞ രണ്ടു വർഷത്തിൽ പെരിഞ്ഞനം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എത്ര പേരെയാണ് കിടത്തിച്ചികിത്സയ്ക്ക് വിധേയരാക്കിയതെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ?

**ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിലെ ഒ.പി.- മെറ്റേണിറ്റി ബ്ലോക്കുകളുടെ നിർമ്മാണ പ്രവർത്തനം**

200 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിലെ ഒ.പി. മെറ്റേണിറ്റി ബ്ലോക്കുകളുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനത്തിന് തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**ജില്ലാ, ജനറൽ ആശുപത്രികളിൽ 24 മണിക്കൂർ സ്പെഷ്യാലിറ്റി സേവനം**

201 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. കെ. പി. നൗഷാദ് അലി**
**ശ്രീ. കെ. പ്രവീൺ കുമാർ**
**ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ, ജനറൽ ആശുപത്രികളിൽ 24 മണിക്കൂർ സ്പെഷ്യാലിറ്റി സേവനം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) രാവിലെ എട്ട് മണി മുതൽ രാത്രി എട്ട് മണി വരെ ഡോക്ടർമാരുടെ സ്റ്റേ ഡ്യൂട്ടിയും തുടർന്ന് ആവശ്യമുള്ളപ്പോൾ സേവനം ലഭ്യമാക്കുന്ന ഓൺ കോൾ സംവിധാനവുമാണോ തുടക്കത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) കാഷ്വാലിറ്റി, തീവ്രപരിചരണം എന്നീ വിഭാഗങ്ങൾ ശക്തിപ്പെടുത്താൻ കൂടുതൽ മെഡിക്കൽ ഓഫീസർമാരുടെ സേവനം ഉറപ്പാക്കുമോ; ട്രയേജ് സംവിധാനം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>**നെന്മാറ സി.എച്ച്.സി.യിലെ മെയിന്റനൻസ് പ്രവർത്തനങ്ങൾ സംബന്ധിച്ച്**</u>

202 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ സി.എച്ച്.സി.യിലെ ഐസൊലേഷൻ വാർഡിന്റെ അടിയന്തര സിവിൽ, ഇലക്ട്രിക്കൽ മെയിന്റനൻസ് പ്രവൃത്തികൾ നടത്തുന്നതിനായി കിഫ്ബിയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് കിഫ്ബിയുടെ സാങ്കേതികാനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിന് നിർവ്വഹണ ഏജൻസിയായ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;ഇതിനായി എസ്റ്റിമേറ്റ് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മെയിന്റനൻസിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിന് കിഫ്ബിയിൽ നിന്ന് അനുമതി ലഭ്യമാക്കി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വാർഡ് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>**തലശ്ശേരി നിയോജക മണ്ഡലത്തിൽ പുതുതായി നിർമ്മിക്കുന്ന അമ്മയും കുഞ്ഞും ഹോസ്പിറ്റൽ**</u>

203 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ പുതുതായി നിർമ്മിക്കുന്ന അമ്മയും കുഞ്ഞും ആശുപത്രിയിലേക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ആശുപത്രിയിലേക്ക് മതിയായ ഉപകരണങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് പുതിയ പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>നെന്മാറ മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ</u>

204 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്ന നിർമ്മാണ/നവീകരണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭിച്ച തീയതികളും ഓരോന്നിനും അനുവദിച്ച തുകയും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(സി) കൊല്ലങ്കോട് തേക്കിൻചിറ സബ് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>തലശ്ശേരി നിയോജകമണ്ഡലത്തിലെ അമ്മയും കുഞ്ഞും ആശുപത്രി</u>

205 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ പുതുതായി നിർമ്മിക്കുന്ന അമ്മയും കുഞ്ഞും ആശുപത്രിയിലേക്ക് ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ആശുപത്രിയിലേക്ക് ആവശ്യമായ ഏതൊക്കെ തസ്തികകളാണ് സൃഷ്ടിക്കുന്നതെന്നും അവയുടെ എണ്ണം വിഭാഗം തിരിച്ച് എത്രയെന്നും വ്യക്തമാക്കുമോ;

(സി) തലശ്ശേരിയിൽ പുതുതായി നിർമ്മിക്കുന്ന അമ്മയും കുഞ്ഞും ആശുപത്രിയിലേക്ക് പുതിയ തസ്തികകൾ അനുവദിക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ?

**മരുന്നുകളുടെ ജനറിക് നാമം**

206 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവ. ആശുപത്രികളിലെയും മെഡിക്കൽ കോളേജുകളിലെയും ഡോക്ടർമാർ മരുന്ന് കുറിപ്പടികളിൽ മരുന്നുകളുടെ ജനറിക് നാമം രേഖപ്പെടുത്തുന്നതിൽ വൈമുഖ്യം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനറിക് നാമം രേഖപ്പെടുത്താതെയുള്ള മരുന്ന് കുറിപ്പടികൾ ഒഴിവാക്കുന്നതിന് ഡോക്ടർമാർക്ക് നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) സ്വകാര്യ മരുന്ന് കമ്പനികൾക്കും മെഡിക്കൽ ഷോപ്പുകൾക്കും സ്വാധീനപ്പെടുന്ന ഡോക്ടർമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

**ആലത്തൂർ താലൂക്ക് ആശുപത്രിയിലെ ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ നവീകരിക്കൽ**

207 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ആശുപത്രിയിലെ ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ എന്നിവ നവീകരിക്കുന്ന പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ?

**കണ്ണൂർ ഗവ.മെഡിക്കൽ കോളേജിലെ മരുന്നുകളുടെയും ഉപകരണങ്ങളുടെയും കുറവ് പരിഹരിക്കാൻ നടപടി**

208 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ മരുന്നുകളുടെയും ഉപകരണങ്ങളുടെയും ലഭ്യതക്കുറവ് സംബന്ധിച്ച് പരിശോധനകൾ

നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത മെഡിക്കൽ കോളേജിലെ മരുന്നുകളുടെയും ഉപകരണങ്ങളുടെയും ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

**<u>കോന്നി നിയോജകമണ്ഡലത്തിലെ ആരോഗ്യസ്ഥാപനങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ</u>**

209 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ പുരോഗമിക്കുന്ന വിവിധ ആരോഗ്യ സ്ഥാപനങ്ങളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ?

**<u>കുളത്തൂപ്പുഴ സി.എച്ച്.സിക്കും തെന്മല എഫ്.എച്ച്.സിക്കും ആംബുലൻസ്.</u>**

210 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിലെ 2026 - 27 വർഷത്തെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നുള്ള തുക വിനിയോഗിച്ച് കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ നിർവ്വഹണ ചുമതലയിൽ കുളത്തൂപ്പുഴ സി.എച്ച്.സി. ക്കും തെന്മല എഫ്.എച്ച്.സി. ക്കും ഓരോ ആംബുലൻസ് വാങ്ങി നൽകുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) നടപടി ക്രമങ്ങൾ പൂർത്തിയാക്കി ആശുപത്രികൾക്ക് ആംബുലൻസ് എന്ന് വാങ്ങി നല്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**<u>നിലമ്പൂർ ജില്ലാ ആശുപത്രിക്ക് ആവശ്യമായ സ്റ്റാഫ് പാറ്റേൺ</u>**

211 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാറായിരത്തിൽപ്പരം ആദിവാസികളുടെയും നിരവധി മലയോര ഗ്രാമങ്ങളുടെയും ആശ്രയമായ നിലമ്പൂർ ജില്ലാ ആശുപത്രി ആയതിനാവശ്യമായ സ്റ്റാഫ് പാറ്റേണിലല്ല പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ 24 മണിക്കൂറും സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ സചിവോത്തമപുരം സി.എച്ച്.സി.**

212 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ സചിവോത്തമപുരം സി.എച്ച്.സി.-യിൽ (മന്ദിരം ആശുപത്രി) നേരത്തെ ഉണ്ടായിരുന്ന കിടത്തിച്ചികിത്സാ വാർഡുകൾ പൊളിച്ചു മാറ്റിയതിനെത്തുടർന്ന് കഴിഞ്ഞ മൂന്ന് വർഷമായി കിടത്തിച്ചികിത്സ മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് ഇടയിലുള്ള ആശങ്കകളും, പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനവും കാഷ്വാലിറ്റി/ട്രോമാകെയർ സംവിധാനങ്ങളും ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് എൻ.എച്ച്.എം. കൺസൾട്ടന്റുമാരുടെ റിപ്പോർട്ടിലുള്ള വൈരുദ്ധ്യങ്ങളും സ്ഥലപരിമിതി സംബന്ധിച്ചുള്ള പരാതികളും പരിശോധിച്ച്, കിടത്തിച്ചികിത്സ സുഗമമാക്കുന്നതിന് അനുയോജ്യമായ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ;

(ഇ) സചിവോത്തമപുരം സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഗ്രേഡ് ഉയർത്തുന്നതിനുള്ള സാധ്യതകളും മണ്ഡലത്തിലെ പൊതുജനങ്ങളുടെ ദീർഘകാലമായുള്ള ആരോഗ്യപരമായ ആവശ്യങ്ങൾ സമയബന്ധിതമായി പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ പൂർണ്ണ വിവരങ്ങളും കണക്കുകളും ലഭ്യമാക്കുമോ;

(എഫ്) 15-ാം ധനകാര്യ കമ്മീഷന്റെ ഭാഗമായി മണ്ഡലത്തിലെ വിവിധ പി.എച്ച്.സി.-കൾക്ക് ഗ്രാന്റുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ നിലവിലെ പ്രവർത്തികളുടെ പുരോഗതി എന്താണെന്നും വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ കാരണം കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ജി) പ്രസ്തുത പ്രവൃത്തികളിലെ തടസ്സങ്ങൾ നീക്കുന്നതിനും വകുപ്പുകൾ തമ്മിലുള്ള ഏകോപനം ശക്തമാക്കുന്നതിനും അവ സമയബന്ധിതമായി

തീർക്കുന്നതിനും വകുപ്പിന്റെ ഭാഗത്തു നിന്ന് സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ പൂർണ്ണ വിവരങ്ങൾ കണക്കുകൾ സഹിതം ലഭ്യമാക്കുമോ?

**ഒല്ലൂർ നിയോജക മണ്ഡലത്തിലെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ കുറവ്**

213 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിലെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ വിവിധ വിഭാഗങ്ങളിലായി അനുവദിച്ചിട്ടുള്ള തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; ജീവനക്കാരുടെ കുറവ് പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനത്തെയും രോഗികൾക്ക് ലഭിക്കുന്ന സേവനങ്ങളെയും ബാധിക്കുന്ന സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഒല്ലൂർ നിയോജക മണ്ഡലത്തിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ ഡോക്ടർമാർ, നഴ്സുമാർ, ഫാർമസിസ്റ്റുകൾ, ലാബ് ടെക്നീഷ്യൻമാർ, മറ്റ് പാരാമെഡിക്കൽ ജീവനക്കാർ, ശുചീകരണ ജീവനക്കാർ തുടങ്ങിയ വിഭാഗങ്ങളിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ, നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാർ, ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എന്നിവ തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(സി) നിലവിലുള്ള ഒഴിവുകളിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം നടത്തേണ്ടവ, സ്ഥാനക്കയറ്റം മുഖേന നികത്തേണ്ടവ എന്നിവയുടെ എണ്ണം വ്യക്തമാക്കുമോ;

(ഡി) പി.എസ്.സി. മുഖേന നികത്തേണ്ട ഒഴിവുകളിൽ എത്ര എണ്ണം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര എണ്ണം റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കുമോ?

**കുന്നമംഗലം മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിലെ ഒഴിവുകൾ നികത്തൽ**

214 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നമംഗലം മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാർ, അസിസ്റ്റന്റ്/പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ

തസ്തികകൾ ഒഴിവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിലും ആശുപത്രികളിലും നിലവിൽ ഒഴിവുള്ള ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തികകൾ ഏതൊക്കെയാണെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത തസ്തികകളിൽ സ്ഥിരനിയമനമോ താത്കാലിക നിയമനമോ നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## തൃക്കാക്കര മണ്ഡലത്തിൽ കിടത്തി ചികിത്സാ സൗകര്യമുള്ള സർക്കാർ താലൂക്ക് ആശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടി

215 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിൽ നിലവിൽ സർക്കാർ സംവിധാനത്തിൽ കിടത്തി ചികിത്സാ സൗകര്യമുള്ള ആശുപത്രി ഇല്ലാത്തതിനാൽ സാധാരണക്കാരായ രോഗികൾക്ക് കിടത്തി ചികിത്സയ്ക്കായി മറ്റ് പ്രദേശങ്ങളിലെ ആശുപത്രികളെ ആശ്രയിക്കേണ്ട സാഹചര്യമുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇൻഫോപാർക്ക്, സ്മാർട്ട് സിറ്റി, കിൻഫ്ര തുടങ്ങിയ സ്ഥാപനങ്ങളും നിരവധി ഫ്ലാറ്റ് സമുച്ചയങ്ങളുമുള്ള തൃക്കാക്കര മണ്ഡലത്തിൽ ഒരു സർക്കാർ താലൂക്ക് ആശുപത്രി സ്ഥാപിച്ച് കിടത്തി ചികിത്സ ഉൾപ്പെടെയുള്ള ആധുനിക ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## താനൂർ താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം

216 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ

ആവശ്യപ്പെട്ട് ആരോഗ്യ വകുപ്പിന് നൽകിയ കത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) താനൂർ താലൂക്ക് ആശുപത്രിയിൽ കിടത്തി ചികിൽസ ആരംഭിക്കുന്നത് സംബന്ധിച്ചും ഡോക്ടർമാരുടെ പുന:ക്രമീകരണം സംബന്ധിച്ചും ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിന് നൽകിയ കത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ജില്ലയിൽ ഐ പി ഉള്ള സ്ഥാപനങ്ങൾ എത്രയാണെന്നും ഐ പി ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾ എത്രയാണെന്നും വിശദമാക്കുമോ; ഓരോ സ്ഥാപനങ്ങളുടെയും സ്റ്റാഫുകളുടെ എണ്ണം തിരിച്ച് വിശദമാക്കുമോ;

(ഡി) താനൂർ താലൂക്കാശുപത്രിയിലെ നിലവിലുള്ള ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടേയും വിവരങ്ങൾ ലഭ്യമാക്കുമോ?

**<u>തിരുവല്ല താലൂക്ക് ആശുപത്രിയിലെ വിവിധ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി</u>**

217 **ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല താലൂക്ക് ആശുപത്രിയിൽ 2015 ജനുവരി മുതൽ പുതിയ കെട്ടിടങ്ങൾ/അടിസ്ഥാന സൗകര്യവികസനം എന്നിവയ്ക്കായി ഭരണാനുമതി ലഭിച്ചിട്ടുള്ളവയുടെ പട്ടികയും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(ബി) തിരുവല്ല താലൂക്ക് ആശുപത്രിയിലെ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിന്റെ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ; നിർമ്മാണം ആരംഭിക്കാനായില്ലെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ?

**<u>കോതമംഗലം താലൂക്ക് ആശുപത്രിയിൽ നടപ്പിലാക്കിയ പ്രവൃത്തികൾ</u>**

218 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കോതമംഗലം താലൂക്ക് ആശുപത്രിയിൽ ആരോഗ്യവകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ;

(സി) നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

**കുന്നംകുളം താലൂക്ക് ആശുപത്രിയിലെ കിഫ്ബി ഫണ്ട് വിനിയോഗം**

219 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം ഗവ. താലൂക്ക് ആശുപത്രിയിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിലവിലെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് ആശുപത്രി പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കുമോ;

(സി) പുതിയ കെട്ടിടം പൂർത്തിയാകുന്ന മുറയ്ക്ക് അവിടെ വിവിധ വിഭാഗങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ഡോക്ടർമാർ, നഴ്സുമാർ, പാരമെഡിക്കൽ ജീവനക്കാർ എന്നിവരെ നിയമിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

**മയ്യനാട് സി. കേശവൻ മെമ്മോറിയൽ കുടുംബാരോഗ്യ കേന്ദ്രം**

220 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മയ്യനാട് സി. കേശവൻ മെമ്മോറിയൽ കുടുംബാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ പ്രത്യേകതയും രോഗികളുടെ വർദ്ധനവും അതിന് കീഴിലുള്ള അഞ്ച് ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകൾ ഉൾപ്പെടുന്ന പ്രദേശത്തെ വർധിച്ചുവരുന്ന ജനസംഖ്യയും പരിഗണിച്ച്, പ്രസ്തുത സ്ഥാപനത്തെ കൂടുതൽ സൗകര്യങ്ങളും കിടക്കകളുമുള്ള 24×7 കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**പുളിങ്കുന്ന് താലൂക്ക് ആശുപത്രി**

221 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുളിങ്കുന്ന് താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രി പദവിയിലേക്കുയർത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പുളിങ്കുന്ന് താലൂക്കാശുപത്രിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിക്രമം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും ഏത് ഫണ്ടിൽ നിന്നാണ് തുക അനുവദിച്ചതെന്നും നിർവ്വഹണ ഏജൻസി ഏതെന്നും നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുമെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ?

**<u>അമ്പലപ്പാറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡിജിറ്റൽ എക്സ്റേ വാങ്ങിയതിന് ചെലവായ തുക</u>**

222 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലം എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും (2020-21) അമ്പലപ്പാറ സി.എച്ച്.സി. യിൽ ഡിജിറ്റൽ എക്സ്റേ വാങ്ങിയതിന് ചെലവായ തുക കരാർ കമ്പനിക്ക് കൈമാറിക്കൊണ്ട് Health-M1/334/2025 നമ്പർ ഫയലിൽ ഉത്തരവായിട്ടുണ്ടോ;

(ബി) പ്രസ്തുത എക്സ്റേ മെഷീന്റെ തുക കരാർ കമ്പനിക്ക് ലഭിക്കാത്തത് കാരണം മെഷീൻ ഓഫ് ചെയ്ത് ഇട്ടിരിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഫണ്ട് കമ്പനിക്ക് മാറി കൊടുക്കുന്നതിന് പകരം ആരോഗ്യ വകുപ്പ് സെക്രട്ടറി മെഷീൻ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് ചോദിച്ച് ഫയൽ മടക്കിയതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) എം.എൽ.എ. ഫണ്ടിൽ നിന്നും തുക വകയിരുത്തി ആശുപത്രികളിലേക്ക് മെഷീനുകൾ വാങ്ങി നൽകിയാൽ അതിന്റെ തുക മെഷീൻ നൽകുന്ന കമ്പനികൾക്ക് നൽകുന്നതിലുള്ള ഇത്തരം കാലതാമസം ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) അമ്പലപ്പാറ സി.എച്ച്.സി.യിലേക്ക് എക്സ്റേ വാങ്ങിയതിന്റെ തുക എന്നത്തേക്ക് കമ്പനിക്ക് നൽകാൻ കഴിയും; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

**തലശ്ശേരി ജനറൽ ആശുപത്രിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ**

223 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ തലശ്ശേരി ജനറൽ ആശുപത്രിയെ ദിനംപ്രതി ആശ്രയിക്കുന്നവരുടെ എണ്ണം കൂടിക്കൂടി വരുന്നതിനാലും ആശുപത്രിയിൽ നിലവിലുള്ള സ്റ്റാഫുകളുടെ എണ്ണം മതിയാകാത്ത സാഹചര്യം നിലവിലുള്ളതിനാലും പ്രസ്തുത ആശുപത്രിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ഡയാലിസിസ് സെന്റർ**

224 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുവാൻ എം.എൽ.എ. ഫണ്ട് അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്ക് ആരോഗ്യവകുപ്പ് അനുമതി നല്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**അരുവിക്കര നിയോജക മണ്ഡലത്തിലെ ആരോഗ്യസ്ഥാപനങ്ങളുടെ പുതിയ കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി**

225 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കമ്മിറ്റി 11.03.2026-ൽ ചേർന്ന യോഗത്തിൽ അംഗീകരിച്ച അരുവിക്കര

നിയോജക മണ്ഡലത്തിലുൾപ്പെടുന്ന ആര്യനാട് സി.എച്ച്.സി., വീരണകാവ് എഫ്.എച്ച്.സി. എന്നീ ആരോഗ്യസ്ഥാപനങ്ങളുടെ പുതിയ കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി നാളിതുവരെ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്ന ഈ രണ്ട് ആരോഗ്യസ്ഥാപനങ്ങൾക്കും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണം</u>

226 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിലേക്ക് ആവശ്യമായി വരുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ നവീകരണം</u>

227 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ, കെട്ടിടങ്ങളുടെ അവസ്ഥ, ചികിത്സാ സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ആശുപത്രിയുടെ നവീകരണത്തിനായി നിലവിൽ ഏതെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ അടങ്കൽ തുക, അനുവദിച്ച തുക, പദ്ധതിയുടെ പ്രധാന ഘടകങ്ങൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ആശുപത്രിയിൽ കൂടുതൽ കിടക്കകൾ, പുതിയ ചികിത്സാ വിഭാഗങ്ങൾ, ആധുനിക മെഡിക്കൽ ഉപകരണങ്ങൾ, ലാബ്, അടിയന്തര ചികിത്സാ

സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ;

(ഡി) പേരാമ്പ്ര താലൂക്ക് ആശുപത്രിയെ കൂടുതൽ മികച്ച താലൂക്ക്തല ചികിത്സാ കേന്ദ്രമായി വികസിപ്പിക്കുന്നതിനായി ആശുപത്രിയിലെ രോഗികളുടെ എണ്ണം, ചികിത്സാ ആവശ്യകത എന്നിവ പരിഗണിച്ച് കൂടുതൽ സ്പെഷ്യലിസ്റ്റ് തസ്തികകൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

**തിരുവനന്തപുരം നഗരസഭയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ നിയമനം**

228 **ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിലെ പി എസ് സി വഴി നിയമിതരായവരും വർഷങ്ങളോളം സർവീസ് ഉള്ളവരുമായ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ നാഷണൽ ഹെൽത്ത് മിഷന്റെ തിരുവനന്തപുരം ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജരുടെ കീഴിൽ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കരാർ അടിസ്ഥാനത്തിലും ദിവസവേതന വ്യവസ്ഥയിലും ജോലിക്ക് ആളെ നിയമിക്കുന്ന നാഷണൽ ഹെൽത്ത് മിഷനിൽ, ആരോഗ്യ വകുപ്പിലേക്കും മുനിസിപ്പൽ കോമൺ സർവീസിലേക്കുമുള്ള പി എസ് സി യുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമിതരാകുന്ന സ്ഥിരം സർക്കാർ ജീവനക്കാരെ എന്ത് മാനദണ്ഡപ്രകാരമാണ് നിയമിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ, നിലവിൽ നാഷണൽ ഹെൽത്ത് മിഷനിൽ താൽക്കാലികമായി ജോലിചെയ്യുന്ന ജീവനക്കാരുടെ ജോലി സൂപ്പർവൈസ് ചെയ്യുന്നതിനാണോ നിയമിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

**കാസർഗോഡ് ജില്ലയിൽ ആരോഗ്യ മേഖലയിലെ ഒഴിവുകൾ**

229 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ഈ സർക്കാർ നിലവിൽ വന്ന ശേഷം പി.എസ്.സി. വഴിയും കരാർ/ദിവസവേതന

അടിസ്ഥാനത്തിലും നിയമിച്ചവരുടെ തസ്തിക, എണ്ണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഓരോ തസ്തികയിലും നിയമനം നേടിയിട്ടും വ്യത്യസ്ത കാരണങ്ങളാൽ ജോലിയിൽ തുടരാത്തവരുടെ എണ്ണം വ്യക്തമാക്കുമോ;

(സി) കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ വിവിധ തസ്തികകളിലായി നിലവിലുള്ള ഒഴിവുകൾ വിശദമാക്കുമോ?

**<u>കാസർഗോഡ് ജില്ലാ ആശുപത്രിയിൽ ഫോറൻസിക് സർജൻ നിയമനം</u>**

230 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ ആശുപത്രിയിൽ ഫോറൻസിക് സർജനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

**<u>മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഫോറൻസിക് സർജന്റെ നിയമനം</u>**

231 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഫോറൻസിക് സർജനെ നിയമിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഫോറൻസിക് സർജനെ നിയമിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>കെ.എം.എസ് .സി.എൽ. അധികമായി വാങ്ങിയ ഐ.വി. ഫ്ലൂയിഡ്, ഇൻസുലിൻ</u>**

232 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. കെ. എം. അഭിജിത്ത്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. രമേഷ് പിഷാരടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തെ അവസാന രണ്ടു വർഷങ്ങളിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ എട്ടു കോടി രൂപയുടെ ഐ.വി. ഫ്ലൂയിഡ് അധികമായി വാങ്ങിയെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വാർഷിക കരാർ അനുസരിച്ച് മതിയായ ഐ.വി. ഫ്ലൂയിഡ് വാങ്ങിയതിനാൽ അധികമായി വാങ്ങിയവ ഉപയോഗിക്കേണ്ടി വന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അമിതമായി ഇൻസുലിൻ വാങ്ങിയതിന്റെ ഫലമായി വെയർഹൗസുകളിലെ ഫ്രീസറുകളിൽ ഇവ സൂക്ഷിക്കാനാകാതെ ഉപയോഗശൂന്യമായെന്ന ആക്ഷേപത്തെക്കുറിച്ച് അന്വേഷണം നടത്തുമോയെന്ന് വ്യക്തമാക്കുമോ?

<u>പാലക്കാട് താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണം</u>

233 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ആർ.ഐ.ഡി.എഫ്. ഫണ്ട് വിനിയോഗിച്ച് മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളി പഞ്ചായത്തിൽ നിർമ്മിക്കുന്ന പാലക്കാട് താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ആകെ എത്ര തുകയാണ് ഈ പ്രവൃത്തിക്കായി അനുവദിച്ചിട്ടുള്ളതെന്നും ഈ പ്രവൃത്തി പൂർത്തിയാകുമ്പോൾ എന്തെല്ലാം അധിക സൗകര്യങ്ങളാണ് ലഭ്യമാകുന്നതെന്നും വ്യക്തമാക്കുമോ?

<u>വർക്കല മണ്ഡലത്തിൽ ആരോഗ്യ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

234 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലയളവിൽ (2016-21, 2021-26) ആരോഗ്യ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി (അലോപ്പതി, ആയുർവ്വേദം, ഹോമിയോ, പ്രകൃതി ചികിത്സാ കേന്ദ്രം) അനുവദിച്ച ഫണ്ട് എത്രയെന്ന് വിശദമാക്കുമോ;

(ബി) ഓരോ നിർമ്മാണ പ്രവർത്തനത്തിന്റെയും പുരോഗതി വിശദമാക്കുമോ?

<u>കൊണ്ടോട്ടി താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ</u>

235 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളിലെ മാനദണ്ഡപ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ വിവരം ലഭ്യമാക്കുമോ;

(ബി) സ്റ്റാഫ് പാറ്റേൺ കാലാനുസൃതമായി പരിഷ്ക്കരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അക്കാര്യം പരിഗണിക്കുമോ;

(സി) കൊണ്ടോട്ടി താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കുമോ;

(ഡി) ദിവസവും ആയിരത്തിലധികം ഒ.പി യുള്ള കൊണ്ടോട്ടി താലൂക്ക് ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ജീവനക്കാരെ നിയമിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ ഒഴിവുകളും സീനിയർ റസിഡന്റുമാരുടെ സേവനവും**

236 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ വിവിധ വകുപ്പുകളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും കുറവുമൂലം രോഗീപരിചരണം പലപ്പോഴും തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് പ്രസ്തുത മെഡിക്കൽ കോളേജിൽ അനുവദിച്ച തസ്തികകളും ഒഴിവുള്ള തസ്തികകളും സംബന്ധിച്ച വകുപ്പ് തിരിച്ചുള്ള വിശദമായ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഡോക്ടർമാരുടെ കുറവുമൂലം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി, സൂപ്പർ സ്പെഷ്യാലിറ്റി ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽ സീനിയർ റെസിഡന്റ് ഡോക്ടർമാരെ നിയമിക്കുന്നതിനോ അവരുടെ സേവനം കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനോ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) രോഗി അനുപാതം അനുസരിച്ച് സീനിയർ റെസിഡന്റ് ഡോക്ടർമാരെ നിയമിക്കുമോയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകുമോ;

(ഇ) വിദഗ്ധചികിത്സ ഉറപ്പാക്കുന്നതിനായി, ഒഴിവുള്ള സ്ഥിരം തസ്തികകളിൽ പി.എസ്.സി. വഴിയോ താൽക്കാലിക വ്യവസ്ഥയിലോ അടിയന്തരമായി

ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരെയും നിയമിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

**കെ. കരുണാകരൻ മെമ്മോറിയൽ ഗവൺമെൻറ് മെഡിക്കൽ കോളേജ്**

237 **ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ കെ. കരുണാകരൻ മെമ്മോറിയൽ ഗവൺമെൻറ് മെഡിക്കൽ കോളേജിൽ അടുത്ത അധ്യയന വർഷം 100 എം ബി ബി എസ് സീറ്റിൽ പ്രവേശനം അനുവദിക്കാൻ അനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കോടികൾ മുടക്കി 10 വർഷം മുമ്പ് കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടും മുൻ സർക്കാരിന്റെ കാലത്ത് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാതിരുന്നത് മുൻ സർക്കാരിന്റെ അനാസ്ഥ ആയിരുന്നോ എന്നത് വിശദമാക്കുമോ?

**എയിംസിനായി സ്ഥലം കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടി**

238 **ശ്രീ. വി. മുരളീധരൻ**
**ശ്രീ. രാജീവ് ചന്ദ്രശേഖർ**
**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയിംസ് അനുവദിക്കുന്നതിനായി ലഭ്യമാക്കേണ്ട ഭൂമി സംബന്ധിച്ച് കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമുള്ള, 200 ഏക്കർ വിസ്തൃതിയുള്ളതും നാലുവരി റോഡ് കണക്ടിവിറ്റിയുള്ളതും തടസ്സമില്ലാത്ത ജലവിതരണ സംവിധാനം, വൻകിട ആശുപത്രികൾക്ക് പര്യാപ്തമായ രീതിയിലുള്ള വൈദ്യുതി കണക്ഷൻ എന്നിവ ലഭ്യമായതുമായ ഭൂമി കണ്ടെത്തി കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അങ്ങനെയുള്ള ഏതൊക്കെ സ്ഥലങ്ങളാണ് കേന്ദ്രസർക്കാരിലേയ്ക്ക് ശിപാർശ ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ?

**എറണാകുളം ഗവ. മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്**

239 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഗവ. മെഡിക്കൽ കോളേജിൽ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്ത സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പൂർണ്ണമായും പ്രവർത്തനസജ്ജമാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായ ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ, മറ്റ് ജീവനക്കാർ എന്നിവരുടെ തസ്തികകൾ സൃഷ്ടിച്ച് പ്രസ്തുത ബ്ലോക്കിലെ മുഴുവൻ ചികിത്സാ വിഭാഗങ്ങളും പ്രവർത്തനസജ്ജമാക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>**തിരുവല്ല നിയോജകമണ്ഡലത്തിൽ പുതിയ നഴ്സിങ് കോളേജ്**</u>

240 **ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജകമണ്ഡലത്തിൽ പുതിയ നഴ്സിങ് കോളേജ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ?

<u>**ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ സ്ഥാപിക്കുന്നതിനുള്ള നടപടികൾ**</u>

241 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ 2026- 27 ബജറ്റിൽ പ്രഖ്യാപിച്ച മൂന്ന് ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദയിൽ ഒരെണ്ണം കേരളത്തിന് ലഭിക്കുന്നതിലേയ്ക്കായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) ആയുർവേദ ചികിത്സയുടെയും പഠന ഗവേഷണത്തിന്റെയും കാര്യത്തിൽ മികച്ച പാരമ്പര്യം പുലർത്തുന്ന കേരളത്തിൽ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുമോ; അതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(സി) ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥികൾക്കും ചികിത്സ തേടി വരുന്ന രോഗികൾക്കും സൗകര്യപ്രദമായി എത്തിച്ചേരുന്നതിനായി എയർപോർട്ട്, റെയിൽവേ, നാഷണൽ ഹൈവേ എന്നിവയുടെ

സാമീപ്യമുള്ള പ്രദേശം തെരഞ്ഞെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഏതൊക്കെ പ്രദേശങ്ങളാണ് ഇതിനായി പരിഗണിക്കുന്നത്?

**കീഴ്വായ്പൂർ ആയുർവേദ ഡിസ്പെൻസറി ആയുർവേദ ആശുപത്രിയാക്കി ഉയർത്തുന്നതിനുള്ള നടപടി**

242 **ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി കീഴ്വായ്പൂർ ആയുർവേദ ഡിസ്പൻസറി ആയുർവേദ ആശുപത്രിയാക്കി ഉയർത്തുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് കിടത്തി ചികിത്സയുള്ള ആശുപത്രിയാക്കി മാറ്റുന്നതിന് പ്രത്യേക പരിഗണന നൽകാമോ; വിശദമാക്കാമോ?

**അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണം**

243 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; പ്രസ്തുത ഗവേഷണ സ്ഥാപനം പ്രവർത്തനസജ്ജമാക്കുന്നതിന് ഇനി എന്തൊക്കെ പ്രവൃത്തികൾ പൂർത്തിയാക്കേണ്ടതുണ്ട്; ആയതിനുള്ള ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ആയുർവേദ ഗവേഷണ കേന്ദ്രത്തിന് ഏതൊക്കെ തസ്തികകളാണ് മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ചിട്ടുള്ളത്; വിശദമാക്കുമോ?

**വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് സ്മാരക ആയുഷ് ആശുപത്രി കെട്ടിട നിർമ്മാണം**

244 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ പത്മഭൂഷൺ വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് സ്മാരക ആയുഷ് ആശുപത്രി കെട്ടിടനിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത നിർമ്മാണം എത്ര ശതമാനം പൂർത്തീകരിച്ചുവെന്നും അവശേഷിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(സി) ആശുപത്രിയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നും ഇതിനാവശ്യമായ റഗുലർ തസ്തികകൾ സൃഷ്ടിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കുമോ?

**<u>കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്( കെ.എം.എസ്.സി.എൽ.) വെയർഹൗസുകളുടെ അടിസ്ഥാന സൗകര്യമില്ലായ്മ</u>**

245 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണത്തിന് എത്തിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുവാൻ എന്തൊക്കെ നടപടികളാണ് ആരോഗ്യവകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എം.എസ്.സി.എൽ., തിരൂർ വെയർഹൗസിന്റെ അടിസ്ഥാന സൗകര്യമില്ലായ്മയും കെട്ടിടത്തിന്റെ കാലപ്പഴക്കവും പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>കാര്യക്ഷമമായ മരുന്നു സംഭരണം</u>**

246 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. നാട്ടകം സുരേഷ്**
**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**
**ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലേക്കും കാരുണ്യ ഫാർമസികളിലേക്കും മരുന്ന് സംഭരിക്കാനുള്ള നടപടികളിൽ നിന്ന് ഇടനിലക്കാരെ ഒഴിവാക്കി നിർമ്മാതാക്കളെ നേരിട്ട് പങ്കെടുപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതോടെ ക്യാൻസർ മരുന്നുകൾ ഉൾപ്പെടെയുള്ള എല്ലാ മരുന്നുകളും കുറഞ്ഞത് 20% വരെ വിലക്കുറവിൽ സംഭരിക്കാൻ സാധിക്കുമോ; വ്യക്തമാക്കുമോ;

(സി) പരിശോധനയിൽ ഏതെങ്കിലും മരുന്നിന് ഗുണമേന്മയില്ലെന്ന് കണ്ടെത്തിയാൽ പ്രസ്തുത കമ്പനിയെ വിലക്ക് പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; മരുന്നുകളുടെ ഗുണനിലവാര പരിശോധനക്ക് കൂടുതൽ ക്രമീകരണങ്ങൾ ഒരുക്കുമോ; വിശദമാക്കുമോ?

<u>ഭക്ഷ്യവിഷബാധ സംഭവങ്ങൾ</u>

247 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത ഭക്ഷ്യവിഷബാധ സംഭവങ്ങൾ എത്ര; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ; ഭക്ഷ്യവിഷബാധയുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിൽ എത്ര കേസുകളിൽ ഭക്ഷ്യസാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധന നടത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഭക്ഷ്യപരിശോധനാ ലാബുകളിൽ നിലവിൽ എത്ര സാമ്പിളുകൾ പരിശോധനയ്ക്കായി കെട്ടിക്കിടക്കുന്നുണ്ട്; പരിശോധനാ ഫലം ലഭിക്കാൻ ശരാശരി എത്ര ദിവസം എടുക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മത്സ്യത്തിലെ ഫോർമാലിൻ ഉൾപ്പെടെയുള്ള രാസവസ്തുക്കളുടെ സാന്നിധ്യം പരിശോധിക്കുന്നതിനായി കഴിഞ്ഞ അഞ്ച് വർഷം എത്ര പരിശോധനകൾ നടത്തി; പരിശോധനയിൽ കണ്ടെത്തിയ കേസുകളിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ</u>

248 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗം വന്നു മരണപ്പെടുന്നവരിൽ എഴുപത് ശതമാനവും ജീവിതശൈലീ രോഗങ്ങൾ കാരണമാണെന്ന് വിവിധ പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവിതശൈലീ രോഗങ്ങൾക്ക് ഹേതുവാകുന്ന മായംകലർന്ന എണ്ണയും വിഷലിപ്തമായ ചേരുവകളും ചേർത്തുണ്ടാക്കുന്ന ലഘുഭക്ഷണങ്ങളുടെ വ്യാപകമായ ഉപഭോഗം നിയന്ത്രിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

**പ്ലാസ്റ്റിക്ക് കവറുകളിലും പാത്രങ്ങളിലും ഭക്ഷ്യ വസ്തുക്കൾ സൂക്ഷിക്കുന്നതും വിൽക്കുന്നതും**

249 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടകളിൽ ചൂടുള്ള ഭക്ഷണ പദാർത്ഥങ്ങൾ പ്ലാസ്റ്റിക് കവറുകളിലും പാത്രങ്ങളിലും സൂക്ഷിക്കുന്നതും വിൽക്കുന്നതും ഭക്ഷ്യ സുരക്ഷാ നിയമങ്ങളുടെ ലംഘനങ്ങളുടെ പരിധിയിൽ വരുന്നതിനാൽ ഇവ തടയുന്നതിന് സർക്കാർ തലത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഭക്ഷ്യ വസ്തുക്കൾ സൂക്ഷിക്കുന്നതിന് അനുയോജ്യമല്ലാത്ത പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് പൊതുജനാരോഗ്യത്തിലുണ്ടാക്കുന്ന ദൂഷ്യവശങ്ങളെ കുറിച്ച് ബോധവത്കരണം നടത്തുന്നതിനും വ്യാപാരികൾക്ക് സുരക്ഷിതമായ ബദൽ മാർഗ്ഗങ്ങൾ ഉറപ്പാക്കുന്നതിനും സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്; വ്യക്തമാക്കാമോ?

**മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന ഭഷ്യവസ്തുക്കളുടെ പരിശോധന**

250 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീമതി ഉഷ വിജയൻ**

**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന ഭക്ഷ്യവസ്തുക്കളുടെ പരിശോധന ചെക്ക് പോസ്റ്റുകളിൽ നടത്താറുണ്ടോ; ഇതിനായി പ്രത്യേകം ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരെ വിന്യസിക്കാറുണ്ടോ; വിശദമാക്കുമോ;

(ബി) പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനിയുടെ സാന്നിധ്യം പരിശോധിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിനുള്ള സംവിധാനങ്ങൾ

എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) നിയമലംഘനങ്ങൾ കണ്ടെത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

**റേഷൻ വാങ്ങാത്ത റേഷൻ കാർഡുകൾ അസാധുവാക്കുന്ന നടപടി**

251 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായി ആറു മാസം റേഷൻ വാങ്ങാത്തവരുടെ റേഷൻ കാർഡുകൾ അസാധുവാക്കുവാനുള്ള കേന്ദ്ര സർക്കാർ തീരുമാനം സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ;

(ബി) ഇ.കെ.വൈ.സി. പൂർത്തിയാക്കുന്നതിനും മുഴുവൻ റേഷൻ കാർഡുടമകളും ഭക്ഷ്യ ധാന്യങ്ങൾ വാങ്ങുന്നതിനും എന്തെല്ലാം പ്രചാരണ പ്രവർത്തനങ്ങളും നടപടികളുമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

**സമൃദ്ധി ജനകീയ ഹോട്ടലുകൾ**

252 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാരുടെയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെയും ആശ്രയമായിരുന്ന സമൃദ്ധി ജനകീയ ഹോട്ടലുകൾക്ക് സപ്ലൈകോ നൽകിവന്നിരുന്ന സബ്സിഡിയുള്ള അരി കഴിഞ്ഞ നാലുമാസമായി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സാഹചര്യത്തിൽ സമൃദ്ധി ജനകീയ ഹോട്ടലുകൾ അടച്ചുപൂട്ടലിന്റെ വക്കിലാവുകയും സ്ഥാപനം നടത്തിവരുന്ന സാധാരണക്കാരായ വനിതകൾ കടക്കെണിയിൽപെടുന്നതുമായ സ്ഥിതിവിശേഷം സംജാതമാകുന്നതിനാൽ സബ്സിഡി പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) സമൃദ്ധി ജനകീയ ഹോട്ടലുകൾ ഓരോ ഊണ് നൽകുമ്പോഴും കുടുംബശ്രീ മുഖേന പത്തു രൂപ വീതം സർക്കാർ നൽകി വന്നിരുന്നത് നിലവിൽ ലഭ്യമാകുന്നില്ലായെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അത് വീണ്ടും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) സമൃദ്ധി ജനകീയ ഹോട്ടലുകൾ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദീകരിക്കാമോ?

**പള്ളിക്കൽ സപ്ലൈകോ മാവേലി സ്റ്റോർ സൂപ്പർമാർക്കറ്റ് അപ്ഗ്രേഡേഷൻ**

253 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള എത്ര മാവേലി സ്റ്റോറുകൾ സൂപ്പർമാർക്കറ്റ് ആയി അപ്ഗ്രേഡ് ചെയ്യുന്ന പ്രവൃത്തികൾ നടത്തിവരുന്നെന്ന് വ്യക്തമാക്കാമോ;

(ബി) പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ സപ്ലൈകോ മാവേലി സ്റ്റോർ സൂപ്പർമാർക്കറ്റ് ആയി അപ്ഗ്രേഡ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടി**

254 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താൻ സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് പുതിയ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ;

(സി) പൊതുവിതരണ സംവിധാനങ്ങളിലൂടെ കുടുംബശ്രീ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**മഞ്ചേശ്വരം സപ്ലൈ ഓഫീസിന് പുതിയ കെട്ടിടം**

255 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം സപ്ലൈ ഓഫീസിൽ ജീവനക്കാർക്ക് സൗകര്യപ്രദമായ ടോയ് ലറ്റ് സംവിധാനം പോലും ഇല്ലാതെ വർഷങ്ങളായി വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മഞ്ചേശ്വരം സപ്ലൈ ഓഫീസിന് പുതിയ കെട്ടിടം പണിയാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ ആയതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സ്വന്തമായി കെട്ടിടം പണിയുന്നതിന് മുൻപ് താൽക്കാലികമായെങ്കിലും പ്രസ്തുത ഓഫീസ് മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുന്നത് പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>'സുഭിക്ഷ ഹോട്ടൽ' പദ്ധതി</u>

256 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാർക്ക് ആശ്വാസമാകുന്ന വിധം തൃശ്ശൂർ ജില്ലയിൽ കുന്നംകുളത്ത് പ്രവൃത്തിച്ചുവരുന്ന 'സുഭിക്ഷ ഹോട്ടൽ' പദ്ധതി തുടർന്ന് കൊണ്ടു പോകുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) നിരവധി പേർക്ക് കുറഞ്ഞ നിരക്കിൽ ഗുണനിലവാരമുള്ള ഭക്ഷണം നൽകുന്ന സുഭിക്ഷ ഹോട്ടലിന് തുടർന്നും സബ്സിഡി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സുഭിക്ഷ ഹോട്ടലുകളുടെ പ്രവർത്തനം സുഗമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

<u>തളിപ്പറമ്പിൽ ബി.പി.എൽ./എ.എ.വൈ. റേഷൻ കാർഡുടമകളിൽ നിന്ന് പിഴ ഈടാക്കുന്ന നടപടി</u>

257 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തളിപ്പറമ്പിൽ ഐ.ടി.ആർ ഫയൽ ചെയ്യുവെന്ന ആദായ നികുതി വകുപ്പ് വെബ്സൈറ്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബി.പി.എൽ. (BPL), എ.എ.വൈ. (AAY) കാർഡുടമകളെ താലൂക്ക് സപ്ലൈ ഓഫീസിലേക്ക് വിളിച്ച് വരുത്തുകയും അവർ ഇതുവരെ വാങ്ങിയ മുഴുവൻ ധാന്യങ്ങളുടെയും പൊതുവിപണി വില പിഴയായി ഈടാക്കുകയും ചെയ്യുന്നുണ്ടെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലത്തുണ്ടായ സാങ്കേതിക പിഴവുകളോ വിജ്ഞാപന വൈകല്യങ്ങളോ മൂലമാണ് ഈ രീതിയിൽ കാർഡ് മാറ്റം വരാതിരുന്നതെന്നും നിർധനരായ കാർഡുടമകൾക്കാണ് ഈ വലിയ തുക പിഴയായി നൽകുന്നതിന് നോട്ടീസ് ലഭിച്ചിട്ടുള്ളതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിർധനരായ കാർഡുടമകളിൽ നിന്ന് വൻതുക പിഴയായി ഈടാക്കുന്ന നടപടി ഒഴിവാക്കുന്നതിനും ആശ്വാസകരമായ തീരുമാനം എടുക്കുന്നതിനും അടിയന്തരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## സ്മാർട്ട് പി.ഡി.എസ് പദ്ധതിയും മുൻഗണനാ റേഷൻ കാർഡ് മാനദണ്ഡങ്ങളും

258 **ശ്രീ. ഉല്ലാസ് കോവൂർ**

**ശ്രീ. വിഷ്ണു മോഹൻ**

**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് പി.ഡി.എസ്. പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ചെയ്തു വരുന്ന നടപടികൾ എന്തെല്ലാമാണ്; ഇതിന്റെ നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) സ്മാർട്ട് പി.ഡി.എസ്. പദ്ധതി നടപ്പാക്കുമ്പോൾ നിലവിലുള്ള മുൻഗണനാ റേഷൻ കാർഡുകളുടെ അർഹതാ മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) അർഹരായവർക്ക് ലഭിക്കേണ്ട മുൻഗണനാ കാർഡുകൾ അർഹതയില്ലാത്തവർ കൈവശം വെച്ചിട്ടുണ്ടെങ്കിൽ അവ കണ്ടെത്തി ഒഴിവാക്കുന്നതിനും പുതിയതായി അർഹരായവർക്ക് കാർഡ് ലഭ്യമാക്കുന്നതിനും സ്മാർട്ട് സംവിധാനത്തിലൂടെ എന്തൊക്കെ സുതാര്യമായ പരിശോധനകളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സാങ്കേതിക കാരണങ്ങളാൽ മുൻഗണനാ പട്ടികയിൽ നിന്നും അർഹരായവർ പുറത്താകുന്നത് ഒഴിവാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സുരക്ഷാ മുൻകരുതലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

**റേഷൻ കാർഡ് തരംമാറ്റം**

259 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ റേഷൻ കാർഡ് പട്ടികയിൽനിന്ന് അർഹരായ നിർധന കുടുംബങ്ങൾ പുറത്തുപോയിട്ടുണ്ടെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) റേഷൻ കാർഡ് തരംമാറ്റുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് താലൂക്ക് സപ്ലൈ ഓഫീസുകളിൽ അപേക്ഷ സമർപ്പിച്ചിട്ടും നാളിതുവരെ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന അപേക്ഷകളുടെ എണ്ണം എത്രയാണ്; പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി നിലവിലെ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

**ബി .പി .എൽ., അന്ത്യോദയ അന്ന യോജന റേഷൻ കാർഡുകളിലേക്ക് അർഹരായവരെ ഉൾപ്പെടുത്തുവാൻ നടപടി**

260 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹരായ കുടുംബങ്ങളെ ബി .പി .എൽ ., അന്ത്യോദയ അന്ന യോജന റേഷൻ കാർഡുകളിലേക്ക് മാറ്റുന്ന നടപടികൾ പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) സ്വന്തമായി വീടില്ലാത്തവരും എന്നാൽ വാടകയ്ക്ക് താമസിക്കുന്നവരും പുതിയ റേഷൻ കാർഡ് എടുക്കാൻ ശ്രമിക്കുമ്പോൾ വാടക വീടിന്റെ വീട്ടുനമ്പർ ഉപയോഗിച്ച് മുൻ ഉടമസ്ഥർ റേഷൻ കാർഡ് എടുത്തത് മൂലം വാടക വീട്ടുകാർക്ക് പുതിയ റേഷൻ കാർഡ് കിട്ടാത്ത സാഹചര്യം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിരാലംബരും കടത്തിണ്ണകളിലും തോട്ടരികിലും റോഡരികിലും താമസിക്കുന്നവരും കൂടാതെ പത്തുവർഷത്തിലേറെയായി അന്യസംസ്ഥാനങ്ങളിൽ നിന്നും ഇവിടെ സ്ഥിരമായി താമസിച്ച് മക്കളെ ഇവിടത്തെ സ്കൂളുകളിൽ പഠിപ്പിക്കുകയും ചെയ്യുന്ന നിരവധി അതിഥി

തൊഴിലാളി കുടുംബങ്ങൾക്കും റേഷൻ കാർഡ് ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**ഭക്ഷ്യധാന്യ വിലവർദ്ധനയും പി. ആർ. എസ്. ലോൺ ജാമ്യ വ്യവസ്ഥകളും**

261 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം ചെയ്യാൻ സർക്കാർ ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ; പ്രസ്തുത സൗജന്യ ഭക്ഷ്യ കിറ്റിൽ ഉൾപ്പെടുത്തിയ ഓരോ ഇനത്തിന്റെയും അളവും വിലയും വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര റേഷൻകാർഡുകൾ ഉണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കാമോ; അനർഹമായി മുൻഗണനാ റേഷൻകാർഡുകൾ കൈവശം വെച്ചതായി കണ്ടെത്തിയ കേസുകൾ എത്രയെന്ന് വിശദമാക്കാമോ;

(സി) പൊതുവിതരണ സംവിധാനത്തിലൂടെ നൽകുന്ന ഭക്ഷ്യധാന്യങ്ങൾക്ക് വിലവർദ്ധന ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സാധനങ്ങൾക്കാണ് വിലവർദ്ധിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) മുൻ സാമ്പത്തിക വർഷത്തെ നെല്ല് സംഭരണത്തിന്റെ മുഴുവൻ തുകയും കർഷകർക്ക് അനുവദിച്ചുകഴിഞ്ഞോ; വിശദമാക്കാമോ;

(ഇ) സിവിൽ സപ്ലൈസ് സംഭരിച്ച നെല്ലിന്റെ തുക പി. ആർ. എസ്. ലോൺ ആയി നൽകുമ്പോൾ എഴുപത് വയസ്സ് തികഞ്ഞ കർഷകർ ജാമ്യം നൽകേണ്ട ആവശ്യമുണ്ടോ; എങ്കിൽ സർക്കാർ നിർദ്ദേശപ്രകാരമാണോ ഇപ്രകാരം തീരുമാനിച്ചത്; വിശദമാക്കാമോ;

(എഫ്) കനറാ ബാങ്ക് പ്രസ്തുത ജാമ്യം ആവശ്യപ്പെടാത്തപ്പോഴും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പ്രസ്തുത ജാമ്യ വ്യവസ്ഥ പറഞ്ഞ് കർഷകനെ ബുദ്ധിമുട്ടിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാരുമായി ബാങ്കുകൾ കരാർ ഒപ്പുവയ്ക്കുമ്പോൾ ഉണ്ടാകുന്ന നിബന്ധനകൾ ഒരുപോലെയല്ല പാലിക്കപ്പെടുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

**കൊണ്ടോട്ടി താലൂക്കിലെ റേഷൻ കടയുടെ റദ്ദ് ചെയ്ത ലൈസൻസ് പുനഃസ്ഥാപിക്കൽ**

262 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിലെ 32/34 -ാം നമ്പർ റേഷൻ കടയുടെ ലൈസൻസിയായിരുന്ന ശ്രീമതി ഖദീജയുടെ റദ്ദാക്കിയ ലൈസൻസ് പുനഃസ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ശ്രീമതി ഖദീജ എന്നവരുടെ റദ്ദാക്കിയ റേഷൻ കടയുടെ ലൈസൻസ് പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**സൗജന്യ ഓണക്കിറ്റ് വിതരണം**

263 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026-ലെ ഓണക്കാലത്ത് മഞ്ഞക്കാർഡ് ഉടമകളും വിവിധ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളും ഉൾപ്പെടെ ആകെ എത്ര ഗുണഭോക്താക്കൾക്കാണ് സൗജന്യ ഓണക്കിറ്റിന് അർഹത ഉണ്ടായിരുന്നത്; വിഭാഗം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഇതിൽ മഞ്ഞക്കാർഡ് ഉടമകൾക്കും ക്ഷേമ സ്ഥാപനങ്ങൾക്കും വെവ്വേറെ എത്ര പേർക്ക് കിറ്റുകൾ ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അർഹരായ ഗുണഭോക്താക്കളിൽ ആർക്കെങ്കിലും കിറ്റ് ലഭിക്കാതെ പോയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് ലഭിച്ചില്ലായെന്നും ആയതിന്റെ കാരണങ്ങളും വിശദമാക്കാമോ?

**കുട്ടനാട് നിയോജക മണ്ഡലത്തിലെ കെ-സ്റ്റോറുകൾ**

264 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജക മണ്ഡലത്തിലുൾപ്പെടുന്ന പതിമൂന്ന് ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽ പ്രവർത്തിക്കുന്ന അംഗീകൃത റേഷൻ ലൈസൻസികളുടെ എണ്ണം എത്രയെന്നും ഇതിൽ

എത്രയെണ്ണത്തിനോടനുബന്ധിച്ച് കെ-സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രദേശത്ത് കൂടുതൽ കെ-സ്റ്റോറുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് പുതിയതായി കെ-സ്റ്റോറുകൾ അനുവദിച്ചിട്ടുള്ളതെന്നും അനുവദിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്തെന്നും വിശദമാക്കാമോ?

<u>**ഭക്ഷ്യധാന്യ തിരിമറി, സ്റ്റോക്ക് കുറവ് എന്നിവ സംബന്ധിച്ച കേസുകൾ**</u>

265 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റേഷൻ ഭക്ഷ്യധാന്യങ്ങളുടെ തിരിമറി, സ്റ്റോക്കിലെ കുറവ്, മറ്റ് കുറ്റകൃത്യങ്ങൾ എന്നിവ സംബന്ധിച്ച് എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഇത്തരം കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യങ്ങളുടെ ആകെ സാമ്പത്തിക മൂല്യം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര കേസുകളിൽ വകുപ്പുതല അന്വേഷണവും എത്ര കേസുകളിൽ ക്രിമിനൽ നടപടികളും നടന്നുവരുന്നുണ്ടെന്നും ഇതിനോടകം ഉദ്യോഗസ്ഥരുടെയോ മറ്റ് വ്യക്തികളുടെയോ പേരിൽ കേസുകളോ അന്വേഷണ നടപടികളോ ഉണ്ടെങ്കിൽ പ്രസ്തുത വിവരവും വ്യക്തമാക്കാമോ?

<u>**റേഷൻ അരിയുടെ കരിഞ്ചന്ത തടയുവാൻ നടപടി**</u>

266 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എം. എ. റസാഖ് മാസ്റ്റർ**
**ശ്രീ. കല്ലട്ര മാഹിൻ**
**ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ കുറഞ്ഞ നിരക്കിൽ റേഷൻ അരി സംഭരിച്ച് ബ്രാൻഡഡ് അരിയായി വൻ വിലയ്ക്ക് വിറ്റു വരുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത്തരം സംഭരണ കേന്ദ്രങ്ങളിൽ പരിശോധന ശക്തമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) റേഷൻ അരിയുടെ കരിഞ്ചന്ത തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## പാലക്കാട് ജില്ലയിലെ സുഭിക്ഷ ഹോട്ടലുകളുടെ പ്രവർത്തനം

267 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നിലവിൽ എത്ര 'സുഭിക്ഷ ഹോട്ടലുകൾ' പ്രവർത്തിച്ചുവരുന്നുണ്ട്; അവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

(ബി) സുഭിക്ഷ ഹോട്ടലുകൾക്ക് ലഭിക്കേണ്ട സബ്സിഡി തുക കൃത്യമായി നൽകി വരുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## റേഷൻ വിതരണം സുഗമമാക്കാൻ നടപടി

268 **ശ്രീ. സജീവ് ജോസഫ്**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും റേഷൻ വിതരണവുമായി ബന്ധപ്പെട്ട പരാതികളിൽ അന്വേഷണം നടത്തുന്നതിനും എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) റേഷൻ കടകളിലെ തൂക്കക്കുറവ് തടയാൻ ഇലക്ട്രോണിക് തൂക്ക ഉപകരണങ്ങളുടെ ഉപയോഗം നിർബന്ധമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഭക്ഷ്യധാന്യങ്ങളുടെ സംഭരണം മുതൽ റേഷൻ കടകളിലെ വിതരണം വരെ പൂർണ്ണമായും ട്രാക്ക് ചെയ്യാനുള്ള സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) റേഷൻ കടകളിലും സപ്ലൈകോ ഔട്ട്‌ലെറ്റുകളിലും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം

സംവിധാനങ്ങളാണ് നിലവിൽ ഉള്ളത് എന്ന് വ്യക്തമാക്കാമോ?

**ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം വഴി വിതരണം ചെയ്യുന്ന അരിയുടെ ഗുണമേന്മ**

269 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീമിൽ ഉൾപ്പെടുത്തി റേഷൻ കടകൾ വഴി വിതരണം നടത്തിക്കൊണ്ടിരിക്കുന്ന അരിയുടെ ഗുണമേന്മ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ വിതരണം നടത്തുന്ന അരിയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

**സ്മാർട്ട് പി.ഡി.എസ്.**

270 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ സ്മാർട്ട് പി.ഡി.എസ്. നടപ്പിലാക്കുമ്പോൾ കേന്ദ്ര അരിവിഹിതം കുറയാൻ സാധ്യതയുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കുമോ?

**വിലക്കയറ്റം തടയാൻ നടപടി**

271 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2025 ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളെ അപേക്ഷിച്ച് 2026 ലെ ഇതേ മാസങ്ങളിൽ അരി, പലവ്യഞ്ജനങ്ങൾ, പച്ചക്കറികൾ തുടങ്ങിയവയ്ക്ക് 30 ശതമാനം മുതൽ 60 ശതമാനം വരെ വില വർധിച്ച സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) വിലക്കയറ്റം തുടരുന്നത് കണക്കിലെടുത്ത് സാധനങ്ങളുടെ കരിച്ചന്തയും പൂഴ്ത്തിവെപ്പും തടയുന്നതിന് കടകളും ഗോഡൗണുകളും കേന്ദ്രീകരിച്ച് റെയിഡുകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വ്യാപാരികൾക്കെതിരെ നടപടി എടുത്തിട്ടുണ്ട്;

(സി) വിലക്കയറ്റം തുടരുന്ന സാഹചര്യത്തിൽ മാവേലി സ്റ്റോറിൽ സബ്സിഡി സാധനങ്ങൾ യഥേഷ്ടം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ;

ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

<u>**സപ്ലൈകോയുടെ പ്രവർത്തനങ്ങൾ**</u>

272 **ശ്രീ. ജി. ആർ. അനിൽ**

**ശ്രീ. കെ. രാജൻ**

**ശ്രീ. മുഹമ്മദ് മുഹസിൻ**

**ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ഓഗസ്റ്റ് 1 മുതൽ 26 വരെയുള്ള തീയതികളിൽ സപ്ലൈകോയുടെ വില്പനശാലകളിൽ നിന്നും സബ്സിഡി, നോൺ സബ്സിഡി ഇനങ്ങളിൽ എത്ര രൂപയുടെ വിറ്റു വരവ് ഉണ്ടായെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 2026 ഓഗസ്റ്റ് 1 മുതൽ 26 വരെയുള്ള തീയതികളിൽ എത്ര കാർഡുടമകൾക്ക് സബ്സിഡിയുടെ പ്രയോജനം ലഭിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇക്കാലയളവിൽ റേഷൻകടകൾ വഴി മഞ്ഞ, പിങ്ക്, നീല, വെള്ള കാർഡ് ഉടമകളിൽ എത്ര ശതമാനം തങ്ങളുടെ റേഷൻ വിഹിതം കൈപ്പറ്റിയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പൊതു വിപണിയിൽ വില പിടിച്ചുനിർത്തുന്നതിന് സപ്ലൈകോ നടത്തിയ തുടർച്ചയായ ഇടപെടലുകളുടെ പ്രയോജനം വലിയ തോതിൽ മുൻ സർക്കാരിന്റെ കാലത്ത് ജനങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>**ഓണക്കാല വിപണി ഇടപെടൽ**</u>

273 **ശ്രീ. വർഗ്ഗീസ് മാമ്മൻ**

**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിലെ അവശ്യസാധനങ്ങളുടെ വില നിയന്ത്രണത്തിനായി ഓണക്കാലത്ത് നിലവിലെ സർക്കാർ നടത്തിയ ഇടപെടലുകൾ അറിയിക്കാമോ;

(ബി) പ്രസ്തുത ഇടപെടലുകളുടെ ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) ഓണക്കാലത്ത് സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴി സബ്സിഡി-സബ്സിഡിയേതര ഇനങ്ങളുടെ വിപണനത്തിൽ മുൻവർഷങ്ങളിൽ നിന്ന് എന്തൊക്കെ മാറ്റങ്ങളാണ് ഈ വർഷം നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ; ഇതിൽ സബ്സിഡി ഇനത്തിൽ ചെലവായ തുകയെത്രയെന്ന് അറിയിക്കാമോ;

(ഡി) ആസന്നമായ ഉത്സവ-പുതുവത്സര കാലത്തും പ്രസ്തുത ഇടപെടലുകൾ തുടരുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>കാട്ടാക്കട മണ്ഡലത്തിലെ സിവിൽ സപ്ലൈസ് ഔട്ട്ലെറ്റുകൾ</u>**

274 **ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ സിവിൽ സപ്ലൈസ് ഔട്ട്ലെറ്റുകളിൽ തിരക്ക് വർദ്ധിച്ചുവരുന്നതിന്റെ അടിസ്ഥാനത്തിൽ സപ്ലൈക്കോയുടെ കൂടുതൽ ഔട്ട്ലെറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

**<u>വൈപ്പിൻ മണ്ഡലത്തിലെ സപ്ലൈകോ ഔട്ട്ലെറ്റുകൾ</u>**

275 **ശ്രീ. ടോണി ചമ്മണി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ജനസംഖ്യയും പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പരിഗണിച്ച് കൂടുതൽ സപ്ലൈകോ ഔട്ട്ലെറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിലെ ഓരോ പ്രദേശത്തെയും റേഷൻ കാർഡ് കുടുംബങ്ങളുടെ എണ്ണം, റേഷൻകടകളുടെ എണ്ണം, സപ്ലൈകോ വിൽപ്പനശാലകളുടെ ലഭ്യത, ജനസംഖ്യ എന്നിവ അടിസ്ഥാനമാക്കി ഭക്ഷ്യവിതരണ സംവിധാനത്തിന്റെ സമഗ്രമായ മാപ്പിംഗ് നടത്തിയിട്ടുണ്ടോ; നടത്തിയിട്ടില്ലെങ്കിൽ അത്തരമൊരു പഠനം നടത്തി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

**<u>സപ്ലൈകോ ഓണക്കാല വിറ്റുവരവ്</u>**

276 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണം വിപണിയിലെ വിറ്റുവരവ് കണക്കാക്കാൻ സപ്ലൈകോ എത്ര ദിവസമാണ് കണക്കിലെടുക്കുന്നതെന്നും 2025, 2026 വർഷങ്ങളിലെ ഏത് ദിവസം മുതൽ ഏത് ദിവസം വരെയുള്ള ദിനങ്ങളാണ് സപ്ലൈകോ ഓണം വിപണിയായി കണക്കാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വർഷങ്ങളിലെ ഓണം വിപണിയിൽ ഓരോ വർഷവും ആകെ എത്ര ഉപഭോക്താക്കളാണ് സാധനങ്ങൾ വാങ്ങാനായി സപ്ലൈകോയിൽ എത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വർഷങ്ങളിലെ ഓണം വിപണിയിൽ ഓരോ വർഷവും സബ്സിഡി സാധനങ്ങളുടെ വില്പനയിലൂടെയുള്ള ആകെ വിറ്റുവരവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) സപ്ലൈകോയുടെ 2025, 2026 വർഷങ്ങളിൽ ജൂലൈ, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലെ ഓരോ ദിവസത്തെയും ആകെ വിറ്റുവരവ് സംബന്ധിച്ച വിവരം സബ്സിഡി-നോൺസബ്സിഡി ഇനങ്ങളിലായി പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

<u>**പത്തനംതിട്ട ജില്ലയിൽ സപ്ലൈകോ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലെ ഒഴിവുകൾ**</u>

277 **ശ്രീ. സേനാപതി വേണു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ സപ്ലൈകോ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ എത്ര ഒഴിവുകളുണ്ട്; എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) റാന്നി, തിരുവല്ല, പറക്കോട് ഡിപ്പോകളിൽ അനുവദിക്കപ്പെട്ട അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികകളുടെ എണ്ണം എത്രയാണ്;

(സി) പത്തനംതിട്ടയിലെ ഏതെങ്കിലും സപ്ലൈകോ ഔട്ട്ലെറ്റിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തിക ഒഴിഞ്ഞുകിടപ്പുണ്ടോ; ഒന്നിലധികം ഔട്ട്ലെറ്റുകളുടെ ചുമതല ഒരാൾക്ക് നൽകിയിട്ടുണ്ടോ;

(ഡി) പത്തനംതിട്ടയിലെ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലെ എല്ലാ ഒഴിവുകളും അടിയന്തരമായി റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

**സംഭരിച്ച നെല്ലിന്റെ കുടിശ്ശിക തുക വിതരണം.**

278 **ശ്രീ. പി. പ്രസാദ്**
**ശ്രീ. ജി. ആർ. അനിൽ**
**ശ്രീ. കെ. കെ. വത്സരാജ്**
**ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിലെ നെൽകർഷകർ, കഴിഞ്ഞ സീസണിലെ കൃഷി വിളവെടുപ്പ് കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞിട്ടും സംഭരിച്ച നെല്ലിന്റെ തുക ലഭിക്കാതെ പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംഭരിച്ച നെല്ലിന്റെ കുടിശ്ശിക തുക ഓണത്തിന് മുമ്പ് വിതരണം ചെയ്യുമെന്ന് സർക്കാർ ഉറപ്പ് നൽകിയിരുന്നെങ്കിലും വളരെ കുറച്ച് കർഷകർക്ക് മാത്രമാണ് പ്രസ്തുത തുക ലഭിച്ചതെന്ന വസ്തുത ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ;

(സി) സംഭരിച്ച നെല്ലിന്റെ വില വിതരണം വൈകുന്നതിന് കാരണം സർക്കാരിന്റെ കെടുകാര്യസ്ഥതയും ധനകാര്യ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പുകളുടെ അലംഭാവവുമാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംഭരിച്ച നെല്ലിന്റെ കുടിശ്ശിക തുക കർഷകർക്ക് വിതരണം ചെയ്യുന്നതിനും അടുത്ത കൃഷിയിറക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**പാലക്കാട് ജില്ലയിൽ ഒന്നാം വിള നെല്ല് സംഭരണം**

279 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഒന്നാം വിള നെൽകൃഷിയുടെ കൊയ്ത്ത് പല സ്ഥലങ്ങളിലും ആരംഭിച്ച് കഴിഞ്ഞ സാഹചര്യത്തിൽ ഒന്നാം വിള നെല്ല്

സംഭരിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പ് എന്തെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) നെല്ല് സംഭരണത്തിനായി മില്ലുകളുമായി ധാരണയിലെത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) ഒന്നാം വിള നെല്ല് സംഭരണത്തിന്റെ തുക എപ്രകാരം കൃഷിക്കാർക്ക് ലഭ്യമാക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്; വിശദവിവരം അറിയിക്കാമോ?

<u>**പാലക്കാട് ജില്ലയിൽ നെല്ല് സംഭരണവില കുടിശ്ശിക**</u>

280 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കഴിഞ്ഞ രണ്ടാം വിള നെല്ല് സംഭരിച്ച ഇനത്തിൽ കർഷകർക്ക് നൽകേണ്ട മുഴുവൻ തുകയും നൽകി കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ എത്ര കൃഷിക്കാർക്കാണ് നെല്ല് സംഭരണത്തിന്റെ തുക വിതരണം ചെയ്യാൻ ബാക്കിയുള്ളത്; ആകെ എത്ര രൂപ വിതരണം ചെയ്യാൻ ബാക്കിയുണ്ട്; വിശദവിവരങ്ങൾ അറിയിക്കാമോ?

<u>**നെൽ കർഷകരിൽ നിന്നും സപ്ലൈകോ ശേഖരിക്കുന്ന നെല്ലിന്റെ വില**</u>

281 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽ കർഷകരിൽ നിന്നും സപ്ലൈകോ ശേഖരിച്ച നെല്ലിന്റെ വില പൂർണ്ണമായും കർഷകർക്ക് കൊടുത്തു തീർത്തിട്ടുണ്ടോ; ഇനി എത്ര തുകയാണ് പ്രസ്തുത ഇനത്തിൽ നെൽ കർഷകർക്ക് കൊടുത്തു തീർക്കുവാനായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഭാവിയിൽ കർഷകരിൽ നിന്നും ശേഖരിക്കുന്ന നെല്ലിന്റെ വില സമയബന്ധിതമായി കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>**കോതമംഗലത്ത് ത്രിവേണി സൂപ്പർ മാർക്കറ്റ്**</u>

282 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ പുതിയ ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;

(ബി) കോതമംഗലം നിയോജകമണ്ഡലത്തിൽ ത്രിവേണി സൂപ്പർ മാർക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**ഓണക്കാലത്തെ അരിവില**

283 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ലെ ഓണക്കാലത്ത് (ഓഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 4 വരെ) റേഷൻകടകൾ വഴിയും സപ്ലൈകോ വഴിയും വിവിധയിനം കാർഡുകൾ മുഖേന എത്ര കിലോ അരി എത്ര രൂപ നിരക്കിൽ വിതരണം ചെയ്തു എന്ന് വിശദമാക്കാമോ; ആകെ എത്ര ക്വിന്റൽ അരി സംസ്ഥാനമൊട്ടാകെ വിതരണം ചെയ്തു എന്ന് വ്യക്തമാക്കാമോ;

(ബി) 2026 ഓണക്കാലത്ത് ആഗസ്റ്റ് മാസം റേഷൻകടകൾ വഴിയും സപ്ലൈകോ വഴിയും വിവിധയിനം കാർഡുകൾ മുഖേന എത്ര കിലോ അരി എത്ര രൂപ നിരക്കിൽ വിതരണം ചെയ്തെന്ന് വിശദമാക്കാമോ; ആകെ എത്ര ക്വിന്റൽ അരി സംസ്ഥാനമൊട്ടാകെ വിതരണം ചെയ്തു എന്ന് വ്യക്തമാക്കാമോ?

**സംസ്ഥാനത്തെ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളുടെ പ്രവർത്തനം**

284 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളുടെ (മുൻപത്തെ ഉപഭോക്തൃ ഫോറങ്ങൾ) പ്രവർത്തനം കഴിഞ്ഞ രണ്ടു വർഷമായി ഭാഗികമായോ പൂർണ്ണമായോ തടസ്സപ്പെട്ടിട്ടുണ്ടെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് നിലവിൽ പ്രസിഡന്റിന്റെയും അംഗങ്ങളുടെയും ഒഴിവുകൾ കാരണം പ്രവർത്തനം നിശ്ചലമായിരിക്കുന്നത്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(സി) ഫോറങ്ങളുടെ പ്രവർത്തനം നിശ്ചലമായതു കാരണം തീർപ്പാകാതെ കിടക്കുന്ന കേസ്സുകളുടെ നിലവിലെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ഉപഭോക്തൃ ഫോറങ്ങളിലെ ഒഴിവുകൾ നികത്തുന്നതിനും പ്രവർത്തനം പുനരാരംഭിക്കുന്നതിനും എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഒഴിവുകൾ എന്ന് നികത്താൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**തെക്കേപ്പൊറ്റ പുത്തരിപ്പാടം പാലം നിർമ്മാണ പ്രവൃത്തി**

285 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജക മണ്ഡലത്തിലെ തെക്കേപ്പൊറ്റ പുത്തരിപ്പാടം പാലം പുനർ നിർമ്മാണത്തിനായുള്ള 2 കോടി രൂപയുടെ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും ആയത് എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**കുറ്റിലം പാലം നിർമ്മാണം**

286 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിലെ കുറ്റിലം പാലം നിർമ്മാണത്തിന്റെ ഇതുവരെയുള്ള പുരോഗതി വ്യക്തമാക്കാമോ;

(ബി) ഉദ്യോഗസ്ഥരുടെ അലംഭാവം കാരണം പ്രസ്തുത പാലത്തിന്റെ നിർമ്മാണം മന്ദഗതിയിലാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനും പാലത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

**ബിറ്റുമിൻ വിലയിൽ ഉണ്ടായ വർദ്ധനവിനെ തുടർന്ന് റോഡ് നിർമാണത്തിൽ ഉണ്ടായിട്ടുള്ള സ്തംഭനാവസ്ഥ**

287 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമേഷ്യൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ റോഡ് നിർമ്മാണത്തിലെ പ്രധാന ഘടകമായ ബിറ്റുമിന്റെ വിലവർദ്ധനവിനെ തുടർന്ന് റോഡ് നിർമ്മാണത്തിലുണ്ടായിട്ടുള്ള സ്തംഭനാവസ്ഥ പരിഹരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ,

പൊതുമരാമത്ത് വകുപ്പിന്റെ 02.07.2026-ലെ 39/2026/പി.ഡബ്ല്യൂ.ഡി. നമ്പർ ഉത്തരവിന്റെ മാതൃകയിൽ നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിലും നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ വകുപ്പ് പദ്ധതികളും ജീവനക്കാരുടെ കുറവും അമൃത് പദ്ധതി പ്രവൃത്തികളും.**

288 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾക്കും നിർമ്മാണങ്ങൾക്കും ഫണ്ട് വിഹിതം കുറഞ്ഞിരിക്കുന്നതും ഫണ്ട് വിതരണത്തിലുണ്ടാകുന്ന കാലതാമസവും കാരണം വിവിധ വികസന പദ്ധതികൾ അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇതിന്റെ കാര്യകാരണങ്ങൾ സഹിതം വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കാത്തത് കാരണം പ്രവൃത്തികളും അനുമതികൾക്കുള്ള നടപടികളും തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത വകുപ്പിൽ ഫണ്ട് അലോട്ട്മെന്റുകളും അടിസ്ഥാന സൗകര്യങ്ങളിലെ വിതരണവും സമയബന്ധിതമായി നടപ്പിലാക്കുന്നതിനും സ്റ്റാഫ് ക്ഷാമം പരിഹരിക്കുന്നതിനും ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് കണക്കുകൾ സഹിതം വിശദീകരിക്കാമോ;

(ഡി) മണ്ഡലത്തിലെ തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളുടെയും മറ്റ് പദ്ധതികളുടെയും വികസന തടസ്സങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ പൂർണ്ണ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) അമൃത് പദ്ധതിയുടെ ഭാഗമായി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി എന്താണെന്നും ഇവയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഫണ്ട് അനുവദിക്കുന്നതിനും എന്തെങ്കിലും തടസ്സങ്ങളോ

കാലതാമസങ്ങളോ നേരിടുന്നുണ്ടോയെന്നും കണക്കുകൾ സഹിതം വിശദമാക്കാമോ?

**<u>വെള്ളാനിക്കര സാമൂഹികാരോഗ്യ കേന്ദ്രം</u>**

289 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിലെ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വെള്ളാനിക്കര സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി കേരള കാർഷിക സർവ്വകലാശാലയുടെ 33 സെന്റ് സ്ഥലം 30 വർഷത്തേക്ക് ലീസിന് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിലുള്ള ഫയൽ നം. RE2-415/2025 -ലെ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം 30 വർഷത്തേക്ക് ലീസിന് എടുക്കുന്നതിന് സർക്കാർ അനുമതി ആവശ്യമായ സാഹചര്യത്തിൽ, അതിന് നിർദ്ദേശം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഫയൽ നമ്പർ, നിലവിലെ പരിഗണനാ ഘട്ടം, അനുമതി നൽകുന്നതിന് അവശേഷിക്കുന്ന നടപടികൾ എന്നിവ വ്യക്തമാക്കാമോ;

(സി) വെള്ളാനിക്കര സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന് പ്രസ്തുത സ്ഥലം ലഭ്യമാക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് അനുമതി നൽകുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>കെ-സ്മാർട്ട്</u>**

290 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-സ്മാർട്ട്-ലെ അപാകത മൂലം കെട്ടിട പെർമിറ്റ് അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അപാകതകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) കെ-സ്മാർട്ട് സോഫ്റ്റ് വെയറിലെ സാങ്കേതിക തകരാർ മൂലം കെട്ടിക്കിടക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

**ത്രിതല പഞ്ചായത്ത് മെമ്പർമാർക്ക് നൽകുന്ന ഓണറേറിയം**

291 **ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത് മെമ്പർമാരായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് നൽകുന്ന ഓണറേറിയം നിലവിൽ എത്ര രൂപയാണ്;

(ബി) ഓണറേറിയം അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഓണറേറിയം വർധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ഡി) അവസാനമായി വർധിപ്പിച്ചത് എന്നാണ്?

**ബിറ്റുമെൻ വില വർധന**

292 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർധനമൂലം ബിറ്റുമെൻ വിലയിലുണ്ടായ ഗണ്യമായ വർധനവിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുള്ള റോഡ് നിർമ്മാണം, നവീകരണം, അറ്റകുറ്റപണി തുടങ്ങിയ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും വിലവർധനവ് മൂലമുള്ള അധിക ചെലവ് പരിഹരിക്കുന്നതിനും കരാറുകാർക്ക് ആശ്വാസം നൽകുന്നതിനും പ്രത്യേക നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(ബി) ബിറ്റുമെൻ വിലവർധനവ് മൂലം അധിക സാമ്പത്തിക ബാധ്യത നേരിടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ അധിക ഫണ്ട് അനുവദിക്കുമോയെന്ന് വിശദമാക്കാമോ;

(സി) ബിറ്റുമെൻ വിലവർധനയുടെ പശ്ചാത്തലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ് പ്രവൃത്തികൾക്ക് നിലവിലുള്ള നിരക്കുകൾ പുനഃപരിശോധിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

**ഇംപാക്ട് കേരള ലിമിറ്റഡ്**

293 **ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. കെ. പി. നൗഷാദ് അലി**

**ശ്രീ. കെ. പ്രവീൺ കുമാർ**

**ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് മുൻ സർക്കാർ രൂപീകരിച്ച ഇംപാക്ട് കേരള ലിമിറ്റഡ് കമ്പനിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) തദ്ദേശസ്ഥാപനങ്ങൾക്ക് വൻകിട പദ്ധതികൾ നടപ്പാക്കി ആസ്തി സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കമ്പനിയിൽ ആകെ നടന്നത് പാർട്ടി ബന്ധുക്കൾക്കുള്ള നിയമനം മാത്രം എന്ന ആക്ഷേപത്തെക്കുറിച്ച് അന്വേഷിക്കുമോ; വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ താൽക്കാലിക ജീവനക്കാർക്കായി ഏഴര കോടിയോളം രൂപ ശമ്പളയിനത്തിൽ ചെലവാക്കിയെങ്കിലും ഇംപാക്ട് കേരള പൂർത്തിയാക്കിയത് വെറും മൂന്നു പദ്ധതികൾ മാത്രമാണ് എന്ന ആക്ഷേപം പരിശോധിക്കുമോ;

(ഡി) കിഫ്ബി, റീബിൽഡ് കേരള എന്നിവയിൽ നിന്ന് ഫണ്ട് വക മാറ്റാൻ ഇടനിലക്കാരായി രൂപീകരിച്ച സംവിധാനം മാത്രമാണ് ഇംപാക്ട് കേരള എന്ന ആരോപണത്തെക്കുറിച്ച് അന്വേഷിക്കുമോ; വ്യക്തമാക്കുമോ?

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകകൾ**

294 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2025-26 വരെയുള്ള കാലഘട്ടങ്ങളിൽ ഓരോ വർഷവും ത്രിതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകകൾ എത്ര വീതമാണ്; ഓരോ തലത്തിലും അനുവദിച്ച തുകകൾ വേർതിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇക്കാലയളവിൽ ഓരോ വർഷവും ഓരോ തലങ്ങളിലും ചെലവഴിച്ച തുകകളുടെ ശതമാനം എത്ര വീതമാണ്; നടപ്പ് വർഷത്തെ ചെലവ്, മുൻ

വർഷങ്ങളിലെ നീക്കിയിരുപ്പ് തുകയിൽ നിന്നുള്ള ചെലവ് എന്നിങ്ങനെ തരംതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഈ കാലയളവിൽ ഒരോ സാമ്പത്തിക വർഷവും വിവിധ ഇനങ്ങളിലായി ഒരോ തലങ്ങളിലും ലഭിച്ച ആകെ കേന്ദ്ര വിഹിതം എത്ര; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

**പൂവച്ചൽ സുകുമാരൻ വൈദ്യർ സ്മാരക ലൈഫ് മിഷൻ ഫ്ലാറ്റ്**

295 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ പൂവച്ചൽ സുകുമാരൻ വൈദ്യർ സൗജന്യമായി വിട്ടുനൽകിയ രണ്ടര ഏക്കറിലധികം ഭൂമിയിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ലൈഫ് മിഷൻ ഫ്ലാറ്റ് സമുച്ചയത്തിന് അദ്ദേഹത്തിന്റെ സ്മരണാർത്ഥം പൂവച്ചൽ സുകുമാരൻ വൈദ്യർ സ്മാരക ലൈഫ് മിഷൻ ഫ്ലാറ്റ് എന്ന് നാമകരണം ചെയ്യണമെന്ന് അഭ്യർത്ഥിച്ച് സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ വിഷയത്തിൽ അനുകൂല നടപടി സ്വീകരിച്ച് കാലതാമസം കൂടാതെ ഉത്തരവുണ്ടാകുമോയെന്ന് അറിയിക്കാമോ?

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്വയംപര്യാപ്തത**

296 **ശ്രീ. വി. പി. സജീന്ദ്രൻ**
**ശ്രീ. മനോജ് മൂത്തേടൻ**
**ശ്രീ. ജ്യോതികുമാർ ചാമക്കാല**
**ശ്രീ. സുമേഷ് അച്യുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്വയംപര്യാപ്തത വർധിപ്പിക്കുന്നതിന് ദീർഘകാല കർമ്മ പദ്ധതി ആവിഷ്ക്കരിക്കുമോ; തദ്ദേശ സ്ഥാപനങ്ങളുടെ തനത് വരുമാനം വർധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി പിരിവ് കാര്യക്ഷമമാക്കാൻ പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; നികുതി

കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) സാമ്പത്തികമായി പ്രതിസന്ധിയിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ പ്രത്യേക പാക്കേജ് പരിഗണിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

<u>സ്ത്രീ സുരക്ഷ പദ്ധതിയിൽ തദ്ദേശസ്വയംഭരണ വകുപ്പ് വഹിച്ച പങ്ക്</u>

297 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 നവംബറിൽ ധനവകുപ്പ് ഉത്തരവിറക്കിയ സ്ത്രീ സുരക്ഷ പദ്ധതിയുടെ നടത്തിപ്പിൽ തദ്ദേശസ്വയംഭരണ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വഹിച്ച പങ്ക് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലേയ്ക്ക് അപേക്ഷകൾ സ്വീകരിച്ചത് എങ്ങനെയാണെന്നും പദ്ധതി നടത്തിപ്പിൽ ഏതെല്ലാം വിധത്തിലാണ് കെ-സ്മാർട്ട് സംവിധാനം ഉപയോഗപ്പെടുത്തിയതെന്നും വ്യക്തമാക്കാമോ;

(സി) പദ്ധതിയ്ക്കായി ലഭിച്ച അപേക്ഷകൾ പരിഗണിച്ച് യോഗ്യരായവരുടെ ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയത് ആരാണെന്ന് വ്യക്തമാക്കാമോ;

(ഡി) മുഴുവൻ അപേക്ഷകരും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യോഗ്യരാണെന്ന് ആവശ്യമായ സ്ഥിരീകരണം നടത്തി ഗുണഭോക്തൃ പട്ടിക പൂർത്തീകരിച്ചത് എങ്ങനെയാണ്; വിശദാംശം നൽകാമോ;

(ഇ) പ്രസ്തുത ഗുണഭോക്തൃ പട്ടികയിൽ യോഗ്യതയില്ലാത്തവർക്ക് അനധികൃതമായി കടന്നുകയറാനാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) സാമ്പത്തിക പിന്നാക്കമുള്ള സ്ത്രീകളിൽ നിന്ന് അപേക്ഷ സ്വീകരിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന യോഗ്യത സ്ഥിരീകരിച്ച് ആയിരം രൂപ പ്രതിമാസ ധനസഹായം നൽകുന്ന സ്ത്രീ സുരക്ഷ പദ്ധതി തുടരാൻ സർക്കാർ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

<u>സ്മാർട്ട് സിറ്റി - തിരുവനന്തപുരം പ്രൊജക്റ്റ്</u>

298 **ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി തിരുവനന്തപുരം പ്രൊജക്ടിന്റെ ഭാഗമായി തിരുവനന്തപുരം നഗരസഭയിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്നും ഇതിനായി ആകെ എത്ര രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ധനസഹായമായി എത്ര തുകയാണ് ലഭിക്കുന്നത്; നാളിതുവരെ ലഭ്യമാക്കിയ തുകയുടെയും ചെലവിനങ്ങളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ; ഇതിന്റെ മാച്ചിങ് ഷെയർ ആയി സംസ്ഥാന സർക്കാരോ നഗരസഭയോ തുക ചെലവഴിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഈ പ്രോജക്ടിന്റെ ഭാഗമായി പൂർത്തിയായ പ്രവൃത്തികൾ, നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നത്, ഇനിയും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ എന്നിവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രൊജക്ടിന്റെ ഭാഗമായാണോ നഗരത്തിലെ ട്രാഫിക് ലൈറ്റുകൾ നവീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) പല ജംഗ്ഷനുകളിലും ട്രാഫിക് ലൈറ്റ് സംവിധാനം തകരാറിലായി കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിവിഹിതം അനുവദിക്കുന്നത്</u>**

299 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ അനുവദിക്കേണ്ട പദ്ധതി വിഹിതം യഥാസമയം അനുവദിക്കാത്തതിനാൽ റോഡ് നിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ മുടങ്ങിക്കിടക്കുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ 3 സാമ്പത്തിക വർഷങ്ങളിൽ പദ്ധതി വിഹിതമായി എത്ര തുകയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; ഈ സാമ്പത്തിക വർഷം തദ്ദേശ സ്വയം ഭരണ

സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതയിനത്തിൽ എത്ര തുകയാണ് ബഡ്ജറ്റിൽ നീക്കി വച്ചിട്ടുള്ളതെന്നും അതിൽ എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കാമോ?

## ലക്ഷംവീട് കോളനികളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് ഭവന നിർമ്മാണവും പുനരുദ്ധാരണവും

300 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലക്ഷംവീട് കോളനികളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനും ഭവന പുനരുദ്ധാരണത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എപ്രകാരം ഫണ്ടുകൾ വിനിയോഗിക്കാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് ലൈഫ് മിഷൻ, പി.എം.എ.വൈ (ജി) പദ്ധതികളിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണവും പുനരുദ്ധാരണവും സാധിക്കുമോ എന്ന് അറിയിക്കാമോ;

(സി) ഇവരുടെ ഭവന നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തനതു ഫണ്ടിൽനിന്ന് തുക വിനിയോഗിക്കുന്നതിന് സാധ്യമാണോ എന്ന് വ്യക്തമാക്കാമോ; ഇപ്രകാരം വിനിയോഗിക്കുന്നതിന് അനുമതിയില്ലെങ്കിൽ അത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## ചിറക്കൽ പഞ്ചായത്തിലെ ശ്മശാന നിർമാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ

301 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിക്കോട് മണ്ഡലത്തിലെ ചിറക്കൽ പഞ്ചായത്തിൽ ശ്മശാന നിർമാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന്റെ ഫയൽ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) ഏറ്റെടുക്കുന്ന ഭൂമിക്ക് ലാൻഡ് റവന്യൂ കമ്മീഷണറുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഭൂമിക്ക് CRZ-II അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ CRZ-II അനുമതിക്കുശേഷം എന്തെല്ലാം പുരോഗതി ഉണ്ടായെന്ന്

വ്യക്തമാക്കാമോ?

**പയ്യാമ്പലം ആധുനിക ശ്മശാനത്തിന്റെ പ്രവൃത്തി പുരോഗതി**

302 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യാമ്പലത്ത് നിർമ്മിക്കുന്ന ആധുനിക ശ്മശാനത്തിന്റെ പ്രവൃത്തി പുരോഗതി വിലയിരുത്താമോ;

(ബി) പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ?

**മലമ്പുഴ മണ്ഡലത്തിലെ പുതുപ്പരിയാരം പഞ്ചായത്ത് ഗവ:ഹയർസെക്കണ്ടറി ബ്ലോക്ക് നിർമാണം**

303 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ 2 കോടി രൂപ അനുവദിക്കുകയും തദ്ദേശ സ്വയംഭരണ വകുപ്പ് നിർമ്മാണ ചുമതല നിർവഹിക്കുകയും ചെയ്യുന്ന മലമ്പുഴ മണ്ഡലത്തിലെ പുതുപ്പരിയാരം പഞ്ചായത്തിലെ ഗവ: ഹയർ സെക്കണ്ടറി ബ്ലോക്ക് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഈ പ്രവൃത്തിയിലുൾപ്പെടുത്തി എത്ര ക്ലാസ് മുറികളും മറ്റ് അനുബന്ധ സൗകര്യങ്ങളുമാണ് നിർമ്മിക്കുന്നതെന്ന് അറിയിക്കാമോ; ഈ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

**കൊട്ടാരക്കര മുനിസിപ്പാലിറ്റിക്ക് പുതിയ ആസ്ഥാന മന്ദിരം**

304 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മുനിസിപ്പാലിറ്റിക്ക് പുതിയ ആസ്ഥാന മന്ദിരം നിർമിക്കുന്നതിനായി കഴിഞ്ഞ സർക്കാർ എത്ര തുകയുടെ ഭരണാനുമതി ആണ് നൽകിയിരുന്നത്;

(ബി) നിർമാണ നടപടികൾ ആരംഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോ;വ്യക്തമാക്കാമോ;

(സി) നിർമാണം അടിയന്തിരമായി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും; വ്യക്തമാക്കാമോ?

**തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിരക്ക് പരിഷ്കരണം**

305 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിരക്ക് പരിഷ്കരണം നടപ്പിലാക്കാത്ത സാഹചര്യത്തിൽ വിവിധ പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ വിസമ്മതം പ്രകടിപ്പിക്കുന്നതും നിരവധി തവണ ടെൻഡർ ചെയ്യേണ്ടി വരുന്ന സാഹചര്യവും വകുപ്പ് വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രവൃത്തികളിൽ മൂന്ന് തവണയിലേറെ ടെൻഡർ ചെയ്തിട്ടും കരാറുകാർ ഏറ്റെടുക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നിരക്ക് പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**കാരമല ഹാപ്പിനസ് പാർക്ക്**

306 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ കാരമല ഹാപ്പിനസ് പാർക്ക് രണ്ടാം ഘട്ടം എൺപത് ലക്ഷം രൂപയുടെ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി**

307 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏറ്റവും പിന്നാക്ക വിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായുള്ള "അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി"

പ്രവർത്തനങ്ങൾ തുടരുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും കുന്ദമംഗലം ലൈഫ് ഭവന സമുച്ചയ നിർമ്മാണത്തിലെ ക്രമക്കേടുകളും**

308 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി പ്രകാരം ഒന്നും രണ്ടും ഘട്ടങ്ങളിലായി തയ്യാറാക്കിയ പട്ടികയിൽ ഉൾപ്പെട്ട ഭൂരഹിത-ഭവനരഹിതരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടവരിൽ എത്രപേർക്ക് ഇതുവരെ ഭൂമിയും വീടും അനുവദിച്ചിട്ടുണ്ടെന്നും എത്രപേർക്ക് ഭവനസമുച്ചയങ്ങളിൽ താമസം ഒരുക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഭവന സമുച്ചയം നിർമ്മിച്ചതിൽ വലിയ രീതിയിലുള്ള ക്രമക്കേട് നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നിയമനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; നഷ്ടം തിരിച്ചു പിടിക്കാൻ വീഴ്ച വരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതി വഴി വാഗ്ദാനം ലഭിച്ച് വഞ്ചിക്കപ്പെട്ട പാവപ്പെട്ട ഭവനരഹിതർക്ക് ബദൽ സംവിധാനങ്ങൾ ഒരുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ലൈഫ് മിഷൻ പദ്ധതി**

309 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷത്തിൽ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഇതുവരെ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) നിർമ്മാണം ആരംഭിച്ചിട്ടും പൂർത്തീകരിക്കാൻ കഴിയാത്ത വീടുകളുടെ എണ്ണം എത്രയാണെന്നും അവ പൂർത്തീകരിക്കുന്നതിന് നേരിടുന്ന പ്രധാന

തടസ്സങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) ലൈഫ് മിഷൻ പദ്ധതിക്കായി നടപ്പുവർഷം വകയിരുത്തിയ തുകയും ഇതുവരെ ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കാമോ?

**2011-16 കാലത്തെ ഭവന പദ്ധതികൾ**

310 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലയളവിലെ സർക്കാർ ഭവന പദ്ധതികളുടെ ഭാഗമായി ഭവനരഹിതർക്കായി ആകെ എത്ര വീടുകൾ നിർമ്മിച്ച് നൽകി എന്നതിന്റെ വിശദാംശങ്ങളും ഇതിൽ ജനറൽ, എസ്.സി, എസ്.ടി വിഭാഗങ്ങളുടെ കണക്കുകൾ പ്രത്യേകം തിരിച്ചുള്ള ലിസ്റ്റും ലഭ്യമാക്കാമോ;

(ബി) ഈ കാലയളവിൽ ഭവന പദ്ധതിയുടെ ഭാഗമായി ഭൂമി നൽകിയതിന്റെ കണക്കുകൾ ലഭ്യമാക്കാമോ; ഇതിൽ ജനറൽ, എസ്.സി, എസ്.ടി വിഭാഗങ്ങളുടെ പ്രത്യേകം തിരിച്ചുള്ള ലിസ്റ്റ് നൽകാമോ;

(സി) ഇക്കാലയളവിൽ ഏതൊക്കെ ഭവന പദ്ധതികളാണ് ഉണ്ടായിരുന്നത് എന്ന് വ്യക്തമാക്കാമോ?

**ആദിവാസി, ദളിത്, മത്സ്യത്തൊഴിലാളി മേഖലകളിലെ ഭവനരഹിതർക്കായുള്ള ഭവനനിർമ്മാണ പദ്ധതികൾ**

311 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടതിനാൽ ആദിവാസി, ദളിത്, മത്സ്യത്തൊഴിലാളി മേഖലകളിലെ ദരിദ്രവിഭാഗങ്ങൾക്ക് 2011-2016 കാലയളവിലെ സർക്കാരിന്റെ കാലത്ത് ലഭിച്ചിരുന്ന ഭവന നിർമ്മാണ ആനുകൂല്യം ലഭിക്കാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2011-2016 കാലയളവിലെ സർക്കാരിൻെറ കാലത്ത് നിലവിലുണ്ടായിരുന്ന ആദിവാസി, ദളിത്, മത്സ്യത്തൊഴിലാളി മേഖലകളിലെ ഭവനരഹിതർക്കായുള്ള ഭവനനിർമ്മാണ പദ്ധതികൾ പുനഃരാരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

**പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിലെ എൻജിനീയർ, ഓവർസീയർ തസ്തികകളിലെ ഒഴിവുകൾ**

312 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിൽ എൽ.എസ്.ജി.ഡി. വിഭാഗത്തിലെ എൻജിനീയർ വിഭാഗത്തിൽ ഒരു തസ്തികയും ഓവർസീയർ വിഭാഗത്തിൽ രണ്ട് തസ്തികകളും ആറുമാസത്തിലധികമായി ഒഴിഞ്ഞുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ ബ്ലോക്ക് പഞ്ചായത്തിലെ വിവിധ വികസന നിർമ്മാണ പ്രവൃത്തികളുടെ സാങ്കേതിക പരിശോധന, എസ്റ്റിമേറ്റ് തയ്യാറാക്കൽ, നിർവ്വഹണം എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് എൽ.എസ്.ജി.ഡി. വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ തസ്തികകളിൽ ജില്ല തിരിച്ച് നിലവിൽ എത്ര ഒഴിവുകൾ വീതം ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിനും പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിലെ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ട് പോകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>കോന്നി മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി ക്രമക്കേട്</u>**

313 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിൽപ്പെട്ട തണ്ണിത്തോട്, സീതത്തോട്, അരുവാപുരം എന്നീ പഞ്ചായത്തുകളിലെ ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട ക്രമക്കേടിൽ പ്രതിയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്കെതിരെ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>പ്രായാധിക്യമുള്ളവർക്കും ഭിന്നശേഷിക്കാർക്കും ക്ഷേമപെൻഷൻ വീട്ടിലെത്തിച്ച് നൽകൽ</u>**

314 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രായാധിക്യം മൂലമുള്ള രോഗങ്ങളാൽ പ്രയാസപ്പെടുന്നവർക്കും ഭിന്നശേഷിക്കാർക്കും പെൻഷൻ തുക ബാങ്ക് അക്കൗണ്ടുകൾ വഴി പിൻവലിക്കുന്നത് വലിയ യാത്രാദൂരിതവും പ്രയാസവും സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരക്കാർക്ക് ബാങ്കുകളിൽ നേരിട്ടെത്താതെ ക്ഷേമപെൻഷൻ തുക സഹകരണ സംഘങ്ങൾ/പ്രാഥമിക സഹകരണ ബാങ്കുകൾ വഴി വീടുകളിൽ നേരിട്ടെത്തിച്ച് നൽകുന്നതിന് എന്തെങ്കിലും നിർദ്ദേശമോ നടപടിയോ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ബാങ്ക് അക്കൗണ്ട് വഴി പെൻഷൻ വാങ്ങുന്നവരിൽ വീടുകളിലെത്തിച്ച് നൽകേണ്ട കിടപ്പുരോഗികൾ, ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ എന്നിവരെ കണ്ടെത്തുന്നതിനായി തദ്ദേശ സ്ഥാപനങ്ങൾ മുഖേന പ്രത്യേക സർവേ നടത്താൻ തയ്യാറാകുമോ;

(ഡി) പെൻഷൻ തുക വീടുകളിലെത്തിച്ച് നൽകുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടെങ്കിൽ അവ പരിഹരിച്ച് അടിയന്തരമായി ഇവർക്ക് വീട്ടിൽ പെൻഷൻ ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>പെൻഷൻ അർഹതാ മാനദണ്ഡങ്ങളിൽ ഇളവ്</u>**

315 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയർ കണ്ടീഷണർ (എ.സി.) ഉപയോഗിക്കുന്നതും നാലുചക്ര വാഹനം സ്വന്തമായിരിക്കുന്നതും സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിനുള്ള അർഹതയ്ക്ക് തടസ്സമാകുന്ന നിലവിലെ മാനദണ്ഡം പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ബി) ഗുരുതരമായതോ ദീർഘകാലമായതോ ആയ രോഗങ്ങളുള്ളവർക്ക് ആരോഗ്യപരമായ ആവശ്യങ്ങൾക്കായി എയർ കണ്ടീഷണർ ഉപയോഗിക്കേണ്ടിവരുന്നതും ചികിത്സയ്ക്കും ആശുപത്രി യാത്രകൾക്കുമായി നാലുചക്ര വാഹനം ഉപയോഗിക്കേണ്ടിവരുന്നതും

പരിഗണിച്ച്, അത്തരം കേസുകളിൽ നിലവിലെ മാനദണ്ഡങ്ങളിൽ പ്രത്യേക ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) ഭിന്നശേഷിക്കാർക്കും ഓട്ടിസം ഉൾപ്പെടെയുള്ള പ്രത്യേക പരിചരണം ആവശ്യമായവർക്കും നിലവിലുള്ള വരുമാനപരിധി ഒഴിവാക്കി സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

## സാമൂഹ്യസുരക്ഷാ പെൻഷൻ മാനദണ്ഡങ്ങൾ

316 **ശ്രീ. ടി. ജെ. വിനോദ്**

**ശ്രീ. എ. ഡി. തോമസ്**

**ശ്രീമതി രമ്യ ഹരിദാസ്**

**ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിടപ്പുരോഗികളായിട്ടുള്ളവർക്കും ഭർത്താവ് മരിച്ചതും ആൺമക്കളുടെ സംരക്ഷണം ഇല്ലാത്തതുമായ അനേകം സ്ത്രീകൾക്കും വീട്ടിൽ എയർ കണ്ടീഷണർ (എ.സി.) ഉണ്ടെന്ന ഒറ്റ കാരണത്താൽ അർഹമായ പെൻഷൻ നിഷേധിക്കപ്പെടുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരം വീടുകളിൽ പലതിലും ഭർത്താവ് ജീവിച്ചിരുന്ന കാലത്തോ അല്ലെങ്കിൽ സാമ്പത്തികമായി മെച്ചപ്പെട്ട ചുറ്റുപാടുണ്ടായിരുന്നപ്പോഴോ സ്ഥാപിച്ച എ.സി. ആണ് ഉള്ളതെന്നും, നിലവിൽ വരുമാനമാർഗ്ഗങ്ങളില്ലാത്ത ഈ കിടപ്പുരോഗികളും വിധവകളും വലിയ സാമ്പത്തിക ബുദ്ധിമുട്ടിലാണ് കഴിയുന്നതെന്നുമുള്ള വസ്തുത പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) വീട്ടിൽ എ.സി. ഉണ്ട് എന്ന സാങ്കേതിക കാരണം ചൂണ്ടിക്കാട്ടി തികച്ചും അർഹരായ ഇത്തരക്കാർക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ നിഷേധിക്കുന്നത് ഒഴിവാക്കാൻ നിലവിലെ പെൻഷൻ മാനദണ്ഡങ്ങളിൽ അടിയന്തരമായി ഇളവുകൾ വരുത്തുവാൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ?

## തെരുവുനായ ശല്യം

317 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ ആക്രമണം വർദ്ധിക്കുന്നതുമൂലം നിരവധി ആളുകൾ പരിക്കേറ്റ് ദുരിതമനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തെരുവുനായ ശല്യം പരിഹരിക്കുവാൻ എന്തെല്ലാം മാർഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>തെരുവുനായ്ക്കളുടെ ആക്രമണം തടയുന്നതിന് നടപടി</u>**

318 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളുടെ ആക്രമണങ്ങളും പ്രത്യേകിച്ച് വിദ്യാർത്ഥികളെ ആക്രമിക്കുന്നതും തെരുവുനായകൾ റോഡിലൂടെ അലക്ഷ്യമായി സഞ്ചരിക്കുന്നതുമൂലം വാഹന അപകടങ്ങളും വർധിച്ചുവരുന്ന സാഹചര്യത്തിൽ ഇവയെ നിയന്ത്രിക്കാനും പുനരധിവസിപ്പിക്കുന്നതിനും അക്രമകാരികളായ നായകളെ ഇല്ലായ്മ ചെയ്യുന്നതിനും ആവശ്യമായ കരുതൽ നടപടികൾ എടുക്കുന്നതിന് ഉത്തരവാദിത്തപ്പെട്ട പ്രഥമ ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവാദിത്തങ്ങൾ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥൻ നിർവഹിച്ചില്ലെങ്കിൽ നടപടിയെടുക്കേണ്ടതും പൊതുജനങ്ങൾ പരാതി പറയേണ്ടതും ആരോടാണെന്ന് വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ ഉത്തരവാദിത്തങ്ങൾ നടപ്പിലാക്കാൻ വകുപ്പ് എന്തെല്ലാം സഹായങ്ങളും നടപടികളുമാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) തെരുവുനായ ആക്രമണങ്ങൾ മൂലം പരിക്കേറ്റവർക്കും മരണപ്പെട്ടവർക്കും എന്തെല്ലാം സഹായങ്ങളാണ് സർക്കാർ ലഭ്യമാക്കുന്നത്; അതിനാവശ്യമായ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ ഏഴ് ഗ്രാമപഞ്ചായത്തുകളിൽ തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും അക്രമകാരികളായവയെ ഇല്ലായ്മ ചെയ്യുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ; വ്യക്തമാക്കാമോ?

**<u>മലപ്പുറം ജില്ലയിലെ എ.ബി.സി.(ആനിമൽ ബർത്ത് കൺട്രോൾ ) കേന്ദ്രങ്ങൾ</u>**

319 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ നിയന്ത്രണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ വകുപ്പിന്റെ സഹായത്തോടെ എത്ര എ.ബി.സി. (ആനിമൽ ബർത്ത് കൺട്രോൾ ) കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മലപ്പുറം ജില്ലയിൽ വകുപ്പിന്റെ സഹായത്തോടെ പുതിയ എ.ബി.സി. (ആനിമൽ ബർത്ത് കൺട്രോൾ) കേന്ദ്രങ്ങൾ ആരംഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം തെരുവുനായ നിയന്ത്രണവുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) തെരുവുനായ നിയന്ത്രണവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്ത് /ബ്ലോക്ക് പഞ്ചായത്ത്/ ഗ്രാമ പഞ്ചായത്ത് എന്നിവയ്ക്കായി എത്ര രൂപ വീതം നീക്കി വെച്ചിട്ടുണ്ടെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ?

**<u>വന്ധ്യംകരിച്ച തെരുവുനായ്ക്കൾക്കായുള്ള ഷെൽട്ടറുകൾ</u>**

320 **ശ്രീ. എ. കെ. എം. അഷ്റഫ്**

**ശ്രീ. ടി. പി. അഷ്റഫലി**

**ശ്രീ. കല്ലട മാഹിൻ**

**ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളുടെ ശല്യം പരിഹരിക്കുന്നതിനായി അവയെ വന്ധ്യംകരിച്ച് അനുയോജ്യമായ ഷെൽട്ടറുകളിൽ പാർപ്പിക്കണമെന്ന നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ;

(ബി) ഷെൽട്ടറുകൾക്കുള്ള സ്ഥല ലഭ്യത പ്രതികൂലമായി ബാധിക്കുന്നതായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ടോ;

(സി) വന്ധ്യംകരണത്തിനാവശ്യമായ ജീവനക്കാരുടെ കുറവ്, പരിപാലനച്ചെലവ് എന്നിവ പദ്ധതിയുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## തെരുവുനായ്ക്കളുടെ ആക്രമണം

321 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ആക്രമണം വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ തടയുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ;

(സി) എ.ബി.സി സെന്ററുകൾ സ്ഥാപിക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും, അക്രമകാരികളായ തെരുവുനായകളെ കൊല്ലുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) തൃശ്ശൂർ ജില്ലയിൽ പ്രസ്തുത പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## മാലിന്യ സംസ്കരണം

322 **ശ്രീ. ഉല്ലാസ് കോവൂർ**

**ശ്രീ. വിഷ്ണു മോഹൻ**

**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്ന വിവിധ മാലിന്യ സംസ്കരണ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഹരിതകർമ്മ സേന മുഖേനയുള്ള വാതിൽപ്പടി മാലിന്യ ശേഖരണം ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ട്; ഇതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ജൈവമാലിന്യ സംസ്കരണത്തിനായി തദ്ദേശ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെ (കമ്പോസ്റ്റ് ബിൻ, ബയോഗ്യാസ് പ്ലാന്റ് മുതലായവ) വിതരണം കാര്യക്ഷമമാണോയെന്ന് വ്യക്തമാക്കാമോ;

(ഡി) മാതൃകാപരമായ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക സാമ്പത്തിക സഹായമോ പ്രോത്സാഹനമോ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>വികസിത് ഭാരത് - ഗ്യാരന്റി ഫോർ റോസ്ഗർ ആൻഡ് ആജീവിക മിഷൻ (ഗ്രാമീൺ)</u>

323 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികസിത് ഭാരത് - ഗ്യാരന്റി ഫോർ റോസ്ഗർ ആൻഡ് ആജീവിക മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി നീർത്തടാടിസ്ഥാനത്തിൽ മണ്ണ് - ജല സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ, അഞ്ച് ഏക്കറിൽ കൂടുതൽ ഭൂമിയുള്ള കർഷകരുടെ ഭൂമിയിൽ പ്രവൃത്തികൾ നടത്തുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ മെറ്റീരിയൽ ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് അവിദഗ്ധ വേതനം നൽകുന്ന മാതൃകയിൽ മെറ്റീരിയലുകൾക്ക് ആവശ്യമായ തുക ട്രഷറി വഴി മുൻകൂറായി അനുവദിക്കുന്നതിന് ആലോചനയുണ്ടോ; ഫണ്ട് വൈകി എത്തുന്നതുമൂലം ഗ്രാമപഞ്ചായത്തുകൾക്ക് വിതരണക്കാരെ ലഭിക്കാതെ പ്രവൃത്തികൾ തടസ്സപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) 2026-27 കാലയളവിൽ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് അനുവദിച്ച വികസനഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ എത്ര വീതമാണെന്നും അനുവദിച്ച ഫണ്ടുകൾ സമയബന്ധിതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ഡി) കെട്ടിട നിർമ്മാണ പെർമ്മിറ്റ് ഫീസിൽ ഇളവ് വരുത്താൻ ആലോചനയുണ്ടോയെന്ന് വിശദമാക്കാമോ;

(ഇ) കെട്ടിട നിർമ്മാണ പെർമ്മിറ്റ് ഫീസ് മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രതിവർഷം ലഭിക്കുന്ന തുക എത്രയാണ് വിശദമാക്കാമോ;

(എഫ്) ഷൊർണ്ണൂർ മണ്ഡലത്തിലെ ഓരോ തദ്ദേശസ്ഥാപനങ്ങൾക്കും 2024-25, 2025-26, 2026-27 വർഷങ്ങളിൽ അനുവദിച്ച വികസന ഫണ്ട് എത്രയാണെന്ന് വിശദമാക്കാമോ?

**അത്തിപ്പറ്റ ഗ്യാസ് ക്രിമറ്റോറിയം**

324 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജക മണ്ഡലത്തിലെ അത്തിപ്പറ്റ ഗ്യാസ് ക്രിമറ്റോറിയം പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**സി.എം.എൽ.ആർ.ആർ.പി.-2.0 പദ്ധതിയിലുൾപ്പെട്ട റോഡിന്റെ പേരുമാറ്റം**

325 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 25/10/2025 തീയതിയിലെ സ.ഉ(കൈ)നം.193/2025/ എൽ.എസ്.ജി.ഡി, നമ്പർ പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ള നം. 4149 കൈനകരി കോയിക്കാട് പാലം മുതൽ അക്കരക്കുളം വരെ റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ പേര് നെടുമുടി ഗ്രാമപഞ്ചായത്ത് പുത്തൻകുളം മുതൽ അക്കരക്കുളം വരെ റോഡ് കോൺക്രീറ്റിംഗ് എന്ന് ഭേദഗതി ചെയ്യുന്നതിനുള്ള അപേക്ഷയിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) പേരു മാറ്റുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്നും നടപടിക്രമം പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**ടാറിന്റെ അമിതമായ വിലവർദ്ധനവ്**

326 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാറിന്റെ അമിതമായ വിലവർദ്ധനവ് കാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള റോഡ് ടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) തദ്ദേശറോഡുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ടാർ വിലയിലെ അന്തരം കരാറുകാർക്ക് കോമ്പൻസേറ്റ് ചെയ്യുന്നതിൽ വകുപ്പ് തലത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## ചക്കമ്പുറം - മണിമല-അത്താണിമുക്ക് റോഡ്

327 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ ചക്കമ്പുറം - മണിമല - അത്താണിമൊക്ക് റോഡ് നവീകരണത്തിനായി അനുവദിച്ച ഒരു കോടിയോളം രൂപയുടെ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും ഇത് എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

## മേരിഗിരി-രക്കാണ്ടി-പോത്ത്ചാടി റോഡ്

328 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ മേരിഗിരി-രക്കാണ്ടി-പോത്ത്ചാടി റോഡിന്റെ ഒരു കോടി രൂപയുടെ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതി

329 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചതും പൂർത്തീകരിച്ചതുമായ

പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാനുള്ളവയുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>തൊഴിലുറപ്പ് തൊഴിലാളികളും തൊഴിൽ ദിനവും</u>**

330 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ സമയത്ത് രജിസ്റ്റർചെയ്ത തൊഴിലാളികളുടെ എണ്ണം എത്രയാണെന്നും ഇപ്പോൾ ജോലി ചെയ്യുന്ന തൊഴിലാളികൾ എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) ഇവർക്ക് നൂറ് ദിവസം ജോലി നൽകാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ശരാശരി എത്ര ദിവസം ജോലി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ കേന്ദ്ര നിയമത്തിലെ ഭേദഗതി മൂലം ഈ പദ്ധതി തുടർന്ന് കൊണ്ടുപോകുവാൻ സാധിക്കുമോ; ഇതുമൂലം എന്തെല്ലാം വെല്ലുവിളികളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

**<u>ശുചീകരണത്തൊഴിലാളികൾക്കും ഹരിതകർമ്മസേന അംഗങ്ങൾക്കും ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ</u>**

331 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ ശേഖരണവും സംസ്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാർക്കും ഹരിതകർമ്മസേന അംഗങ്ങൾക്കും ആരോഗ്യപരമായ നിരവധി അപകടസാധ്യതകൾ നേരിടേണ്ടിവരുന്നതിനാൽ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇവർക്ക് തൊഴിൽജന്യ രോഗങ്ങൾക്കും അപകടങ്ങൾക്കും ചികിത്സാ പരിരക്ഷ ഉറപ്പാക്കുന്നതിനായി പ്രത്യേക നടപടി സ്വീകരിക്കുമോ?

**<u>എഞ്ചിനീയിംഗ് വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ</u>**

332 **ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയഭരണ വകുപ്പിന്റെ കീഴിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ (ഓവർസിയർ, എ.ഇ., എ.ഇ.ഇ., മറ്റ് വിഭാഗങ്ങൾ) എത്ര ഒഴിവുകളുണ്ടെന്ന് തസ്തിക, ജില്ല എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>പാലക്കാട് ജില്ലയിലെ പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിലെ ഒഴിവുകൾ</u>

333 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ എത്ര ഒഴിവുകൾ ഏതെല്ലാം തസ്തികകളിൽ ഉണ്ടെന്ന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ച് വിശദാശം ലഭ്യമാക്കാമോ?

<u>സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റം</u>

334 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അപേക്ഷയുടെ അടിസ്ഥാനത്തിൽ അല്ലാതെ തദ്ദേശസ്വയംഭരണ വകുപ്പിൽ എത്ര ജീവനക്കാരെ സ്ഥലം മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ മറ്റ് ജില്ലകളിലേക്കു എത്ര ജീവനക്കാരെ സ്ഥലം മാറ്റിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>തിരുവനന്തപുരം നഗരസഭയിലെ ഫാർമസിസ്റ്റ് തസ്തിക</u>

335 **ശ്രീ. സുധീർഷാ പാലോട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിൽ ഫാർമസിസ്റ്റ് തസ്തിക നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത തസ്തികയിൽ ജോലിചെയ്യുന്ന ഫാർമസിസ്റ്റിന്റെ പേര് വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഫാർമസിസ്റ്റ് എത്രകാലമായി തിരുവനന്തപുരം നഗരസഭയിൽ ജോലി ചെയ്തുവരുന്നുവെന്ന് വ്യക്തമാക്കാമോ; നഗരസഭയുടെ കീഴിൽ ഉണ്ടായിരുന്ന മാതൃശിശു കേന്ദ്രങ്ങൾ നാഷണൽ ഹെൽത്ത് മിഷന് കൈമാറിയ സാഹചര്യത്തിൽ ഫാർമസിസ്റ്റിന്റെ ജോലി എന്താണെന്ന

വ്യക്തമാക്കാമോ; കെ-സ്മാർട്ടിന്റെ ഭാഗമായ ഫയൽ ലോഗിൻ ഫാർമസിസ്റ്റിനു നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രത്യേക ജോലി നിശ്ചയിച്ചു നൽകിയിട്ടില്ലായെങ്കിൽ ഫാർമസിസ്റ്റിനെ നാഷണൽ ഹെൽത്ത് മിഷനു കീഴിൽ നിയമിക്കുന്നതിനു നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**പശ്ചിമ കൊച്ചിയിലെ വെള്ളക്കെട്ടും വഴിവിളക്കുകളുടെ പരിപാലനവും**

336 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമ കൊച്ചിയിലെ വെള്ളക്കെട്ടിന് ശാശ്വത പരിഹാരമായി കനാലുകളും കാനകളും പുനരുദ്ധരിക്കുന്നത് സംബന്ധിച്ച പഠന റിപ്പോർട്ടിന്മേൽ നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികളുടെ തൽസ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) ഫാദർ സെബാസ്റ്റ്യൻ തളിയത്ത് റോഡിലെ കാന, കവർ സ്ലാബ് എന്നിവയുടെ നിർമ്മാണത്തിന് സമർപ്പിച്ച ഒരു കോടി രൂപയുടെ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) സി.എസ്.എം.എൽ., കെ.എം.ആർ.എൽ. എന്നിവയുടെ സഹായത്തോടെയുള്ള വഴിവിളക്കുകളുടെ വാർഷിക പരിപാലന കരാറിനായി കൊച്ചി കോർപ്പറേഷൻ ക്ഷണിച്ച എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് നടപടികൾ പൂർത്തിയായി കരാർ നൽകിയിട്ടുണ്ടോ;

(ഡി) ഫോർട്ട് കൊച്ചി വാക്ക്‌വേ, ബീച്ച് പരിസരങ്ങളിൽ ലൈസൻസ് ദുരുപയോഗം ചെയ്ത് പ്രവർത്തിക്കുന്ന അനധികൃത വഴിയോരക്കടകൾ, പെട്ടിക്കടകൾ എന്നിവയ്ക്കെതിരെ കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**ഗ്രാമീണ റോഡുകൾക്കുണ്ടായ നാശനഷ്ടം**

337 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിലും അതിതീവ്ര മഴയിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലെ എത്ര ഗ്രാമീണ

റോഡുകൾക്ക് നാശനഷ്ടം സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണത്തിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക എത്രയാണെന്നും ഇതുവരെ ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ?

<u>വന്യമൃഗശല്യത്തിന് പരിഹാരം</u>

338 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗശല്യത്തിന് പരിഹാരം കാണുന്നതിന് വനാതിർത്തികളിൽ സോളാർ ഫെൻസിങ് ഉൾപ്പെടെയുള്ള പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുമ്പോൾ ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും ബന്ധപ്പെട്ട സ്ഥാപനത്തിന്റെ അനുമതിയോടെ തുക ചെലവഴിക്കുന്നതിന് അനുമതി നൽകുമോ; ഇല്ലെങ്കിൽ, അതിനുള്ള ഉത്തരവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുമോ;

(ബി) സോളാർ ഫെൻസിങ് ഉൾപ്പെടെയുള്ള പ്രതിരോധ സംവിധാനങ്ങളിൽ ചെടികളും വള്ളിപ്പടർപ്പുകളും കയറി പ്രവർത്തനം നിലയ്ക്കുന്ന സാഹചര്യത്തിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുമോ?

<u>വൈപ്പിൻ നിയമസഭാ മണ്ഡലത്തിലെ സമഗ്ര ദ്വീപ് വികസന പദ്ധതി</u>

339 **ശ്രീ. ടോണി ചമ്മണി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയമസഭാ മണ്ഡലത്തിലെ ദ്വീപ് പ്രദേശങ്ങളുടെ പ്രത്യേക ഭൂമിശാസ്ത്രവും ജനസാന്ദ്രതയും പരിഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് സമഗ്ര ദ്വീപ് വികസന പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

**നെടുമങ്ങാട് നഗരസഭയുടെ പേരിൽ സ്വാതന്ത്ര്യ സമര സ്മൃതി പാർക്കിനായി ഭൂമിവാങ്ങൽ**

340 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ സ്വാതന്ത്ര്യ സമര സ്മൃതി പാർക്ക് നിർമ്മിക്കുന്നതിനായി 2023 - 24 വർഷത്തെ ബജറ്റിൽ ആദ്യഘട്ടമായി അനുവദിച്ചിരുന്ന തുക വിനിയോഗിച്ച് നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ പേരിൽ വാങ്ങിയ ഭൂമിയുടെ വില ഭൂവുടമയ്ക്ക് നൽകിയോ; വ്യക്തമാക്കാമോ;

(ബി) ഭൂമിയുടെ വില കൈമാറുന്നതിന് വകുപ്പ് മുഖേന തയ്യാറാക്കി വന്ന പ്രൊപ്പോസൽ (ഫയൽ- ആർ.ഇ.1/384/2023-എൽഎസ്ജിഡി, കമ്പ്യൂട്ടർ നം. 2578833) നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രൊപ്പോസൽ ലഭ്യമായ സാഹചര്യത്തിൽ സമയബന്ധിതമായി തുക കൈമാറുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ഈ പ്രോജക്റ്റിന് രണ്ടാം ഘട്ടമായി ഭൂമി വാങ്ങുന്നതിന് 2024 - 25 സാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന അഞ്ചുകോടി രൂപയ്ക്ക് ഭരണാനുമതി നൽകിയോ; പ്രൊപ്പോസൽ ലഭിച്ചിരുന്നോ; വകുപ്പ് മുഖേന പ്രൊപ്പോസൽ ലഭ്യമാക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

**ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

341 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) G.O.(Ms)No.69/2026/LSGD Dated 04.03.2026 പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ(ഐ.കെ.എം. )ജീവനക്കാർക്ക് നടപ്പിലാക്കിയ ശമ്പള പരിഷ്കരണത്തിന്റെ വിശദാംശങ്ങൾ നല്കാമോ;

(ബി) 2017-ലെ ശമ്പള പരിഷ്കരണത്തിൽ ഐ.കെ.എം. ജീവനക്കാർക്ക് പേ ഫിക്സ് ചെയ്ത് നൽകുന്നതിനായി എന്തെല്ലാം മാനദണ്ഡങ്ങൾ ആണ് പരിഗണിച്ചിരുന്നത്; വിശദമാക്കാമോ;

(സി) മേൽ ഉത്തരവ് പ്രകാരം ശമ്പളം ഫിക്സ് ചെയ്തപ്പോൾ എന്തെല്ലാം മാനദണ്ഡങ്ങൾ ആണ് പരിഗണിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കുടിശ്ശിക വിതരണം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

**<u>നഗരസഭകളുടെയും കോർപ്പറേഷനുകളുടെയും പ്രത്യേക മാസ്റ്റർ പ്ലാൻ</u>**

342 **ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. സുധീർഷാ പാലോട്**

**ശ്രീ. രാജൻ. ജെ. പല്ലൻ**

**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെയും കോർപ്പറേഷനുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള പാർക്കുകൾ, പൊതുസ്ഥലങ്ങൾ, പൊതുമാർക്കറ്റുകൾ തുടങ്ങിയവ നവീകരിക്കുന്നതിനായി പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതമായ പൊതുസ്ഥലങ്ങൾ ഒരുക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ പ്രത്യേക പരിഗണന നൽകുമോയെന്ന് വ്യക്തമാക്കാമോ?

**<u>കിലയിലെ നിയമനം</u>**

343 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ (കില) കരാറടിസ്ഥാനത്തിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട്; അവരുടെ പേരു വിവരം, തസ്തിക, ശമ്പളം/ ഓണറേറിയം എന്നിവ എത്രയാണ്; ഓരോ തസ്തികയ്ക്കും മിനിമം ആവശ്യമുള്ള യോഗ്യതകൾ, പരിചയ സമ്പത്ത് എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ തസ്തികയ്ക്കും എഴുത്തു പരീക്ഷയും ഇന്റർവ്യൂവും നടത്തിയിരുന്നുവോ;

(സി) ഉണ്ടെങ്കിൽ ഒരോ തസ്തികയ്ക്കും ഉള്ള റാങ്ക് ലിസ്റ്റ് ഓരോരുത്തർക്കും ലഭിച്ച മാർക്ക് സഹിതം ലഭ്യമാക്കാമോ?

**പി.എം.ജി.എസ്.വൈ. പദ്ധതി**

344 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മട്ടന്നൂർ മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ള റോഡുകൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ?

കേരളനിയമസഭാ സെക്രട്ടേറിയറ്റ്,

തിരുവനന്തപുരം, **ഷാജി സി ബേബി**

2026 ഒക്ടോബർ 04, ഞായർ സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].